# സാന്ത്വനപ്രകാശം

പാലാ രൂപതാബുള്ളറ്റിൻ



Vol. LXXV June 2025 No. 6 ശ്ലീഹാക്കാലം




**പാലാ രൂപത മിഷനറി മഹാസംഗമം**
**പ്രവിത്താനം - 10 - 05- 2025**





ഹെവ്പ്പദ്യാക്ക്നാപ്പട്ടം സ്വീകരിച്ച രൂപതാ വൈദികവിദ്യാർത്ഥികൾ
അഭിവന്ദ്യ പിതാക്കന്മാരോടും വൈദികരോടുമൊപ്പം.



കാറോയപ്പട്ടം സ്വീകരിച്ച രൂപതാ വൈദികവിദ്യാർത്ഥികൾ
അഭിവന്ദ്യ പിതാക്കന്മാരോടും, വൈദികരോടുമൊപ്പം



വൈദികവസ്ത്രം സ്വീകരിച്ച രൂപതാ വൈദികവിദ്യാർത്ഥികൾ
അഭിവന്ദ്യ പിതാക്കന്മാരോടും വൈദികരോടുമൊപ്പം








ഉഹ്ദാന ക്വിസ് വിജയികൾക്കൊപ്പം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്



എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ ധന്യൻ കദളിക്കാട്ടിൽ മത്തായിയച്ചന്റെ
ചരമത്തിന്റെ 90–ാം വാർഷികദിനത്തിൽ അഭിവന്ദ്യ
മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് കബറിടത്തിങ്കൽ പ്രാർത്ഥിക്കുന്നു.



പാലാ രൂപത സൺഡേസ്കൂൾ
അധ്യാപകർക്കായി നടത്തിയ
നിഖ്യാ സുനഹദോസിന്റെ 1700–ാമത്
വാർഷികസിമ്പോസിയം അഭിവന്ദ്യ
മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്
ഉദ്ഘാടനം ചെയ്തു സന്ദേശം നൽകുന്നു







2015 മുതൽ വൈദികപട്ടം സ്വീകരിച്ചിട്ടുള്ള ബഹു. വൈദികർക്ക്
അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചുനടന്ന
ഓൺഗോയിങ് ഫോർമേഷനിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്
സന്ദേശം നൽകുന്നു.



കത്തോലിക്കാ കോൺഗ്രസ്
രൂപീകൃതമായതിന്റെ 107–ാം
വാർഷികം കൊഴുവനാലിൽ
അഭിവന്ദ്യ മാർ ജോസഫ്
കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം
ചെയ്യുന്നു.







രൂപതാ മൈനർ സെമിനാരിയുടെ പുതിയ അധ്യയനവർഷാരംഭം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് വി. കുർബാനയർപ്പിച്ചു
സന്ദേശം നൽകി.

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാബുള്ളറ്റിൻ

JUNE 2025
Vol. LXXV No. 6

# CONTENTS

ഇടയലേഖനം - 84 ........ 355

സർക്കുലർ - 333 ........ 362

അറിയിപ്പ് ........ 368

വാർത്തകൾ ........ 372

അഭിവന്ദ്യപിതാവിന്റെ ഡയറി ........ 402

ഇടയലേഖനം –84

# വിശ്വാസപരിശീലനം നമ്മെ ദൈവികപദ്ധതിയോട് ഐക്യപ്പെടുത്തുന്നു

ബിഷപ് ജോസഫ് കല്ലറങ്ങാട്ട്

**രൂപതയിലെ വൈദികർക്കും
സന്ന്യാസിനീസന്ന്യാസികൾക്കും
വിശ്വാസികൾ ഏവർക്കും എഴുതുന്നത്:
നമ്മുടെ കർത്താവീശോമിശിഹായിൽനിന്നു കൃപയും
സമാധാനവും നിങ്ങൾക്കുണ്ടായിരിക്കട്ടെ.**

കർത്താവേ, ഞങ്ങൾ ആരുടെ അടുത്തേക്കു പോകും?
നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്. (യോഹ 6.68)

നാം ഒരു പുതിയ വിശ്വാസപരിശീലനവർഷത്തിലേക്കു പ്രവേശിക്കുന്ന അവസരമാണല്ലോ ഇത്. മാമ്മോദീസാ സ്വീകരിച്ച ഏതൊരു വ്യക്തിക്കും ദൈവമക്കൾക്കുചിതമായ ജീവിതം നയിക്കുവാനും തന്റെ ജീവിതത്തിലൂടെ ഈശോയെ സാക്ഷ്യപ്പെടുത്തുവാനും കടമയും അവകാശവുമുണ്ട്. ഇത് സാക്ഷാത്കരിക്കുന്നതിന് ദൈവം ഓരോരുത്തർക്കായി ഒരുക്കിയിരിക്കുന്ന ദൈവികപദ്ധതി കണ്ടെത്തുകയും അതിനനുസരിച്ചു ജീവിക്കുകയും വേണം. അങ്ങനെ ദൈവം നമ്മിൽനിന്ന് ആവശ്യപ്പെടുന്ന ഒരു ജീവിതശൈലി നാം രൂപപ്പെടുത്തണം. അതിനു നമ്മെ സഹായിക്കുന്നതും ഒരുക്കുന്നതും രൂപപ്പെടുത്തുന്നതും വിശ്വാസപരിശീലനമാണ്. അതുകൊണ്ടുതന്നെയാണ് വിശ്വാസപരിശീലനം മറ്റെല്ലാ പരിശീലനത്തെയുംകാൾ പരമപ്രധാനമായിരിക്കുന്നത്.

ഈശോ തന്റെ ജീവിതംവഴി എങ്ങനെയാണ് പിതാവിന്റെ പദ്ധതി പൂർത്തീകരിച്ചതെന്ന് യോഹന്നാൻ സുവിശേഷകൻ സാക്ഷ്യപ്പെടുത്തുന്നു: "അവിടുന്ന് എന്നെ ഏൽപ്പിച്ച ജോലി പൂർത്തിയാക്കിക്കൊണ്ട് ഭൂമിയിൽ അവിടുത്തെ ഞാൻ മഹത്ത്വപ്പെടുത്തി"(യോഹ. 17:4). ഓരോരുത്തർക്കും ദൈവം നൽകിയിട്ടുള്ള ഈ ജോലി തിരിച്ചറിഞ്ഞ് ആ ജോലിയാണ് പൂർണമായും പൂർത്തീകരിക്കേണ്ടത്. 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' എന്ന അപ്പസ്തോലിക ഉദ്ബോധനത്തിൽ ഫ്രാൻസിസ് പാപ്പാ പറയുന്നു: "അവരവർക്കുവേണ്ടി ഉദ്ദേശിച്ചിട്ടില്ലാത്ത ചിലത് അനുകരിക്കാൻ പ്രത്യാശയില്ലാതെ ശ്രമിക്കുന്നതിനേക്കാൾ പ്രധാന കാര്യം, ഓരോ വിശ്വാസിയും അവന്റെ അല്ലെങ്കിൽ അവളുടെ സ്വന്തം പാത വിവേചിച്ചറിയുകയാണ്. അവരുടെ ഹൃദയങ്ങളിൽ ദൈവം നിക്ഷേപിച്ചിട്ടുള്ള ഏറ്റവും വ്യക്തിപരമായ ദാനങ്ങൾ (1 കോറി. 12:7) പുറത്തുകൊണ്ടുവരിക എന്നതാണ് അവരെ സംബന്ധിച്ച് ഏറ്റവും ശ്രേഷ്ഠമായിട്ടുള്ളത്" (ആനന്ദിച്ച് ആഹ്ലാദിക്കുവിൻ 11). ഈശോയിൽ കേന്ദ്രീകൃതമായ കുടുംബജീവിതം നയിച്ചുകൊണ്ട് ഓരോ കുഞ്ഞിനും അനുയോജ്യമായ ദൈവികമാർഗം ചൂണ്ടിക്കാണിച്ചു കൊടുക്കേണ്ട കടമ മാതാപിതാക്കൾക്കുണ്ട്. ഇത്, പ്രാരംഭവിശ്വാസപരിശീലകരായ മാതാപിതാക്കൾ സന്തോഷത്തോടെ നിർവഹിക്കണം. അമ്മയുടെ ഉദരത്തിലുരുവാകുന്നതിനുമുമ്പേതന്നെ ദൈവം ഓരോ കുഞ്ഞിനും ഓരോ നിയോഗങ്ങൾ നൽകിയിരിക്കുന്നു. ജെറെമിയ പ്രവാചകൻ ഇക്കാര്യം വ്യക്തമാക്കുന്നു: മാതാവിന്റെ ഉദരത്തിൽ നിനക്കു രൂപം നല്കുന്നതിനു മുമ്പേ ഞാൻ നിന്നെ അറിഞ്ഞു. ജനിക്കുന്നതിനുമുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു; ജനതകൾക്കു പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു (ജെറമിയ 1:5).

നമ്മുടെ കുഞ്ഞുങ്ങൾ പൂർണമായ ദൈവാശ്രയബോധത്തിൽ വളർന്നുവരണം. ബുദ്ധികൊണ്ടും യുക്തികൊണ്ടും എല്ലാം പഠിക്കാം, വിശദീകരിക്കാം എന്നുള്ള ചിന്ത അഹന്തയും ശരിയായ അറിവില്ലായ്മയുമാണു കാണിക്കുന്നത്. ഫ്രാൻസിസ്

പാപ്പാ പഠിപ്പിക്കുന്നു: "എല്ലാ ചോദ്യത്തിനും ആർക്കെങ്കിലും ഉത്തരമുണ്ടെങ്കിൽ, അവർ ശരിയായ പാതയിലല്ല എന്നതിന്റെ ഒരടയാളമാണത്. അവർ സ്വന്തം ലക്ഷ്യങ്ങൾക്കുവേണ്ടി, മനഃശാസ്ത്രപരമോ ബൗദ്ധികമോ ആയ അവരുടെ സിദ്ധാന്തങ്ങൾ പ്രോത്സാഹിപ്പിക്കാൻവേണ്ടി, മതത്തെ ഉപയോഗിക്കുന്ന വ്യാജപ്രവാചകരായിരിക്കാം. ദൈവം അനന്തമായി നമുക്ക് അതീതനാണ്; അവിടുന്ന് വിസ്മയങ്ങൾകൊണ്ടു നിറഞ്ഞിരിക്കുന്നു"(ആനന്ദിച്ച് ആഹ്ലാദിക്കുവിൻ). ഈ ലോകത്തിനു പ്രിയപ്പെട്ട പണം, അധികാരം, സ്വാധീനം, സ്ഥാനമാനങ്ങൾ എന്നിവയെക്കാൾ വിലപ്പെട്ടത് ദൈവകൃപയാണെന്ന തിരിച്ചറിവ് വിശ്വാസപരിശീലനത്തിലൂടെ നമുക്കു സംലബ്ധമാകണം. പൗലോസ്ശ്ലീഹാ നമ്മെ ഓർമിപ്പിക്കുന്നു: "മനുഷ്യന്റെ ആഗ്രഹമോ പ്രയത്നമോ അല്ല, ദൈവത്തിന്റെ ദയയാണ് എല്ലാറ്റിന്റെയും അടിസ്ഥാനം"(റോമാ 9:16).

വിശ്വാസപരിശീലനംവഴി നമ്മുടെ കുഞ്ഞുങ്ങൾ സ്വർഗ്ഗത്തെ നോക്കി ജീവിക്കുന്നവരാകണം. പിതാക്കന്മാർ നമ്മെ ഓർമിപ്പിക്കുന്നുണ്ടല്ലോ സ്വർഗമാണ് നമ്മുടെ തുറമുഖമെന്ന്. ആകയാൽ, നമ്മുടെ ജീവിതത്തിലെ മുൻഗണനകൾ സ്വർഗത്തെ മുൻനിർത്തിയുള്ളതാകണം.

മറ്റെല്ലാ പഠനങ്ങളെയുംകാൾ നമുക്കു പ്രാധാന്യമുള്ളത് വിശ്വാസപരിശീലനക്ലാസ്സുകളിലെ പഠനങ്ങളാകണം. ഈ കാലഘട്ടത്തിൽ നമ്മുടെ മുൻഗണനകൾക്കു മാറ്റം വരുന്നുണ്ടോയെന്നു നാം ആത്മാർഥമായി പരിശോധിക്കണം. സാധാരണ സ്കൂളുകളിലെ പഠനത്തിനാണോ നാം കൂടുതൽ പ്രാധാന്യം നൽകുന്നത്? എല്ലാ ദിവസവും കുട്ടികളെ സ്കൂളിൽ അയയ്ക്കുന്നതിനുമുമ്പ് പ്രത്യേക ട്യൂഷനു വിടുന്നവരുണ്ട്. സ്കൂളിൽ രാവിലെ തുടങ്ങുന്ന പഠനം വൈകുന്നേരം അവസാനിക്കുമ്പോൾ വീണ്ടും അവർക്കു ട്യൂഷൻ നൽകുന്നവരുണ്ട്. ഇതെല്ലാം മാതാപിതാക്കൾക്കു വലിയ താത്പര്യമാണ്. ഇക്കാര്യങ്ങളെ ഒന്നും തള്ളിപ്പറയാതെതന്നെ നമ്മോടുതന്നെ നാം ചില ചോദ്യങ്ങൾ ചോദിക്കണം.

1. വിശ്വാസോത്സവദിനങ്ങളിൽ രാവിലെ ഒമ്പതരമുതൽ വൈകുന്നേരം മൂന്നേമുക്കാൽവരെ പള്ളിയിൽ പല കാര്യങ്ങൾ പഠിക്കുന്നതിനും പ്രാർഥിക്കുന്നതിനും ചെലവഴിക്കുന്നതിൽ നമുക്ക് എത്രമാത്രം താത്പര്യമുണ്ട്?

2. വിശ്വാസോത്സവദിനങ്ങൾ കുട്ടികൾക്ക് ഏറ്റവും അനുഗ്രഹ പ്രദമാക്കിത്തീർക്കാൻ നാം പരമാവധി അധ്വാനിക്കുന്നുണ്ടോ?

3. ഞായറാഴ്ചത്തെ വിശ്വാസപരിശീലനക്ലാസ്സുകൾ എത്രമാത്രം തീക്ഷ്ണതയോടും ഉത്സാഹത്തോടും താത്പര്യത്തോടും കൂടിയാണ് നാം നടത്തുന്നത്?

4. മറ്റെല്ലാ പരിശീലനത്തെയും പഠനത്തെയുംകാൾ പ്രാധാന്യം വിശ്വാസപരിശീലനത്തിനും വിശ്വാസസംബന്ധമായ പഠന ങ്ങൾക്കുമാണോ നാം നൽകുന്നത്?

മേല്പറഞ്ഞ ചോദ്യങ്ങൾക്കു സത്യസന്ധമായ ഉത്തരം കണ്ടെത്തുന്നെങ്കിൽ വേണ്ടത്ര തിരുത്തലുകൾ വരുത്താൻ നമുക്കു സാധിക്കും. 'മതബോധനം ഇന്ന്' എന്ന അപ്പസ്തോ ലികപ്രബോധനത്തിൽ വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ പറയുന്നു: "ശരിയായ വിധം മതബോധനം നടക്കുകയാണെ ങ്കിൽ ക്രൈസ്തവർ തങ്ങളുടെ വിശ്വാസത്തിനു സാക്ഷ്യം വഹി ക്കാനും ആ വിശ്വാസത്തെ തങ്ങളുടെ കുട്ടികൾക്കുപകർന്നു കൊടുക്കാനും മറ്റുള്ളവരെ അത് അറിയിക്കാനും എല്ലാ വിധ ത്തിലും മനുഷ്യസമൂഹത്തിനു സേവനം ചെയ്യാനും ഉത്സുക രായിരിക്കും" (NO.24).

വിശ്വാസപരിശീലകർ ഈശോയുടെ ശിഷ്യരെപ്പോലെ യാകണം. ശിഷ്യന്മാർ ഈശോയുടെ സുവിശേഷത്തിന്റെ വക്താക്കളായപ്പോൾ ഈശോയെപ്രതി ജീവൻ സമർപ്പിക്കുന്ന തിനു തയ്യാറായി. ജീവനേക്കാൾ അധികം അവർ ഈശോയെ സ്നേഹിച്ചു. ആദിമസഭയിലെ രക്തസാക്ഷികളായ പിതാക്കന്മാർ അവരുടെ ജീവിതംവഴി ഈ സത്യം സാക്ഷ്യപ്പെടുത്തി. അന്ത്യോ ക്യായിലെ വി. ഇഗ്നേഷ്യസ് റോമാക്കാർക്കെഴുതി: "ഞാൻ ദൈവത്തിന്റെ ഗോതമ്പാണ്, സിംഹങ്ങളുടെ പല്ലുകൊണ്ട് ഞാൻ ചവച്ചരയ്ക്കപ്പെട്ട് ക്രിസ്തുവിനുവേണ്ടിയുള്ള പരിശുദ്ധ

അപ്പമായിത്തീരും.'' റോമിലെ കൊളോസിയത്തിൽ പട്ടിണിക്കിട്ടിരുന്ന വന്യമൃഗങ്ങളുടെ മുമ്പിൽ എറിഞ്ഞുകൊടുക്കപ്പെട്ടപ്പോൾ മേലുദ്ധരിച്ച വാക്കുകൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ അന്വർഥമായി.

നമ്മുടെ കുഞ്ഞുങ്ങൾ വിശ്വാസത്തിന്റെ ധീരസാക്ഷികളായി വളരാൻ തക്കവണ്ണം കുടുംബങ്ങളിലും വിശ്വാസപരിശീലനവേദികളിലും അവർ പരിശീലിപ്പിക്കപ്പെടണം. വി. ജോൺപോൾ രണ്ടാമൻ മാർപാപ്പാ ഉദ്ബോധിപ്പിക്കുന്നു: ''വിശ്വാസത്തിലുള്ള അഭ്യസനം കുഞ്ഞുങ്ങളുടെ കുരുന്നുപ്രായത്തിൽത്തന്നെ ആരംഭിക്കണം. ഒരു കുടുംബത്തിലെ അംഗങ്ങൾ തങ്ങളുടെ ക്രിസ്തീയജീവിതസാക്ഷ്യംവഴി വിശ്വാസത്തിൽ വളരുന്നതിനു പരസ്പരം സഹായിക്കുമ്പോൾ ഈ അഭ്യസനം കുഞ്ഞുങ്ങൾക്കു ലഭിച്ചുതുടങ്ങുന്നു. പലപ്പോഴും വാക്കുകളിലല്ല; പിന്നെയോ, സുവിശേഷാനുസൃതമായി നയിക്കുന്ന ദൈനംദിനജീവിതത്തിലുടനീളമാണ് ഇത്തരം സാക്ഷ്യം നടന്നുകൊണ്ടിരിക്കുന്നത്. കുടുംബത്തിൽ പ്രധാന സംഭവങ്ങൾ (കൂദാശയുടെ സ്വീകരണം, വലിയ തിരുനാളാഘോഷങ്ങൾ, ജനനം, മരണം, എന്നിവ) നടക്കുമ്പോൾ അവയുടെ ക്രിസ്തീയമോ മതപരമോ ആയ അർഥം വീട്ടിൽവച്ചു വിശദീകരിക്കാൻ ശ്രദ്ധിക്കുകയാണെങ്കിൽ ഈ മതബോധനം കൂടുതൽ മൂർച്ചയുള്ളതായിരിക്കും. പക്ഷേ, ഇതുകൊണ്ടു മതിയാകുന്നില്ല. ക്രിസ്തീയമാതാപിതാക്കൾ തങ്ങൾക്കു മറ്റിടങ്ങളിൽനിന്നു ലഭിച്ചിട്ടുള്ള ക്രമാനുഗതമായ പഠനം കുടുംബവേദിയിൽ അനുവർത്തിക്കാനും ആവർത്തിക്കാനും ബദ്ധശ്രദ്ധരായിരിക്കണം'' (മതബോധനം ഇന്ന് 680).

ഏതുവിധത്തിലുള്ള പരിശീലനംവഴിയാണെങ്കിലും ഈശോ നമ്മുടെ ജീവിതത്തിൽ എല്ലാമായിത്തീരണം. പൗലോസ് ശ്ലീഹാ തന്റെ അനുഭവത്തിലൂടെ പഠിപ്പിക്കുന്നു; ''...എന്റെ കർത്താവായ ഈശോമിശിഹായെപ്പറ്റിയുള്ള ജ്ഞാനം കൂടുതൽ വിലയുള്ളതാകയാൽ, സർവവും നഷ്ടമായിത്തന്നെ ഞാൻ പരിഗണിക്കുന്നു. അവനെപ്രതി ഞാൻ സകലവും നഷ്ടപ്പെടുത്തുകയും ഉച്ഛിഷ്ടംപോലെ കരുതുകയുമാണ്. ഇത് മിശി

ഹായെ നേടുന്നതിനും അവനോടുകൂടെ ഒന്നായി കാണപ്പെടുന്നതിനുംവേണ്ടിയത്രേ''(ഫിലി. 3:8-9). ഈശോയെ നേടുന്നതിനും അവനോട് ഐക്യപ്പെടുന്നതിനും തടസ്സമായിട്ടുള്ള സകലതിനെയും അതിജീവിക്കാനുള്ള പരിശുദ്ധാത്മ ശക്തിയാണ് വിശ്വാസപരിശീലനംവഴി നാം സ്വായത്തമാക്കേണ്ടത്.

ഏറ്റവും സ്നേഹമുള്ള സഹശുശ്രൂഷകരായ വൈദികരേ, നിങ്ങളുടെ മഹനീയശുശ്രൂഷകളെപ്രതി ഞാൻ നിങ്ങളെ അനുമോദിക്കുന്നു. അപ്പസ്തോലപ്രവർത്തനങ്ങളിലെ ഏതാനും വചനങ്ങൾ നിങ്ങളെ അനുസ്മരിപ്പിച്ചുകൊള്ളട്ടെ. ''നിങ്ങളെയും അജഗണം മുഴുവനെയുംപറ്റി നിങ്ങൾ ജാഗരൂകരായിരിക്കുവിൻ. കർത്താവ് സ്വന്തം രക്തത്താൽ നേടിയെടുത്ത ദൈവത്തിന്റെ സഭയെ പരിപാലിക്കാൻ പരിശുദ്ധാത്മാവ് നിയോഗിച്ചിരിക്കുന്ന അജപാലകരാണു നിങ്ങൾ'' (അപ്പ. 20:28). വിശ്വാസപരിശീലകരായ പ്രിയസഹോദരരേ, നിങ്ങളുടെ ത്യാഗനിർഭരമായ ശുശ്രൂഷയെപ്രതി ഞാൻ നിങ്ങൾക്കു നന്ദിപറയുന്നതിനോടൊപ്പം, വി. ജോൺപോൾ രണ്ടാമൻ മാർപാപ്പായുടെ വാക്കുകൾ നിങ്ങളെപ്രതി ഞാൻ എഴുതുന്നു: ''നിങ്ങളുടെ ജോലി പലപ്പോഴും എളിയതും അറിയപ്പെടാത്തതുമാണ്. എന്നാൽ, തീവ്രവും ഉദാരവുമായ തീക്ഷ്ണതയോടുകൂടിയാണ് അതു നിർവ്വഹിക്കപ്പെടുന്നത്'' (മതബോധനം ഇന്ന് 66).

സ്നേഹമുള്ള മാതാപിതാക്കളേ, നിങ്ങളുടെ ആത്മാർത്ഥമായ സഹകരണങ്ങൾക്കു ഞാൻ നന്ദി പറയുന്നു. നമ്മുടെ ''മക്കൾ കർത്താവിന്റെ ദാനമാണ്. ഉദരഫലം ഒരു സമ്മാനവും'' (സങ്കീ : 127:3). നമ്മുടെ മക്കളെക്കുറിച്ചോർക്കുമ്പോൾ എനിക്കു നിങ്ങളെ അനുസ്മരിപ്പിക്കാനുള്ളത് ഭാഗ്യസ്മരണാർഹനായ ഫ്രാൻസിസ് പാപ്പായുടെ വാക്കുകളാണ്: ''നമ്മുടെ കുഞ്ഞുങ്ങൾ ശാരീരികമായി എവിടെയാണെന്നോ ഒരു നിശ്ചിതസമയത്ത് അവർ ആരുടെ കൂടെയാണെന്നോ ഉള്ളതല്ല; മറിച്ച്, അവർ നിലപാടുകളിൽ എവിടെയാണെന്നതാണ്; തങ്ങളുടെ ബോധ്യങ്ങളുടെയും ലക്ഷ്യങ്ങളുടെയും ആഗ്രഹങ്ങളുടെയും സ്വപ്ന

ങ്ങളുടെയും കാര്യത്തിൽ അവർ എവിടെ നിൽക്കുന്നു എന്ന താണ് യഥാർത്ഥ ചോദ്യം. നമ്മുടെ കുഞ്ഞുങ്ങൾ തങ്ങളുടെ യാത്രയിൽ യഥാർഥത്തിൽ എവിടെയാണെന്നു നാം ശരിക്കും അറിയുന്നുണ്ടോ?'' (സ്നേഹത്തിൽ ആനന്ദം 261). പ്രിയപ്പെട്ട വരേ, നിങ്ങളായിരിക്കണം നിങ്ങളുടെ കുഞ്ഞുങ്ങളെ ഏറ്റം നന്നായി അറിയുന്നവർ.

ഈശോയിൽ ഏറ്റവും വാത്സല്യമുള്ള കുഞ്ഞുമക്കളേ, ഈ ലോകത്തിൽ നിങ്ങളെ ഏറ്റവും സ്നേഹിക്കുന്നവർ നിങ്ങളുടെ മാതാപിതാക്കളാണ്. അവരെ നിങ്ങൾ ഒരിക്കലും ദുഃഖിപ്പിക്കരുത്. നിങ്ങൾ ഈശോയുടെ സ്വന്തമാണെന്നുള്ള ബോധ്യത്തിൽ വളർന്നുവരണം. ഈശോ കാണിച്ചുതരുന്ന വഴിയേ മുന്നേറണം. ശിക്ഷണം ലഭിക്കുമ്പോഴും മാതാപിതാ ക്കളുടെയും ഗുരുക്കന്മാരുടെയും സ്നേഹം മനസ്സിലാക്കണം. പ്രഭാഷകന്റെ വചസ്സുകൾ സ്നേഹപൂർവ്വം കേൾക്കുക: ''പുത്രനെ സ്നേഹിക്കുന്നവൻ അവനെ പലപ്പോഴും അടി ക്കുന്നു. വളർന്നുവരുമ്പോൾ അവൻ പിതാവിനെ സന്തോഷി പ്പിക്കും. മകനെ ശിക്ഷണത്തിൽ വളർത്തുന്നവന് അവൻമൂലം നന്മയുണ്ടാകും; സ്നേഹിതരുടെ മുമ്പിൽ അവന് അഭിമാ നിക്കാം'' (പ്രഭാഷകൻ 30: 1-2).

സ്നേഹമുള്ളവരേ, ഈ പുതിയ വിശ്വാസപരിശീലനവർഷം നിങ്ങൾക്ക് വലിയ അനുഗ്രഹത്തിന്റെ വർഷമായിരിക്കട്ടെ. ഈശോയിൽ നിങ്ങൾ ആത്മീയമായി ശക്തിപ്രാപിക്കുവിൻ. അവിടുത്തെ കൃപയിൽ അനുദിനം വളർന്നുവരുവിൻ. ഈശോയാകട്ടെ നിങ്ങളുടെ യഥാർത്ഥ ലഹരി.

മിശിഹായിൽ സ്നേഹപൂർവം

+ Jos Kallarangatt

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

മെത്രാസനമന്ദിരം
പാലാ, 21.05.2025

NB : ഈ ഇടയലേഖനം 2025 ജൂൺ 1-ാം തീയതി ഞായറാഴ്ച എല്ലാ പള്ളിക ളിലും സ്ഥാപനങ്ങളിലും വിശുദ്ധ കുർബാനമദ്ധ്യേ വായിക്കാൻ നല്കപ്പെട്ടത്.

സർക്കുലർ -333

## കുടുംബസംഗമം - 2025

ആഗോളകത്തോലിക്കാസഭയുടെ 267-മത് മാർപാപ്പ ആയി ലെയോ പതിന്നാലാമൻ മാർപാപ്പ തിരഞ്ഞെടുക്കപ്പെട്ട പ്പോൾ, 'നിങ്ങൾക്ക് എല്ലാവർക്കും സമാധാനം ഉണ്ടാകട്ടെ' എന്നാ യിരുന്നു അദ്ദേഹത്തിന്റെ ആദ്യ ആശംസ. ആട്ടിൻകൂട്ടത്തിനു വേണ്ടി ജീവൻ നൽകിയ നല്ല ഇടയനായ, ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ ആദ്യ ആശംസയാണിത്. സമാധാനത്തിന്റെ ഈ ആശംസ നിങ്ങളോരോരുത്തരുടെയും ഹൃദയത്തിലേക്കും കുടും ബങ്ങളിലേക്കും എത്തിച്ചേരട്ടെ എന്നു പ്രാർത്ഥിക്കുന്നു.

കുടുംബം ജീവനുള്ള ബന്ധങ്ങളുടെ ഒരു വിദ്യാലയമാ ണ്. സമൂഹത്തിന്റെ ഏറ്റവും അടിസ്ഥാനപരമായ ഘടകമാണ് കുടുംബം. അത് ഒരു ചെറിയ സഭയാണ്, ഒരു ഗാർഹികസഭ. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 2685 ൽ നാം ഇപ്ര കാരം വായിക്കുന്നു: പ്രാർഥനയിൽ പരിശീലനം നേടാനുള്ള ആദ്യത്തെ വേദിയാണു ക്രൈസ്തവകുടുംബം. വിവാഹം എന്ന കൂദാശയുടെ അടിസ്ഥാനത്തിൽ ദൈവമക്കൾ 'സഭയായി' പ്രാർഥിക്കാനും പ്രാർഥനയിൽ നിലനിൽക്കാനും പഠിക്കുന്ന 'ഗാർഹികസഭ'യാണ് കുടുംബം. അതിന്റെ പ്രകാശം മറ്റുള്ള വരെ വിശ്വാസത്തിന്റെയും ദാനത്തിന്റെയും പ്രത്യാശയുടെയും ഒരു കൂട്ടായ്മയിലേക്കു ക്ഷണിക്കണം. ഏതെങ്കിലുമൊരു കുടും ബത്തിലെ അംഗമായിരുന്നുകൊണ്ടാണ് സഭയിലും സമൂഹ ത്തിലും നാം അംഗങ്ങളായിരിക്കുന്നത്. മനുഷ്യൻ ജനിക്കുന്നതും ജീവിക്കുന്നതും മാനുഷികമൂല്യങ്ങൾ അഭ്യസിക്കുന്നതും കുടും ബത്തിലാണ്. സ്നേഹവും ശുശ്രൂഷയും കരുണയും പരിഗണ നയും ക്ഷമയുമൊക്കെ എന്താണെന്ന് മനുഷ്യർ അനുഭവിച്ചറി യുന്നതും കുടുംബത്തിൽനിന്നാണ്.

കുടുംബത്തിൽ ആരംഭിച്ച്, മറ്റുള്ളവരിലേക്ക് എത്തിക്കേണ്ട ഒരു പ്രധാന പുണ്യമാണ് സമാധാനം. സമാധാ

നത്തിന്റെയും പ്രത്യാശയുടെയും വിത്തുകൾ പാകുന്നതും മുളയ്ക്കുന്നതും കുടുംബങ്ങളിലാണ്. ഈ പാകലും-മുളയ്ക്കലും ശരിയായ രീതിയിൽ കുടുംബത്തിൽ നടന്നാൽമാത്രമേ ഭൂമിയുടെ ഏത് അതിർത്തിയിൽ പോയാലും നന്നായി വളരാനും ഫലം ചൂടുവാനും സാധിക്കുകയുള്ളൂ.

ദാമ്പത്യബന്ധത്തെക്കുറിച്ചും കുടുംബജീവിതത്തെക്കുറിച്ചുമുള്ള പരാമർശം ബൈബിളിന്റെ ആദ്യഭാഗത്തുതന്നെ കാണാം.

'പുരുഷനും സ്ത്രീയുമായി അവരെ സൃഷ്ടിച്ചു. ദൈവം അവരെ അനുഗ്രഹിച്ചു. അവരോട് അരുൾ ചെയ്തു, നിങ്ങൾ വർധിച്ചു പെരുകുവിൻ; ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ (ഉത്പ 1, 27-28). ദൈവത്താൽ അനുഗ്രഹിക്കപ്പെട്ട സ്ത്രീ പുരുഷബന്ധത്തിൽ സന്താനങ്ങൾക്കു ജന്മം നൽകി ജീവിക്കുകയെന്നതാണ് കുടുംബജീവിതത്തെക്കുറിച്ചു ബൈബിൾ നൽകുന്ന പ്രഥമചിത്രം. ഈ ബന്ധം ഭാര്യാഭർത്താക്കൻമാർ തമ്മിലും അവരുടെ മക്കൾ തമ്മിലുമുള്ള അഗാധവും വിശ്വസ്തവുമായ സ്നേഹത്തിലും ഐക്യത്തിലും ഉറപ്പിക്കപ്പെട്ടതായിരിക്കണമെന്നത് ദൈവഹിതമാണ്.

കുടുംബങ്ങൾ അനുഭവിക്കുന്ന സ്നേഹത്തിന്റെ ആനന്ദം സഭയുടെ ആനന്ദമാണ് എന്നു പറഞ്ഞുകൊണ്ടാണ് ഫ്രാൻസീസ് മാർപാപ്പ 'സ്നേഹത്തിന്റെ ആനന്ദം' എന്ന ശ്ലൈഹികപ്രബോധനം ആരംഭിക്കുന്നത്. ഈ ആനന്ദം കുടുംബങ്ങളിൽനിന്നു നഷ്ടമാകുവാൻ ഒരിക്കലും പാടില്ല; നേരേ മറിച്ച്, കുടുംബത്തിന്റെ ആനന്ദവും സഭയുടെ ആനന്ദവും അതിന്റെ പൂർണ്ണതയിൽ എത്തിച്ചേരണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. വി. ചാവറയച്ചൻ 150 വർഷങ്ങൾക്കുമുമ്പ് പറഞ്ഞു: 'നല്ല ക്രിസ്തീയകുടുംബം ഭൂമിയിൽ ആകാശമോക്ഷത്തിന്റെ സാദൃശ്യമാണ്.' ജീവിതത്തിൽ എന്തുതന്നെ നേടാൻ കഴിഞ്ഞാലും സ്വന്തം കുടുംബത്തോടൊപ്പം ആഹ്ലാദം പങ്കുവ

യ്ക്കാൻ കഴിയുന്നില്ലെങ്കിൽ ആ വിജയങ്ങളുടെയും നേട്ടങ്ങളുടെയും തിളക്കം കുറയുകതന്നെ ചെയ്യും.

ഭൂമിയിലെ സ്വർഗമാകേണ്ട നമ്മുടെ കുടുംബങ്ങൾ ധാർമികവും സാംസ്കാരികവും സാമൂഹികവും സാമ്പത്തികവുമായ നിരവധി പ്രതിസന്ധികളെയും വെല്ലുവിളികളെയും നേരിട്ടുകൊണ്ടിരിക്കുകയാണ്. പുത്തൻ സംസ്കാരവും സമകാലീനചിന്താഗതികളും പലപ്പോഴും കത്തോലിക്കാവിശ്വാസങ്ങൾക്കും പ്രബോധനങ്ങൾക്കും എതിരാണ്. സന്തോഷത്തിന്റെ വീഞ്ഞ് തികയാത്ത കുടുംബങ്ങളുടെ എണ്ണം വർധിച്ചുവരുന്നു. മക്കളുടെ ജനനംമുതലുള്ള വിവിധ ഘട്ടങ്ങളിൽ അവരെ സഹായിച്ചുകൊണ്ട് സ്വന്തം ജീവിതമാതൃകയിലൂടെ അവർക്കു വഴികാട്ടികളാകാൻ മാതാപിതാക്കൾക്കു കടമയുണ്ട്. ഒരു നല്ല ഭാര്യയും ഭർത്താവും, അപ്പനും അമ്മയും, കുടുംബനാഥനും കുടുംബനാഥയും, അമ്മായിയപ്പനും അമ്മായിയമ്മയും, മരുമകളും മരുമകനും എങ്ങനെയായിരിക്കണമെന്ന് സ്വന്തം കുടുംബത്തിൽ നിന്നുതന്നെയാണ് മക്കൾ മനസ്സിലാക്കേണ്ടത്. സത്യസന്ധത, നീതിബോധം, ക്ഷമ, ദയ, കരുണ, ശാന്തത തുടങ്ങിയ സദ്ഗുണങ്ങളിൽ വളരാൻ കഴിയുന്നതും അവർ ജീവിക്കുന്ന കുടുംബപശ്ചാത്തലത്തിലാണ്.

കുടുംബജീവിതത്തിന്റെ കഷ്ടപ്പാടുകളും മാതാപിതാക്കളുടെ സഹനങ്ങളും മനസ്സിലാക്കാനും കഴിവനുസരിച്ചു മാതാപിതാക്കളെ സഹായിക്കാനും മക്കൾക്ക് അവസരമുണ്ടാകുന്നതു നല്ലതാണ്. ആഡംബരത്തിന്റെ പിന്നാലെ പോകാതെ ലളിതവും മാന്യവുമായ ജിവിതം നയിക്കാൻ മക്കളെ പരിശീലിപ്പിക്കണം. പ്രായമനുസരിച്ചു കുടുംബത്തിന്റെ ചില ഉത്തരവാദിത്വങ്ങളിൽ മക്കളെയും പങ്കാളികളാക്കണം. കുടുംബത്തിൽ ഏകാധിപതികളാകാതെ ദൈവത്തിന്റെയും സഭയുടെയും പ്രതിനിധി എന്ന നിലയിൽ കുടുംബത്തിന്റെ മുഖ്യചുമതല വഹിക്കുന്ന കുടുംബനാഥൻ മക്കൾക്കു നല്ല മാതൃകയായിരിക്കണം.

തന്റെ കുഞ്ഞുങ്ങളുടെ ജീവൻ സംരക്ഷിക്കുന്നതിൽ ഏതറ്റംവരെയും പോകുന്ന അമ്മമാർ എല്ലാ ജീവിവംശങ്ങളിലു

മുണ്ട്. സഭാമാതാവും തന്റെ മക്കളെ സംരക്ഷിക്കുവാൻ എക്കാലവും പ്രതിജ്ഞാബദ്ധയാണ്. ആരുടെയെങ്കിലുമൊക്കെ കുടുംബങ്ങളിൽ ഉണ്ടായ ദുരനുഭവം എന്റെ കുടുംബത്തിലുണ്ടായില്ല എന്നത് നാമെല്ലാവരും സുരക്ഷിതരാണ് എന്നതിന്റെ ഉറപ്പല്ല. സഭാഗാത്രത്തിലെ ഓരോ അംഗത്തിന്റെയും ജയപരാജയങ്ങളിൽ സമൂഹമെന്ന നിലയിൽ നാമും ഭാഗഭാക്കുകളാണ്. മക്കളുടെ സംരക്ഷണത്തിനും കുടുംബങ്ങളുടെ വളർച്ചയ്ക്കുമായുള്ള എല്ലാ സഭാപ്രവർത്തനങ്ങളോടും ആത്മാർഥമായി സഹകരിക്കാനുള്ള ഉത്തരവാദിത്വം നമുക്കുണ്ട്.

തിരുക്കുടുംബത്തിലെ അംഗങ്ങൾ ഓരോരുത്തരുടെയും സ്വഭാവവും പെരുമാറ്റവും എപ്രകാരമായിരുന്നുവെന്നു സുവിശേഷം ചുരുങ്ങിയ വാക്കുകളിൽ പ്രതിപാദിക്കുന്നുണ്ട്. അവിടെ കുടുംബനാഥൻ നീതിമാനായിരുന്നു. കുടുംബനാഥ എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു ധ്യാനിച്ചിരുന്നു. ബാലനായ ഈശോ ആകട്ടെ, പ്രായത്തിലും ജ്ഞാനത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ സംപ്രീതിയിൽ വളർന്നുവന്നു. സമൂഹത്തിൽനിന്ന് ഉയർന്നുവരുന്നതും കാലാകാലങ്ങളിൽ നേരിടുന്നതുമായ വിവിധ പ്രശ്നങ്ങളെ അതിജീവിക്കാൻ രൂപീകൃതമായ ശുശ്രൂഷാമേഖലയാണ് ഫാമിലി അപ്പോസ്തലേറ്റ്. നല്ല കുടുംബങ്ങൾ കെട്ടിപ്പടുക്കാൻ സഹായിക്കുന്ന ഫാമിലി അപ്പോസ്തലേറ്റിന്റെ കർമമേഖലകളാണ് മാതൃവേദി, പിതൃവേദി, പ്രോലൈഫ്, മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലൈഫ്, വിവാഹ ഒരുക്ക സെമിനാർ, സീറോ - മലബാർ മാട്രിമോണി, ഹോം മിഷൻ തുടങ്ങിയവ. കുടുംബ അജപാലനപ്രേഷിതപ്രവർത്തനങ്ങളുടെ വൈവിധ്യമാർന്ന ശുശ്രൂഷകളെ പ്രാർഥനകൊണ്ടു സഹായിക്കേണ്ടത് വിശ്വാസിസമൂഹത്തിന്റെ കടമയാണ്.

നമ്മുടെ രൂപതയുടെ പ്ലാറ്റിനം ജൂബിലി അതിന്റെ സമാപനത്തിൽ എത്തിനിൽക്കുമ്പോൾ, കഴിഞ്ഞ പത്തു മാസം കൊണ്ട് രൂപതയിലെ ഏകദേശം 70000 കുടുംബങ്ങളിലും ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ 'പ്ലാറ്റിനം ഹോം

മിഷൻ' നടത്തുവാൻ രൂപതയ്ക്കു സാധിച്ചു. കുടുംബങ്ങൾ നവീകരിക്കപ്പെടേണ്ടതും ശക്തീകരിക്കപ്പെടേണ്ടതും ഇന്നത്തെ കാലഘട്ടത്തിന്റെ ഏറ്റവും വലിയ ആവശ്യമാണ് എന്ന ബോധ്യത്തിൽ നിന്നാണ് ഇത്രയും വിപുലമായ ഒരു പദ്ധതി ഈ പ്ലാറ്റിനം ജൂബിലി അവസരത്തിൽത്തന്നെ ക്രമീകരിക്കാൻ കാരണമായത്. ഇതിന്റെ വിജയത്തിനായി സഹായിച്ച എല്ലാവരെയും ഏറെ സ്നേഹത്തോടെ ഓർക്കുന്നു.

ഈ വർഷം ഫാമിലി അപ്പോസ്തലേറ്റിന്റെ ശുശ്രൂഷാ മേഖലകളായ മാതൃവേദി, പിതൃവേദി, പ്രോലൈഫ് തുടങ്ങിയ സംഘടനകൾ ചേർന്നു ക്രമീകരിക്കുന്ന കുടുംബസംഗമം 2025 ജൂൺ 22-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് പാലാ ളാലം പഴയപള്ളി ഓഡിറ്റോറിയത്തിൽ വച്ച് നടക്കുകയാണ്. പ്ലാറ്റിനം ജൂബിലിയുടെ നിറവിൽ നിൽക്കുമ്പോൾ നമ്മുടെ രൂപതയിൽ 1950 ൽ ജനിച്ച്, ഈ വർഷം 75 വയസ്സ് പൂർത്തിയാകുന്ന വൈദികർ, സന്ന്യസ്തർ ഉൾപ്പെടെ മുഴുവൻ ആളുകളെയും ഈ സമ്മേളനത്തിലേക്കു ക്ഷണിക്കാൻ ഉദ്ദേശിക്കുകയാണ്. രൂപത ജന്മംകൊണ്ട വർഷം ഭൂജാതരാകാനും രൂപത പ്ലാറ്റിനം ജൂബിലി ആഘോഷിക്കുന്ന അവസരത്തിൽ 75-ാം പിറന്നാൾ ആഘോഷിക്കാനുമുള്ള പ്രത്യേക ദൈവാനുഗ്രഹം ലഭിച്ചവരാണ് അവർ.

2012 ൽ തന്റെ ഭരണനിർവഹണത്തിന്റെ അവസാനനാളുകളിൽ ബനഡിക്റ്റ് XVI മൻ മാർപ്പാപ്പ ഇപ്രകാരം പറഞ്ഞു: 'പ്രായമായവരുടെ പ്രാർഥന വളരെ വിലപ്പെട്ട ഒരു വിഭവമാണ്. സഭയ്ക്കും ലോകത്തിനും അടിയന്തരമായി ആവശ്യമുള്ള ഒരു വിഭവം.' നമ്മുടെ സമുദായത്തിനും രൂപതയ്ക്കും ഇടവകയ്ക്കും വേണ്ടി കഠിനാധ്വാനം ചെയ്തു വിയർപ്പൊഴുക്കിയവരാണ് അവർ. നമ്മുടെ മുന്നോട്ടുപോകലിനു തീർച്ചയായും അവരുടെ ആത്മീയപിന്തുണയും പ്രാർഥനയും ആവശ്യമാണ്. ഈ കൂടിവരവിലേക്ക് അവരെ എത്തിക്കുവാനുള്ള ക്രമീകരണം ബഹു.

വികാരിയച്ചൻമാർ സംഘടനാപ്രതിനിധികളുടെ സഹായത്തോടെ ക്രമീകരിക്കണമെന്ന് ഓർമപ്പെടുത്തുന്നു.

ഭാഗ്യസ്മരണാർഹനായ ഫ്രാൻസീസ് മാർപാപ്പയുടെ തിരുക്കുടുംബത്തോടുള്ള പ്രാർത്ഥന ഇപ്രകാരമാണ്.

"നസ്രത്തിലെ തിരുകുടുംബമേ, ഞങ്ങളുടെ കുടുംബങ്ങൾ കൂട്ടായ്മയുടെയും പ്രാർഥനയുടെയും ഭവനങ്ങളും സുവിശേഷത്തിന്റെ യഥാർഥ പാഠശാലകളുമാക്കുവാൻ കനിയണമേ. ആമ്മേൻ "

(സ്നേഹത്തിന്റെ ആനന്ദം)

മിശിഹായിൽ സ്നേഹപൂർവം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 20.05.2025

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

---

ഈ സർക്കുലർ 2025 ജൂൺ 8-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

## വൈദികരുടെ ശ്രദ്ധയ്ക്ക്

### ഫാമിലി അപ്പോസ്തലേറ്റ് സംഭാവന

ഫാമിലി അപ്പോസ്തലേറ്റിന്റെ പ്രവർത്തനങ്ങൾക്കായി ജൂൺ 8-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാനമദ്ധ്യേ പിരിവുനടത്തി ലഭിക്കുന്ന തുക 2025 ജൂലൈ 31 നുമുമ്പായി രൂപത ഫിനാൻസ് ഓഫീസറെ ഏല്പിക്കേണ്ടതാണ്.

## പത്രോസിന്റെ കാശ്

മാർപാപ്പായുടെ അജപാലനപ്രവർത്തനങ്ങളെ സഹായിക്കുന്നതിനുവേണ്ടി പത്രോസ് - പൗലോസ് ശ്ലീഹന്മാരുടെ തിരുനാളിനോടനുബന്ധിച്ച് (ജൂൺ-29) ആഗോളസഭയിൽ നടത്തപ്പെടുന്ന സംഭാവനശേഖരണത്തിൽ നമുക്കു പങ്കുചേരാം. ജൂൺ 29-ാം തീയതി ഞായറാഴ്ച വി. കുർബാനമധ്യേ ഈ നിയോഗാർത്ഥം സംഭാവന ശേഖരിക്കുകയും ലഭിക്കുന്ന തുക ജൂലൈ 31 നുമുമ്പായി രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കുകയും ചെയ്യേണ്ടതാണ്.

**FAMILY APOSTOLATE**

DIOCESE OF PALAI

Mob: 8547150049



*Marriage Preparation Retreat*

**2025**

| | | | |
|---|---|---|---|
| ജൂലൈ | 10 - 12 (വ്യാഴം – ശനി) | | 22 - 24 (ചൊവ്വ – വ്യാഴം) |
| ഓഗസ്റ്റ് | 01 - 03 (വെള്ളി – ഞായർ) | | 28 - 30 (വ്യാഴം – ശനി) |
| സെപ്റ്റംബർ | 09 - 11 (ചൊവ്വ – വ്യാഴം) | | Sep 30 - 2 (ചൊവ്വ – വ്യാഴം) |
| ഒക്ടോബർ | 13 - 15 (തിങ്കൾ – ബുധൻ) | | 31-Nov.2 (വെള്ളി – ഞായർ) |
| നവംബർ | 07 - 09 (വെള്ളി – ഞായർ) | | 21 - 23 (വെള്ളി – ഞായർ) |
| ഡിസംബർ | 05 - 07 (വെള്ളി – ഞായർ) | 18-20 (വ്യാഴം – ശനി) | 29 - 31 (തിങ്കൾ – ബുധൻ) |
| ജനുവരി 2026 | 09 - 11 (വെള്ളി – ഞായർ) | | |

## പ്ലാറ്റിനം ജൂബിലി സമാപനം

പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലിയുടെ സമാപനം 2025 ജൂലൈ 26 ശനിയാഴ്ച പാലാ സെന്റ് തോമസ് കത്തീഡ്രൽ പള്ളിയിൽ വച്ച് നടത്തപ്പെടുന്നു. അന്ന് രാവിലെ 09.00 മണിക്ക് പരിശുദ്ധ കുർബാനയും തുടർന്ന് പൊതുസമ്മേളനവും ഉണ്ടായിരിക്കുന്നതാണ്. നമ്മുടെ രൂപതാംഗങ്ങളായ എല്ലാ വൈദികരും രൂപതയുടെ അതിർത്തിക്കുള്ളിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരും പരിശുദ്ധ കൂർബാനയിലും പൊതുസമ്മേളനത്തിലും പങ്കെടുക്കേണ്ടതാണ്. നമ്മുടെ ഇടവകകളിലെ എല്ലാ കൈക്കാരന്മാരും മഠങ്ങളിലെ സുപ്പിരിയർമാരും എല്ലാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും ജൂബിലിയിൽ പങ്കെടുക്കേണ്ടതാണ്.

+Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 27.05.2025

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

## അറിയിപ്പ്

### അസംഘടിത തൊഴിലാളിസമ്മേളനം

2025 ജൂൺ 29 ഞായർ ഉച്ചകഴിഞ്ഞ് രണ്ടു മണിക്ക് ളാലം പഴയപള്ളിയിൽ അസംഘടിത തൊഴിലാളിസമ്മേളനം നടക്കുന്നതാണ്. പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്യുന്നു.

# Corporate Educational Agency, Diocese of Palai

| SSLC RESULTS | | March. 2025 | | | | March. 2024 | | | |
|---|---|---|---|---|---|---|---|---|---|
| Sl. No. | Name of School | Roll | Pass | % | Full A+ | Roll | Pass | % | Full A+ |
| 1 | Arakulam St.Mary's HSS | 189 | 188 | 99.47 | 23 | 178 | 178 | 100.00 | 14 |
| 2 | Aruvithura St.George HSS | 56 | 56 | 100.00 | 1 | 56 | 56 | 100.00 | 1 |
| 3 | Bharananganam St.Mary's HSS | 73 | 73 | 100.00 | 11 | 75 | 75 | 100.00 | 11 |
| 4 | Chemmalamattom Little Flower HS | 115 | 115 | 100.00 | 20 | 125 | 125 | 100.00 | 18 |
| 5 | Chennad St.Maria Gorettis HS | 43 | 43 | 100.00 | 5 | 32 | 32 | 100.00 | 10 |
| 6 | Cherpunkal Holy Cross HSS | 175 | 175 | 100.00 | 31 | 186 | 186 | 100.00 | 75 |
| 7 | Elanji St.Peter's HSS | 95 | 95 | 100.00 | 13 | 95 | 95 | 100.00 | 21 |
| 8 | Kadanad St.Sebastians HSS | 137 | 137 | 100.00 | 39 | 111 | 111 | 100.00 | 51 |
| 9 | Kadaplamattom St.Antony's HS | 14 | 14 | 100.00 | 3 | 14 | 14 | 100.00 | 0 |
| 10 | Kanjiramattom Little Flower HS | 53 | 53 | 100.00 | 16 | 56 | 56 | 100.00 | 10 |
| 11 | Kanjirathanam St.Johns HS | 37 | 37 | 100.00 | 9 | 19 | 19 | 100.00 | 2 |
| 12 | Koottickal St.George HS | 84 | 82 | 97.60 | 10 | 95 | 95 | 100.00 | 21 |
| 13 | Kothanalloor Emmanuels HSS | 148 | 148 | 100.00 | 31 | 145 | 145 | 100.00 | 30 |
| 14 | Kozhuvanal St.Johns NHSS | 75 | 75 | 100.00 | 16 | 70 | 70 | 100.00 | 14 |
| 15 | Kudakkachira St.Josephs HS | 33 | 33 | 100.00 | 6 | 31 | 31 | 100.00 | 5 |
| 16 | Kuravilangad St.Mary's GHS | 142 | 142 | 100.00 | 34 | 182 | 182 | 100.00 | 40 |
| 17 | Kuravilangad St.Mary's HSS | 81 | 81 | 100.00 | 3 | 84 | 84 | 100.00 | 9 |
| 18 | Kurumannu St.John's HS | 74 | 74 | 100.00 | 24 | 72 | 72 | 100.00 | 15 |
| 19 | Kuruppanthara St.Xaviers VHSS | 51 | 51 | 100.00 | 6 | 65 | 65 | 100.00 | 6 |
| 20 | Manalumkal St.Aloysious HS | 53 | 53 | 100.00 | 9 | 35 | 35 | 100.00 | 8 |
| 21 | Manathoor St.Joseph's HS | 52 | 52 | 100.00 | 8 | 57 | 57 | 100.00 | 6 |
| 22 | Marangattupally St.Thomas HS | 74 | 74 | 100.00 | 9 | 68 | 68 | 100.00 | 13 |
| 23 | Mattakara St.Joseph's HS | 51 | 51 | 100.00 | 8 | 52 | 52 | 100.00 | 5 |
| 24 | Mutholapuram St.Paul's HS | 57 | 57 | 100.00 | 12 | 54 | 54 | 100.00 | 14 |
| 25 | Mutholy St.Joseph's GHS | 50 | 50 | 100.00 | 12 | 53 | 53 | 100.00 | 7 |
| 26 | Muttuchira Holy Ghost BHS | 56 | 56 | 100.00 | 9 | 66 | 66 | 100.00 | 10 |
| 27 | Muttuchira St.Agnes HS | 141 | 141 | 100.00 | 28 | 141 | 141 | 100.00 | 33 |
| 28 | Pala St.Mary's GHSS | 191 | 191 | 100.00 | 42 | 242 | 242 | 100.00 | 60 |
| 29 | Pala St.Thomas BHSS | 142 | 142 | 100.00 | 25 | 139 | 139 | 100.00 | 30 |
| 30 | Peringulam St.Augustines HS | 51 | 51 | 100.00 | 12 | 39 | 39 | 100.00 | 12 |
| 31 | Plassanal St.Antony's HSS | 102 | 102 | 100.00 | 19 | 118 | 118 | 100.00 | 22 |
| 32 | Pravithanam St.Michael's HS | 72 | 72 | 100.00 | 22 | 81 | 81 | 100.00 | 28 |
| 33 | Ramapuram SH GHS | 101 | 101 | 100.00 | 19 | 123 | 123 | 100.00 | 41 |
| 34 | Ramapuram St.Augustine's HSS | 99 | 99 | 100.00 | 10 | 98 | 98 | 100.00 | 18 |
| 35 | Teekoy St.Mary's HSS | 126 | 126 | 100.00 | 28 | 141 | 141 | 100.00 | 32 |
| 36 | Thudanganad St.Thomas HS | 97 | 97 | 100.00 | 10 | 97 | 97 | 100.00 | 12 |
| 37 | Vadakara Little Flower HS | 100 | 100 | 100.00 | 22 | 103 | 103 | 100.00 | 35 |
| 38 | Vakakkad Alphonsa GHS | 79 | 79 | 100.00 | 13 | 87 | 87 | 100.00 | 21 |
| 39 | Valiyakumaramangalam St. Paul's HS | 67 | 67 | 100.00 | 10 | 65 | 65 | 100.00 | 15 |
| 40 | Vellikulam St.Antony's HS | 54 | 54 | 100.00 | 4 | 61 | 61 | 100.00 | 13 |
| 41 | Vilakkumadom St.Joseph's HS | 112 | 112 | 100.00 | 22 | 121 | 121 | 100.00 | 30 |
| | **Total** | 3602 | 3599 | **99.92** | **654** | **3732** | **3732** | **100.00** | **818** |

# CORPORATE EDUCATIONAL AGENCY, DIOCESE OF PALAI

## PLUS TWO RESULTS 2025

| | Groups | | Science | | | | Humanities | | | | Commerce | | | | Full A+ | Total | | | | Previous Year |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Rank | School | Name | Pass | Fail | Total | Pass % | Pass | Fail | Total | Pass % | Pass | Fail | Total | Pass % | | Total | Fail | Pass | Pass % | |
| 1 | Pala | St.Mary's GHSS | 100 | 0 | 100 | 100 | 45 | 1 | 46 | 97.8 | | | | | 43 | 146 | 1 | 145 | 99.32 | 96.23 |
| 2 | Pala | St.Thomas HSS | 99 | 0 | 99 | 100 | 44 | 1 | 45 | 97.7 | | | | | 16 | 144 | 1 | 142 | 99.3 | 90.6 |
| 3 | Vilakkumadam | St. Joseph's HSS | 49 | 0 | 49 | 100 | | | | | 48 | 1 | 49 | 97.95 | 24 | 98 | 1 | 97 | 98.98 | 99.14 |
| 4 | Cherpunkal | Holy Cross HSS | 146 | 2 | 148 | 98.65 | | | | | 43 | 4 | 47 | 91.49 | 36 | 195 | 6 | 189 | 96.92 | 95.93 |
| 5 | Pravithanam | St. Michaels HSS | 50 | 0 | 50 | 100 | | | | | 44 | 3 | 47 | 93.61 | 16 | 97 | 3 | 94 | 96.91 | 97.06 |
| 6 | Kuravilangad | St.Mary's HSS | 94 | 5 | 99 | 94.94 | 28 | 0 | 28 | 100 | | | | | 16 | 127 | 5 | 122 | 96.06 | 96 |
| 7 | Bharananganam | St.Mary's HSS | 94 | 5 | 99 | 95 | 44 | 2 | 46 | 95.7 | 47 | 1 | 48 | 98 | 33 | 193 | 8 | 185 | 95.85 | 95.63 |
| 8 | Kothanalloor | Emmanuel's HSS | 94 | 3 | 97 | 96.9 | | | | | 38 | 3 | 41 | 92.6 | 13 | 138 | 6 | 132 | 95.65 | 93.63 |
| 9 | Elanji | St.Peter's HSS | 108 | 4 | 112 | 96.4 | | | | | 28 | 3 | 28 | 89.3 | 24 | 140 | 7 | 133 | 95 | 88.19 |
| 10 | Kadanad | St.Sebastian's HSS | 96 | 3 | 99 | 96.97 | 29 | 2 | 31 | 93.6 | 39 | 4 | 43 | 90.7 | 18 | 173 | 9 | 164 | 94.8 | 93.82 |
| 11 | Valiyakumaramagalam | St. Paul's HSS | 49 | 1 | 50 | 98 | | | | | 42 | 4 | 46 | 91.3 | 22 | 96 | 5 | 91 | 94.79 | 93.94 |
| 12 | Arakulam | St.Mary's HSS | 95 | 5 | 100 | 95 | 33 | 6 | 39 | 84.6 | 44 | 1 | 45 | 97.77 | 18 | 184 | 12 | 172 | 93.478 | 93.68 |
| 13 | Plassanal | St.Antony's HSS | 96 | 4 | 100 | 96 | 39 | 7 | 46 | 84 | | | | | 21 | 146 | 11 | 135 | 92.46 | 89.38 |
| 14 | Kozhuvanal | St.John's NHSS | 97 | 3 | 100 | 97 | 37 | 8 | 45 | 82.2 | | | | | 17 | 145 | 11 | 134 | 92.41 | 90 |
| 15 | Teekoy | St.Mary's HSS | 96 | 3 | 99 | 96.96 | | | | | 35 | 8 | 43 | 81.39 | 8 | 142 | 11 | 131 | 92.25 | 88.32 |
| 16 | Ramapuram | St.Augustine's HSS | 97 | 1 | 98 | 98.98 | 20 | 12 | 32 | 62.5 | 37 | 4 | 41 | 90.24 | 21 | 171 | 17 | 154 | 90.06 | 89.29 |
| 17 | Aruvithura | St.George HSS | 90 | 6 | 96 | 93.75 | | | | | 30 | 15 | 45 | 66.66 | 21 | 141 | 21 | 120 | 85.11 | 81.98 |
| | | | | | | | | | | | | | | | 367 | | | | | |
| | VHSE | | JSD | | | | LTR | | | | | | | | | | | | | |
| 18 | Kuruppanthara | St. Xavier's VHSS | 15 | 5 | 20 | 75 | 27 | 3 | 30 | 90.0 | | | | | 0 | 50 | 8 | 42 | 84 | 80.76 |

*1200 / 1200* - **Anakha Rajeev (Humanities) - St. Augustine's HSS Ramapuram**




# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**മാർ സ്ലീവാ മെഡിസിറ്റിയിൽ പ്രവർത്തനപരിചയമുള്ള നഴ്സുമാരുടെ ഒഴിവുകൾ**

മാർ സ്ലീവാ മെഡിസിറ്റിയിൽ പ്രവർത്തനപരിചയമുള്ള നഴ്സുമാരുടെ ഒഴിവുകളുണ്ട്. താത്പര്യമുള്ളവർ ബയോഡാറ്റ, ഫോട്ടോ, സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ എന്നിവ സഹിതം jobs@marsleevamedicity.com എന്ന മെയിലിലേക്ക് അപേക്ഷകൾ അയയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക് 9188525970, 8281699258, 04822 266813/ 814 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

**മാർ സ്ലീവാ മെഡിസിറ്റിയിൽ ഓവേറിയൻ കാൻസർ പഠന സെമിനാർ നടത്തി.**

മാർ സ്ലീവാ മെഡിസിറ്റിയിലെ ഓങ്കോളജി വിഭാഗത്തിന്റെയും ഒബ്സ്റ്റട്രിക്സ്, ഗൈനക്കോളജി വിഭാഗത്തിന്റെയും നേതൃത്വത്തിൽ കോട്ടയം ഒ ആൻഡ് ജി സൊസൈറ്റിയുമായി സഹകരിച്ച് ഓവേറിയൻ കാൻസർ എന്ന വിഷയത്തിൽ പഠന സെമിനാർ നടത്തി. മാർ സ്ലീവാ കാൻസർ കെയർ ആൻഡ് റിസർച്ച് സെന്ററിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന കാൻസർ കെയർ സീരീസിന്റെ ഭാഗമായിട്ടാണ് പരിപാടി സംഘടിപ്പിച്ചത്. ആശുപത്രി മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ അധ്യക്ഷത വഹിച്ചു. ഐ.എം.എ പാലാ പ്രസിഡന്റ് ഡോ. കുര്യൻ ജോസഫ് ഉദ്ഘാടനം ചെയ്തു. ആശുപത്രി ഓങ്കോളജി വിഭാഗം മേധാവി ഡോ. റോണി ബെൻസൺ, കോട്ടയം ഒ ആൻഡ് ജി സൊസൈറ്റി പ്രസിഡന്റ് ഡോ. അനിത കെ. ഗോപാൽ, ആശുപത്രി ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർ കോമഡോർ ഡോ. പോളിൻ ബാബു, ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി വിഭാഗം മേധാവി ഡോ. അജിതകുമാരി എന്നിവർ പ്രസംഗിച്ചു. ഓവേറിയൻ കാൻസറുമായി ബന്ധപ്പെട്ടുള്ള വിവിധ വിഷയങ്ങളിൽ ആശുപത്രി ഗൈനക്കോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. ടി. ഗീത, ലബോറട്ടറി മെഡിസിൻ ആൻഡ് പതോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. റോസമ്മ

തോമസ്, റേഡിയോ ഡയഗ്നോസിസ് ആൻഡ് ഇമേജിംഗ് വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. രചന ജോർജ്, തിരുവനന്തപുരം ആർ.സി.സിയിലെ അസോസിയേറ്റ് പ്രഫസർ ഡോ. ശിവരഞ്ജിത്ത് പി, അഡീഷണൽ പ്രഫസർ മാരായ ഡോ. രമ പി, ഡോ. ലക്ഷ്മി ഹരിദാസ് എന്നിവർ പ്രബന്ധം അവതരിപ്പിച്ചു. വിവിധ ആശുപത്രികളിൽനിന്നുള്ള ഓങ്കോളജി, ഒബ്സ്റ്റട്രിക്സ്, ഗൈനക്കോളജി വിഭാഗങ്ങളിലെ ഡോക്ടർമാർ ചർച്ചകളിൽ പങ്കെടുത്തു.

**ആറു വയസ്സുകാരനു ബാധിച്ച അപൂർവ്വ മസ്തിഷ്കരോഗത്തിന് മാർ സ്ലീവാ മെഡിസിറ്റിയിൽ ആധുനിക ശസ്ത്രക്രിയ**

ഗുരുതരമസ്തിഷ്കരോഗം ബാധിച്ച ആറു വയസ്സുള്ള കുട്ടി മാർ സ്ലീവാ മെഡിസിറ്റിയിൽ നടത്തിയ ആധുനിക ശസ്ത്രക്രിയയിലൂടെ സുഖം പ്രാപിച്ചു. കോട്ടയം സ്വദേശിയായ കുട്ടിയാണ് തലച്ചോറിൽ ബാധിക്കുന്ന അപൂർവ്വ മുഴയായ ക്വാഡ്രിജെമിനൽ അരക്നോയിഡ് സിസ്റ്റ് മൂലം ഗുരുതരാവസ്ഥയിലായിരുന്നത്. രോഗംമൂലം തലച്ചോറിൽ വെള്ളം കെട്ടുകയും തുടർച്ചയായി അപസ്മാരം വന്ന് അബോധാവസ്ഥയിൽ ആകുകയും ചെയ്തിരുന്നു. ഇതേത്തുടർന്നാണ് മാർ സ്ലീവാ മെഡിസിറ്റിയിൽ ചികിത്സ തേടിയത്. ന്യൂറോ സർജറി ആൻഡ് സ്പൈൻ സർജറി വിഭാഗം മേധാവിയും സീനിയർ കൺസൾട്ടന്റുമായ ഡോ. സരീഷ് കുമാർ എം.കെ യുടെ നേതൃത്വത്തിൽ ഡിറൂഫിംഗ് എക്സിഷൻ ആൻഡ് വി. പി. ഷൺഡിംഗ് എന്ന ശസ്ത്രക്രിയ നടത്തിയാണ് കുട്ടിയെ ജീവിതത്തിലേക്ക് അത്ഭുതകരമായി തിരിച്ചെത്തിച്ചത്. തലച്ചോറിൽ ഉണ്ടാകുന്ന ദ്രാവകം നിറഞ്ഞ അറകളാണ് അരക്നോയിഡ് സിസ്റ്റുകൾ. ഇത്തരം രോഗം ബാധിക്കുന്ന കുട്ടികളിൽ തല വലുതാകാനും മാനസികവും ശാരീരികവുമായ വളർച്ചയിൽ പ്രശ്നങ്ങളുണ്ടാകാനും സാധ്യതകളുണ്ട്. തുടർച്ചയായി അപസ്മാരം ഉണ്ടാവുകയും ബോധം നഷ്ടപ്പെടു കയും ചെയ്ത് ആറു വയസ്സുകാരന്റെ ആരോഗ്യസ്ഥിതി കൂടുതൽ ഗുരുതര മായതോടെയാണ് അതിസൂക്ഷ്മവും സങ്കീർണവുമായ ശസ്ത്രക്രിയ നിശ്ചയിച്ചത്. ഡോ. സരീഷ് കുമാർ എം.കെയുടെ നേതൃത്വത്തിലുള്ള വിദഗ്ധസംഘം മണിക്കൂറുകൾ നീണ്ട സൂക്ഷ്മശസ്ത്രക്രിയയിലൂടെയാണ് കുട്ടിയുടെ രോഗം ഭേദപ്പെടുത്തിയത്. അനസ്തേഷ്യോളജി വിഭാഗം കൺസൾട്ടന്റ് ഡോ. ബേസിൽ പോൾ മനയാലിൽ പീഡിയാട്രിക് ക്രിട്ടിക്കൽ കെയർവിഭാഗം കൺസൾട്ടന്റ് ഡോ. ജോസ് കുര്യൻ ജേക്കബ്, അസോ. കൺസൾട്ടന്റ് ഡോ. സഫലിയ നാസർ എന്നിവരും ചികിത്സയുടെ ഭാഗമായി. സുഖം പ്രാപിച്ച കുട്ടി വീട്ടിലേക്കു മടങ്ങി.

**മാർ സ്ലീവാ മെഡിസിറ്റിയിൽ അന്താരാഷ്ട്ര നഴ്സസ് ദിനാചരണം നടത്തി.**

മാർ സ്ലീവാ മെഡിസിറ്റിയിൽ അന്താരാഷ്ട്ര നഴ്സസ് ദിനാചരണം നടത്തി. വ്യാവസായിക തൊഴിൽതർക്കപരിഹാരകോടതി ജഡ്ജി സുനിത വിമൽ ഉദ്ഘാടനം ചെയ്തു. ആശുപത്രി മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ അധ്യക്ഷത വഹിച്ചു. ചീഫ് നഴ്സിംഗ് ഓഫീസർ ലഫ്. കേണൽ മജല്ല മാത്യു ഈ വർഷത്തെ നഴ്സസ് ദിന തീം അവതരണം നടത്തി. ആശുപത്രി ഐ.ടി ആൻഡ് നഴ്സിംഗ് വിഭാഗം ഡയറക്ടർ റവ. ഡോ. ജോസഫ് കരികുളം, ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർ കോമഡോർ ഡോ. പോളിൻ ബാബു, ഡപ്യൂട്ടി നഴ്സിംഗ് ഓഫീസർ ഡോ. സിസ്റ്റർ അൽഫോൻസ എസ്.എ.ബി.എസ്

എന്നിവർ പ്രസംഗിച്ചു. മികച്ച പ്രവർത്തനങ്ങൾ നടത്തിയ നഴ്സിംഗ് വിഭാഗത്തിനും വിവിധ വിഭാഗങ്ങളിലെ മികച്ച നഴ്സുമാർക്കും അവാർഡുകൾ ജഡ്ജി സുനിത വിമൽ വിതരണം ചെയ്തു. ദിനാചരണത്തിന്റെ ഭാഗമായി നഴ്സുമാരുടെ വിവിധ കലാപരിപാടികളും അരങ്ങേറി.

**പൊള്ളലേറ്റ് രണ്ടര മാസം മാർ സ്ലീവാ മെഡിസിറ്റിയിൽ ചികിത്സയിൽ കഴിഞ്ഞ വൽസമ്മയ്ക്ക് സ്നേഹനിർഭരമായ യാത്രയയപ്പ്**

ഗുരുതര പൊള്ളലേറ്റതിനെത്തുടർന്നു 78 ദിവസം മാർ സ്ലീവാ മെഡിസിറ്റിയിലെ ബേൺസ് ഐ.സി.യുവിൽ ചികിത്സ തേടി സുഖം പ്രാപിച്ചശേഷം വീട്ടിലേക്കു മടങ്ങിയ വയല സ്വദേശിനി വൽസമ്മയ്ക്ക് (71) ആശുപത്രി അധികൃതർ സ്നേഹോഷ്മളമായ യാത്രയയപ്പു നൽകി. കഴിഞ്ഞ ഫെബ്രുവരിയിൽ വീട്ടുമുറ്റത്തു വച്ചാണ് വൽസമ്മയ്ക്ക് അപകടം സംഭവിച്ചത്. മുറ്റം അടിച്ചുവാരി കരിയിലയ്ക്കു തീ ഇട്ടതിനിടെ തീ ആളിപ്പടർന്ന് ധരിച്ചിരുന്ന വസ്ത്രത്തിനു പുറകിലേക്കു പിടിക്കുകയായിരുന്നു. നിമിഷങ്ങൾകൊണ്ട് തീ ശരീരത്തിലേക്കു കത്തിപ്പടർന്നു. ഓടിയെത്തിയ കുടുംബാംഗങ്ങൾ വെള്ളം കോരിയൊഴിച്ചു തീ കെടുത്തി. ഉടൻ തന്നെ മാർ സ്ലീവാ മെഡിസിറ്റിയിലെ അത്യാഹിതവിഭാഗത്തിൽ എത്തിച്ചു. ശരീരത്തിൽ 65 ശതമാനം പൊള്ളലേറ്റ് ആഴത്തിലുള്ള മുറിവുകളുമായി അതീവഗുരുതരാവസ്ഥയിലായിരുന്നു വൽസമ്മ. ആധുനിക സംവിധാനങ്ങളോടെയുള്ള മാർ സ്ലീവാ മെഡിസിറ്റിയിലെ ബേൺസ് ഐ.സി.യുവിൽ പ്രവേശിപ്പിച്ചായിരുന്നു തുടർ ചികിത്സകൾ. വെല്ലുവിളികൾ നിറഞ്ഞ മൂന്നു മേജർ ശസ്ത്രക്രിയകൾ ഉൾപ്പെടെ അഞ്ചു ശസ്ത്രക്രിയകളാണ് വൽസമ്മയ്ക്കു വേണ്ടിവന്നത്. ശരീരത്തിലെ വിവിധ ഭാഗങ്ങളിൽ ഗ്രാഫ്റ്റ് എടുത്തുവച്ച് ശസ്ത്രക്രിയകൾ നടത്തിയാണ് പൊള്ളലേറ്റുണ്ടായ മുറിവുകൾ സുഖപ്പെടുത്തിയത്. അതീവസുരക്ഷിതമായ പരിചരണമാണ് നിസ്വാർത്ഥസേവനവുമായി നഴ്സുമാരുടെയും വിവിധ വിഭാഗങ്ങളിലെ ജീവനക്കാരുടെയും നേതൃത്വത്തിൽ വൽസമ്മയ്ക്ക് ഒരുക്കിയത്.

പ്ലാസ്റ്റിക് ആൻഡ് റീ കൺസ്ട്രക്റ്റീവ് സർജറിവിഭാഗം മേധാവികൂടിയായ എയർ കോമഡോർ ഡോ. പോളിൻ ബാബുവിന്റെ നേതൃത്വത്തിൽ ഡോ. അനീഷ് ജോസഫ്, ഡോ. ജോസി ടി. കോശി, ക്രിട്ടിക്കൽ കെയർ വിഭാഗത്തിലെ ഡോ. അഞ്ജു മേരി ദേവസ്യ, അനസ്തേഷ്യോളജി വിഭാഗത്തിലെ ഡോ. എബി ജോൺ, ഡോ. സേവ്യർ ജോൺ തുടങ്ങിയവരും ചികിത്സയുടെ ഭാഗമായി. ആശുപത്രി മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ, ആശുപത്രി ഓപ്പറേഷൻസ് ആൻഡ് പ്രൊജക്ട്സ് ഡയറക്ടർ റവ.ഫാ. ജോസ് കീരഞ്ചിറ, ഐ.ടി ആൻഡ് നഴ്സിംഗ് ഡയറക്ടർ റവ.ഡോ. ജോസഫ് കരികുളം, ആയുഷ് വിഭാഗം ഡയറക്ടർ റവ.ഫാ. മാത്യു ചേന്നാട്ട് എന്നിവരും വൽസമ്മയെ യാത്രയാക്കാൻ എത്തിയിരുന്നു.

**പക്ഷാഘാതബോധവത്കരണ പരിപാടികളുടെ സമാപനം നടന്നു**

പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലി, മാർ സ്ലീവാ മെഡിസിറ്റിയുടെ അഞ്ചാം വാർഷികം എന്നിവയോടനുബന്ധിച്ചു നടപ്പാക്കുന്ന സാമൂഹികപദ്ധതികളുടെ ഭാഗമായി പിതൃവേദിയുമായി സഹകരിച്ചു രൂപതയിലെ വിവിധ പള്ളികളിൽ നടത്തിവന്ന പക്ഷാഘാതബോധവത്കരണപരിപാടിയുടെ സമാപനം

കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത്മറിയം ആർച്ചുഡീക്കൻ തീർത്ഥാടനദേവാലയത്തിൽ നടന്നു. മാർ സ്ലീവാ മെഡിസിറ്റി മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു.

ആർച്ചുപ്രീസ്റ്റ് റവ. ഡോ. തോമസ് മേനാച്ചേരി അധ്യക്ഷത വഹിച്ചു. പിതൃവേദി രൂപത ഡയറക്ടർ ഫാ. ജോസഫ് നരിതൂക്കിൽ മുഖ്യപ്രഭാഷണം നടത്തി. പിതൃവേദി രൂപത പ്രസിഡന്റ് ജോസ് തോമസ്, കോർഡിനേറ്റർ ബിൻസ് ജോസ്, യൂണിറ്റ് പ്രസിഡന്റ് ടിക്സൺ മണിമലത്തടത്തിൽ, സെക്രട്ടറി ലൂക്കോസ് പുത്തൻകുളം എന്നിവർ പ്രസംഗിച്ചു. തുടർന്ന് ന്യൂറോളജി വിഭാഗം കൺസൾട്ടന്റ് ഡോ. ജോസി ജെ. വള്ളിപ്പാലം ബോധവത്കരണ ക്ലാസ്സ് നയിച്ചു. പദ്ധതിയുടെ ഭാഗമായി മേലുകാവുമറ്റം സെന്റ് തോമസ് പള്ളിയിലും ബോധവത്കരണക്ലാസ്സ് നടത്തി. ന്യൂറോളജി വിഭാഗം കൺസൾട്ടന്റ് ഡോ. ജോസ് പോൾ കുന്നേൽ നേതൃത്വം നൽകി.

**കാൻസർ ബോധവത്കരണപരിപാടികളുടെ സമാപനം നടത്തി**

പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലി, മാർ സ്ലീവാ മെഡിസിറ്റിയുടെ അഞ്ചാം വാർഷികം എന്നിവയോടനുബന്ധിച്ചു നടപ്പാക്കുന്ന സാമൂഹികപദ്ധതികളുടെ ഭാഗമായി വിവിധ പള്ളികളിൽ മാതൃവേദിയുമായി സഹകരിച്ച് നടത്തിയ സൗജന്യ കാൻസർ ബോധവത്കരണക്ലാസ്സുകളുടെയും സ്തനാർബുദപരിശോധനയുടെയും സമാപനം നടത്തി. കുറിച്ചിത്താനം സെന്റ് തോമസ് ചർച്ചിൽ നടത്തിയ സമാപന സമ്മേളനം മാർ സ്ലീവാ മെഡിസിറ്റി മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ ഉദ്ഘാടനം ചെയ്തു. പാലാ രൂപത മാതൃവേദി പ്രസിഡന്റ് ഷേർളി ചെറിയാൻ അധ്യക്ഷത വഹിച്ചു. കുറിച്ചിത്താനം പള്ളി വികാരി റവ. ഫാ. ഇഗ്നേഷ്യസ് നടുവിലേക്കുറ്റ് അനുഗ്രഹപ്രഭാഷണം നടത്തി. പാലാ രൂപത മാതൃവേദി ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ മുഖ്യപ്രഭാഷണം നടത്തി. കുറവിലങ്ങാട് മേഖല ജോയിന്റ് ഡയറക്ടർ സിസ്റ്റർ ആൻസില, മാർ സ്ലീവാ മെഡിസിറ്റി ഓങ്കോളജി വിഭാഗം മേധാവി ഡോ. റോണി ബെൻസൺ, മാതൃവേദി കുറവിലങ്ങാട് മേഖല പ്രസിഡന്റ് ജോമി ഷൈജു, മാതൃവേദി ഗ്ലോബൽ സെക്രട്ടറി സിജി ലൂക്സൺ എന്നിവർ പ്രസംഗിച്ചു. പദ്ധതിയുടെ ഭാഗമായി ഉള്ളനാട് സേക്രഡ് ഹാർട്ട് ചർച്ച്, മൂന്നാനി സെന്റ് പീറ്റേഴ്സ് ചർച്ച്, മലപ്പുറം സേക്രഡ് ഹാർട്ട് ചർച്ച് എന്നിവിടങ്ങളിലും ക്യാമ്പുകൾ നടന്നു. ക്യാമ്പിൽനിന്ന് തിരഞ്ഞെടുത്തവർക്ക് മാർ സ്ലീവാ മെഡിസിറ്റിയിൽ വച്ച് സൗജന്യ മാമ്മോഗ്രാം പരിശോധനയും ചെയ്തു നൽകി. ഓങ്കോളജി വിഭാഗം അസോസിയേറ്റ് കൺസൾട്ടന്റുമാരായ ഡോ. സോൻസ് പോൾ, ഡോ. രവിശങ്കർ ടി. ആർ, സീനിയർ മെഡിക്കൽ ഓഫീസർ ഡോ. ലക്ഷ്മി ആർ. പണിക്കർ എന്നിവർ പരിശോധനയ്ക്കു നേതൃത്വം നൽകി.

**സ്പെഷ്യൽ സ്കൂൾ അധ്യാപകർക്ക് മാർ സ്ലീവാ മെഡിസിറ്റിയിൽ പരിശീലനം നൽകി**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാലാ രൂപത കെയർ ഹോംസുമായി സഹകരിച്ച് സ്പെഷ്യൽ സ്കൂളിലെ അധ്യാപകർക്കായി മാനേജിംഗ് നീഡ്സ് ഓൺ സ്പെഷ്യൽ ചിൽഡ്രൻ എന്ന വിഷയത്തിൽ പരിശീലനപരിപാടി

നടത്തി. ആശുപത്രി മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ ഉദ്ഘാടനം ചെയ്തു. കെയർ ഹോംസ് ഡയറക്ടർ റവ.ഫാ. ജോർജ് നെല്ലിക്കുന്നുചെരുവുപുരയിടം, കാവാലി ഫാ. ബോഡ് വിഗ് ഡേ കെയർ സെന്റർ പ്രിൻസിപ്പൽ സിസ്റ്റർ ജോയൽ മാത്യു എസ്.ആർ.എ. എന്നിവർ പ്രസംഗിച്ചു. വിവിധ വിഷയങ്ങളിൽ ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ വിഭാഗം സീനിയർ രജിസ്ട്രാർ ഡോ. അനിറ്റ് കാതറീൻ ചാൾസ്, ചൈൽഡ് ഡെവലപ്മെന്റ് സെന്റർ സീനിയർ കൺസൾട്ടന്റ് ഡോ. തോമസ് ഏബ്രഹാം, സീനിയർ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ. എയ്ഞ്ചൽ തോമസ്, ഒക്യുപേഷനൽ തെറാപ്പിസ്റ്റ് ജേക്കബ് ടോമി, റെമഡിയൽ തെറാപ്പിസ്റ്റ് ലയമോൾ മാത്യു എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾക്കു നേതൃത്വം നൽകി.

**മിഷനറി സംഗമത്തിൽ സൗജന്യവൈദ്യസഹായം ക്രമീകരിച്ച് മാർ സ്ലീവാ മെഡിസിറ്റി**

പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ചു പ്രവിത്താനം മാർ ആഗസ്തീനോസ് ഫൊറോനാപ്പള്ളിയിൽ നടന്ന മിഷനറിസംഗമത്തിൽ മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ സൗജന്യ മെഡിക്കൽ എയ്ഡ് പോസ്റ്റ് ഒരുക്കുകയും വൈദ്യസഹായം നൽകുകയും ചെയ്തു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ സൗജന്യ പ്രീ ലേണിംഗ് സ്ക്രീനിംഗ് ക്ലിനിക്ക് നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയുടെ ചൈൽഡ് ഡവലപ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ കുട്ടികൾക്കായി സൗജന്യ പ്രീ ലേണിംഗ് സ്ക്രീനിംഗ് ക്ലിനിക്ക് നടത്തി. വിദഗ്ധ ഡോക്ടർമാർ നേതൃത്വം നൽകി.

**സൗജന്യ ബോധവത്കരണ ക്ലാസ്സ് – ചേർപ്പുങ്കൽ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ചേർപ്പുങ്കൽ മാർ സ്ലീവാ കോളജ് ഓഫ് നഴ്സിംഗിൽ സൗജന്യ ബോധവത്കരണക്ലാസ്സ് നടത്തി. പൾമണറി വിഭാഗം അസോസിയേറ്റ് കൺസൾട്ടന്റ് ഡോ. മിഥുൻ ജെ. നേതൃത്വം നൽകി.

**സൗജന്യ ബോധവത്കരണക്ലാസ്സ് – എസ്.എച്ച്. മൗണ്ട്**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കോട്ടയം എസ്.എച്ച്. മൗണ്ട് സീനിയർ സിറ്റിസൻസ് ഫോറവുമായി സഹകരിച്ച് അസ്ഥിസംബന്ധമായ രോഗങ്ങളെക്കുറിച്ച് സൗജന്യ ബോധവത്കരണക്ലാസ്സ് നടത്തി. ഓർത്തോപീഡിക്സ് വിഭാഗം കൺസൾട്ടന്റ് ഡോ. സിജോ ഏബ്രഹാം ക്ലാസ്സ് നയിച്ചു.

**സൗജന്യ ബോധവത്കരണ ക്ലാസ്സ് – കോട്ടയം**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കോട്ടയം എം.എം. പബ്ലിക്കേഷനുമായി സഹകരിച്ചു സൗജന്യ കാൻസർ ബോധവത്കരണക്ലാസ്സ് നടത്തി. സർജിക്കൽ ഓങ്കോളജി വിഭാഗം കൺസൾട്ടന്റ് ഡോ. ജോഫിൻ കെ. ജോണി ക്ലാസ്സ് നയിച്ചു.

**സൗജന്യ ബോധവത്കരണ ക്ലാസ്സും വൈദ്യസഹായവും - ഓമല്ലൂർ**

വീ കാൻ സർവ്വീസ് ആൻഡ് ചാരിറ്റബിൾ ഫൗണ്ടേഷന്റെ നേതൃത്വത്തിൽ ഓമല്ലൂർ കനാൽ പ്രദേശത്ത് നടത്തിയ ഫുഡ് ഫെസ്റ്റിൽ മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ സൗജന്യ ബോധവത്കരണക്ലാസ്സും വൈദ്യസഹായവും നൽകി. ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ. സിസ്റ്റർ ജൂലി എലിസബത്ത് പേരന്റിംഗ് എന്ന വിഷയത്തിൽ ക്ലാസ്സ് നയിച്ചു.

**സൗജന്യ മെഡിക്കൽ ക്യാമ്പ് - മാഞ്ഞൂർ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ മാഞ്ഞൂർ ഗ്രാമപഞ്ചായത്ത്, മാഞ്ഞൂർ 12-ാം വാർഡ് വികസനസമിതി എന്നിവയുമായി സഹകരിച്ച് സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. മോൻസ് ജോസഫ് എം.എൽ.എ. ഉദ്ഘാടനം ചെയ്തു. വിദഗ്ധ ഡോക്ടർമാർ പരിശോധനയ്ക്കു നേതൃത്വം നൽകി.

**സൗജന്യ ബോധവത്കരണ ക്ലാസ്സ് - തൊടുപുഴ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ തൊടുപുഴ മേഖലയിലെ ആംബുലൻസ് ഡ്രൈവർമാർക്കായി സൗജന്യ ബോധവത്കരണ ക്ലാസ്സ് നടത്തി. ഇന്റർവെൻഷണൽ ന്യൂറോറേഡിയോളജി വിഭാഗം കൺസൾട്ടന്റ് ഡോ. ജോസ് പോൾ ലൂക്കാസ് ക്ലാസ്സിനു നേതൃത്വം നൽകി.

**ഇന്ത്യൻ സൊസൈറ്റി ഓഫ് ക്രിട്ടിക്കൽ കെയർ മെഡിസിൻ സെമിനാർ മാർ സ്ലീവാ മെഡിസിറ്റിയിൽ നടന്നു**

ഇന്ത്യൻ സൊസൈറ്റി ഓഫ് ക്രിട്ടിക്കൽ കെയർ മെഡിസിന്റെ നേതൃത്വത്തിൽ സി.എം.ഇയുടെ (Continuing Medical Education) ഭാഗമായി സെമിനാർ മാർ സ്ലീവാ മെഡിസിറ്റിയിൽ നടത്തി. വിവിധ ആശുപത്രികളിലെ ക്രിട്ടിക്കൽ കെയർ വിഭാഗം ഡോക്ടർമാർ പങ്കെടുത്തു. ആശുപത്രി മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ ഉദ്ഘാടനം ചെയ്തു.

**സൗജന്യ വൈദ്യസഹായം നൽകി**

കോട്ടയം ജില്ല പോലീസ് വാർഷികമീറ്റിന്റെ ഭാഗമായി പാലായിൽ നടന്ന സ്പോർട്സ് മത്സരങ്ങൾക്ക് മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ സൗജന്യ വൈദ്യസഹായം നൽകി.

**സൗജന്യ ഹൃദയാരോഗ്യ ബോധവത്കരണക്ലാസ്സ് - കോട്ടയം**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ സംസ്ഥാന പോലീസ് പെൻഷനേഴ്സ് വെൽഫെയർ അസോസിയേഷൻ കോട്ടയം ജില്ല കമ്മിറ്റിയുമായി സഹകരിച്ചു സൗജന്യ ഹൃദയാരോഗ്യ ബോധവത്കരണക്ലാസ്സ് നടത്തി. കാർഡിയോളജി വിഭാഗം കൺസൾട്ടന്റ് ഡോ. രാജീവ് എബ്രഹാം ക്ലാസ്സിനു നേതൃത്വം നൽകി.

**സൗജന്യ ബോധവത്കരണക്ലാസ്സ് - മണർകാട്**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ സീനിയർ സിറ്റിസൺസ് ഫോറം മണർകാട് യൂണിറ്റുമായി സഹകരിച്ച് സൗജന്യ ബോധവത്കരണക്ലാസ്സ് നടത്തി. ന്യൂറോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. അരുൺ ജോർജ് തറയാനിൽ ക്ലാസ്സ് നയിച്ചു.

**സൗജന്യ മെഡിക്കൽ ക്യാമ്പ് – മുടിയൂർക്കര**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ മുടിയൂർക്കര ഹോളി ഫാമിലി പള്ളിയുമായി സഹകരിച്ച് സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. വിദഗ്ധ ഡോക്ടർമാർ പരിശോധനയ്ക്കു നേതൃത്വം നൽകി.

**സൗജന്യ കാൻസർ ബോധവത്കരണ ക്ലാസ്സ് – കങ്ങഴ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കങ്ങഴ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിൽ നടത്തിയ ദ്യുതി – 2025 പരിപാടിയുടെ ഭാഗമായി സൗജന്യ കാൻസർ ബോധവത്കരണക്ലാസ്സ് നടത്തി. സർജിക്കൽ ഓങ്കോളജി വിഭാഗം കൺസൾട്ടന്റ് ഡോ. ജോഫിൻ കെ. ജോണി ക്ലാസ്സിനു നേതൃത്വം നൽകി.

**ലഹരിവിരുദ്ധ സന്ദേശയാത്രയിൽ മാർ സ്ലീവാ മെഡിസിറ്റിയും പങ്കാളികളായി**

സംസ്ഥാന കായികവകുപ്പു മന്ത്രി വി. അബ്ദുറഹ്മാൻ നയിക്കുന്ന ലഹരി വിരുദ്ധസന്ദേശയാത്രയിൽ മാർ സ്ലീവാ മെഡിസിറ്റിയും മാർ സ്ലീവാ കോളജ് ഓഫ് നഴ്സിംഗും ചേർപ്പുങ്കൽ മുതൽ ഏറ്റുമാനൂർവരെ പങ്കാളികളായി. ജോസ് കെ. മാണി എം.പി ഫ്ളാഗ് ഓഫ് നിർവ്വഹിച്ചു.

**സൗജന്യ പിഎഫ്ടി, ബ്ലഡ് ഗ്രൂപ്പിംഗ് ക്യാമ്പുകൾ നടത്തി**

പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലി, മാർ സ്ലീവാ മെഡിസിറ്റിയുടെ അഞ്ചാം വാർഷികം എന്നിവയോട് അനുബന്ധിച്ച് നടപ്പാക്കുന്ന സാമൂഹികപദ്ധതികളുടെ ഭാഗമായി പൂവക്കുളം സെന്റ് മേരീസ് ചർച്ച്, വാര്യാനിക്കാട് സെന്റ് ജോസഫ് ചർച്ച്, ഇടമറ്റം സെന്റ് മൈക്കിൾസ് ചർച്ച്, പെരിങ്ങുളം സേക്രഡ് ഹാർട്ട് ചർച്ച് എന്നിവടങ്ങളിൽ സൗജന്യ പിഎഫ്ടി, ബ്ലഡ് ഗ്രൂപ്പിംഗ് ക്യാമ്പുകൾ നടത്തി. പൾമണറി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. ജെയ്സി തോമസ്, കൺസൾട്ടന്റ് ഡോ. രാജ്കൃഷ്ണൻ എസ്, അസോസിയേറ്റ് കൺസൾട്ടന്റ് ഡോ. മിഥുൻ ജെ എന്നിവർ നേതൃത്വം നൽകി.

**ഫാ. ജോസഫ് കണിയോടിക്കൽ**
മാനേജിങ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ

# അൽഫോൻസാ തീർഥാടനകേന്ദ്രം

**കബറിടം സന്ദർശിച്ച വിശിഷ്ടവ്യക്തികൾ**

* മാർ ജോസഫ് സ്രാമ്പിക്കൽ (ഗ്രേറ്റ് ബ്രിട്ടൻ)
* ബിഷപ് സ്റ്റാൻലി റോമൻ (കൊല്ലം മുൻബിഷപ് )
* മാർ ജെയിംസ് അത്തിക്കളം (സാഗർ)
* മാർ അലക്സ് താരാമംഗലം (മാനന്തവാടി)
* മാർ സെബാസ്റ്റ്യൻ വടക്കേൽ (ഉജ്ജൈൻ)

**മേയ് ഫ്ളവർ പ്രോഗ്രാം– 2025**

വിശുദ്ധ അൽഫോൻസാ തീർഥാടനകേന്ദ്രത്തിൽ മെയ് 25 മുതൽ 31 വരെ മേയ്ഫ്ളവർ പ്രോഗ്രാം –2025 എന്ന പേരിൽ ഒരാഴ്ച നീണ്ടുനിന്ന ആത്മീയ

ശുശ്രൂഷ നടന്നു. വിവിധ ദിവസങ്ങളിലായി യുവമാതാപിതാക്കൾക്കുള്ള ആത്മീയ ശുശ്രൂഷ, അൽഫോൻസിയൻ കുടുംബസമ്മേളനം, വോളണ്ടിയേഴ്സ് കുടുംബ സമ്മേളനം, സീനിയർ സിസ്റ്റേഴ്സിനുള്ള ആത്മീയശുശ്രൂഷ, ജൂനിയർ സമർപ്പിതർക്കുള്ള ശുശ്രൂഷ, അൽഫോൻസിയൻ അധ്യാപകക്കൂട്ടായ്മ, വിദ്യാലയ വർഷാരംഭപ്രാർത്ഥന എന്നിവ നടന്നു. റവ. ഫാ. ആന്റണി തോണക്കര, റവ.ഫാ. തോമസ് കാഞ്ഞിരക്കോണം OFM Cap, റവ. ഫാ. ജോസഫ് കൈതോലിൽ, റവ. ഫാ. ജോസഫ് പറമ്പിത്തടത്തിൽ, റവ. ഫാ. ജീമോൻ പനച്ചിക്കൽകരോട്ട്, പ്രൊഫ. സണ്ണി കുര്യാക്കോസ്, ശ്രീമതി ജിൻസി ജോസഫ് തുടങ്ങിയവർ വിവിധ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**ഇതരസംസ്ഥാന ക്രൈസ്തവസഹോദരങ്ങൾക്കുവേണ്ടിയുള്ള ആത്മീയശുശ്രൂഷ**

ഹിന്ദി സംസാരിക്കുന്ന ഇതരസംസ്ഥാന ക്രൈസ്തവസഹോദരങ്ങൾക്കുവേണ്ടി 2025 മെയ് 4 ഞായറാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് കുമ്പസാരവും, വിശുദ്ധ കുർബാനയും നടത്തപ്പെട്ടു. ഫാ. മാത്യു കാക്കാനിയിൽ എസ്.വി.ഡി ശുശ്രൂഷകൾക്കു നേതൃത്വം വഹിച്ചു.

**ഡീക്കൻ മിനിസ്ട്രി**

വിശുദ്ധ അൽഫോൻസാ തീർഥാടനകേന്ദ്രത്തിൽ ആറു മാസത്തെ ഡീക്കൻ മിനിസ്ട്രിക്കായി ഡീക്കൻ ഡോൺ മേനാച്ചേരി എത്തിച്ചേർന്നു. രാജ്ഘോട്ട് മിഷനുവേണ്ടി പരിശീലനം നേടുന്ന ഡീക്കൻ, സിഎംഐ സഭാംഗമാണ്. ഡീക്കന് തീർഥാടനകേന്ദ്രത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

കഴിഞ്ഞ ഒരു മാസക്കാലം തീർഥാടനകേന്ദ്രത്തിൽ ശുശ്രൂഷ ചെയ്തുവന്നിരുന്ന ഉജ്ജൈൻ രൂപതാംഗമായ സബ് ഡീക്കൻ അൽഫോൻസ് വഴക്കുഴ, ഡീക്കൻപട്ടം സ്വീകരണത്തിനായി തിരികെപ്പോയി. സബ് ഡീക്കന് ഞങ്ങളുടെ ഹൃദയം നിറഞ്ഞ നന്ദിയും പ്രാർഥനാശംസകളും നേരുന്നു.

**അന്യസംസ്ഥാനങ്ങളിൽനിന്നു ഭക്തജനപ്രവാഹം**

മെയ്മാസത്തിൽ കേരളത്തിനുപുറത്തുനിന്നും വിദേശത്തുനിന്നും നിരവധി തീർഥാടകസംഘങ്ങളാണ് തീർഥാടനകേന്ദ്രത്തിൽ എത്തിച്ചേർന്നത്. ഹിന്ദി, തമിഴ്, തെലുങ്ക്, കന്നഡ, ഗുജറാത്തി, ഇംഗ്ലീഷ്, ഇറ്റാലിയൻ എന്നീ ഭാഷകളിൽ വിശുദ്ധ കുർബാനകളും തീർഥാടകസംഘങ്ങൾ അർപ്പിക്കുകയുണ്ടായി.

**രാത്രിയാരാധന**

പാലാ ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യത്തിൽ മെയ് 31 ശനിയാഴ്ച രാത്രിയാരാധന നടത്തപ്പെട്ടു. വൈകുന്നേരം 7 മണിക്ക് വിശുദ്ധ കുർബാനയോടെ ആരംഭിച്ച രാത്രിയാരാധന രാവിലെ 4 മണിക്ക് വിശുദ്ധ കുർബാനയോടെ അവസാനിച്ചു. റവ. ഫാ. ജോർജ് കാരാംവേലിൽ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**മെയ് മാസത്തിൽ ജപമാലപ്രദക്ഷിണത്തിന് നേതൃത്വം നൽകിയവർ**

മെയ് 10-ഫാ. ജോസഫ് കുവള്ളൂർ

മെയ് 17 -ഫാ. ആന്റണി തയ്യിൽ

**ഫാ. അഗസ്റ്റിൻ പാലയ്ക്കപ്പറമ്പിൽ** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**പുതിയ വിശ്വാസപരിശീലനവർഷാരംഭം 2025-2026**

പുതിയ വിശ്വാസപരിശീലനവർഷം (2025-2026) ജൂൺ 1, ഞായറാഴ്ച ആരംഭിച്ചു. ഒന്നാം ക്ലാസ്സിലേക്കുള്ള കുട്ടികളുടെ പ്രവേശനവും മറ്റു കുട്ടികളുടെ ക്ലാസ് കയറ്റവും മറ്റു വർഷാരംഭപ്രവർത്തനങ്ങളും എല്ലാ ഇടവകകളിലും നടത്തപ്പെട്ടു.

**പ്രഥമാധ്യാപകസമ്മേളനം**

2025-26 അധ്യയനവർഷത്തെ പ്രഥമാധ്യാപകരുടെ സമ്മേളനം മെയ് 31, ശനിയാഴ്ച ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടത്തപ്പെട്ടു.

**CTP കോഴ്സ് 2025-2026**

2025 - 2026 വിശ്വാസപരിശീലനവർഷത്തിലെ CTP കോഴ്സ് ജൂൺ 14 ശനിയാഴ്ച ഭരണങ്ങാനം മാതൃഭവനിൽ ആരംഭിക്കുന്നതാണ്. പുതിയ വർഷത്തേക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു.

**പ്രതിഭാസംഗമം**

മെയ് 8,9,10 തീയതികളിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്ന സഭാതലപ്രതിഭാസംഗമത്തിൽ പാലാ രൂപതയെ പ്രതിനിധീകരിച്ച് അഗസ്റ്റിൻ ബിനോയ് മുളന്തറവയലിൽ (രാമപുരം), ജൊഹാൻ സാനു താഴത്തുവരിക്കയിൽ (ഇടപ്പാടി), ഏയ്ഞ്ചൽ റോസ് ജോസഫ്, കോക്കാട്ടുകുന്നേൽ (മേലുകാവുമറ്റം ഇടവക), മരിയ ബിനോയ് കൊട്ടോടത്തിൽ എന്നിവർ പങ്കെടുത്തു. നമ്മുടെ രൂപതയിൽനിന്നു പങ്കെടുത്ത ഏയ്ഞ്ചൽ റോസ് ജോസഫ് കോക്കാട്ടുകുന്നേൽ (മേലുകാവുമറ്റം ഇടവക) വിജയികളായ പത്തു പ്രതിഭകളിൽ ഒരാളായി തിരഞ്ഞെടുക്കപ്പെട്ടു.

**ഡയറക്ടേഴ്സ് മീറ്റിങ്**

2025 മെയ് 3 ന് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന ഡയറക്ടേഴ്സ് മീറ്റിങ്ങിൽ പാലാ രൂപതയെ പ്രതിനിധീകരിച്ച് വിശ്വാസപരിശീലനകേന്ദ്രം ഡയറക്ടർ റവ. ഫാ. ജോർജ്ജ് വർഗീസ് ഞാറക്കുന്നേൽ പങ്കെടുത്തു.

**സ്കോളർഷിപ്പ് പരീക്ഷ**

2025 മെയ് 18 -ാം തീയതി ഞായറാഴ്ച രണ്ടുമുതൽ നാലുവരെ അരുവിത്തുറ, കുറവിലങ്ങാട്, പാലാ, തുടങ്ങനാട് എന്നിങ്ങനെ നാലു കേന്ദ്രങ്ങളിൽവച്ച് 2024-2025 അധ്യയനവർഷത്തെ സ്കോളർഷിപ്പ് പരീക്ഷ നടത്തപ്പെട്ടു.

**വിചിന്തനം ക്യാമ്പ്**

9-ാം ക്ലാസ്സിൽനിന്ന് 10-ാം ക്ലാസ്സിലേക്കു കയറുന്ന കുട്ടികൾക്കായുള്ള മെയ് മാസത്തിലെ വിചിന്തനം ക്യാമ്പുകൾ 2,3,5,6,7,24 തീയതികളിലായി ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടത്തപ്പെട്ടു.

**സേ പരീക്ഷ**

2023-24 വർഷത്തെ വാർഷികപ്പരീക്ഷയിൽ വിജയിക്കാത്തവർക്കും ന്യായമായ കാരണത്താൽ പരീക്ഷ എഴുതാൻ സാധിക്കാത്തവർക്കുമായി 2025 മെയ് 4 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെയുള്ള സമയത്ത് സേ പരീക്ഷ നടത്തപ്പെട്ടു.

**അധ്യാപകസംഗമവും സിമ്പോസിയവും**

2025 മെയ് 25 ന് പാലാ കത്തീഡ്രൽ പള്ളിയിൽ വച്ചു നമ്മുടെ രൂപതയിലെ എല്ലാ വിശ്വാസപരിശീലകർക്കുംവേണ്ടി ഒരു ജൂബിലിസമ്മേളനവും നിഖ്യാസൂനഹദോസുമായി ബന്ധപ്പെടുത്തിയുള്ള ഒരു സിമ്പോസിയവും നടത്തപ്പെട്ടു. രൂപതയിലെ എല്ലാ ഇടവകകളിൽനിന്നുമുള്ള വിശ്വാസപരിശീലകർമപരിപാടിയിൽ പങ്കെടുത്തു.

**അധ്യാപകസമ്മേളനം 12-ാം ക്ലാസ്സ്**

2025 ജൂൺ 15 ന് 12-ാം ക്ലാസ്സിൽ പഠിപ്പിക്കുന്ന വിശ്വാസപരിശീലകർക്കുള്ള അധ്യാപകസംഗമവും പുസ്തകം പരിചയപ്പെടുത്തലും ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടത്തപ്പെടും.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# പാലാ മിഷൻ – ഗുജറാത്ത്

**1. മാസധ്യാനം**

മെയ് 27 ചൊവ്വാഴ്ച വൈദികരുടെ മാസധ്യാനം നടത്തപ്പെട്ടു. റീജണിലെ എല്ലാ വൈദികരും ധ്യാനത്തിൽ സംബന്ധിച്ചു. ഫാ. ജോബി പാലയ്ക്കാത്തടത്തിൽ MST ധ്യാനം നയിച്ചു.

**2. യാത്രയയപ്പ്**

പത്തുവർഷക്കാലം വഡോദര സെന്റ് മേരീസ് ഇടവകയുടെ വികാരിയായും മൂന്നു വർഷക്കാലം ഗുജറാത്ത് റീജിയന്റെ കോർഡിനേറ്റർ ജനറലായും സ്തുത്യർഹമായി സേവനമനുഷ്ടിച്ച് സാംഗ്ലീ മിഷനിലേക്കു സ്ഥലം മാറിപ്പോകുന്ന ഫാ. ജോബി പാലയ്ക്കാത്തടത്തിൽ MST യ്ക്ക് യാത്രയയപ്പ് നൽകി.

**3. സ്വീകരണം**

ഗുജറാത്ത് റീജിയന്റെ പുതിയ കോർഡിനേറ്റർ ജനറലായി നിയമിതനായ ഫാ. മാത്യു പുതിയിടത്തിനു സ്വീകരണം നൽകി.

**4. സ്വീകരണം**

വഡോദര സെന്റ് മേരീസ് ഇടവകയുടെ വികാരിയായി നിയമിതനായ ഫാ. ആന്റോ കുടുക്കാന്തടം MST യ്ക്ക് സ്വീകരണം നൽകി.

**5. മാതൃദിനം**

മാതൃവേദി ഗുജറാത്ത് റീജിയന്റെ ആഭിമുഖ്യത്തിൽ മാതൃദിനം ആചരിച്ചു.

**ഫാ. ജോർജ് നെല്ലിക്കൽ**

# മിഷൻലീഗ് വാർത്തകൾ

**രൂപത ഭാരവാഹി തിരഞ്ഞെടുപ്പ്**

2025-2026 പ്രവർത്തനകാലയളവിലേക്കുള്ള മിഷൻലീഗ് രൂപത ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടന്നു.

**തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ**

പ്രസിഡന്റ് - ബെന്നി മുത്തനാട്ട് (പ്ലാശനാൽ)

സെക്രട്ടറി - ഡോ. ടോം ജോസ് ഒട്ടലാങ്കൽ (ചേന്നാട്)

ഓർഗനൈസർ- ജോർജിൻ ജോയ് പുത്തൻപുരയിൽ (മുത്തോലപുരം)

വൈസ് പ്രസിഡന്റ് - ദിയ ഫ്രാങ്ക്സൺ (കുറവിലങ്ങാട്)

ജോ. സെക്രട്ടറി - ലിഷ വർഗീസ് (രത്നഗിരി)

**റീജിയണൽ ഓർഗനൈസേഴ്സ്**

അരുവിത്തുറ റീജിയൺ - അമൽ മോൻസി (ചേന്നാട്)

പാലാ റീജിയൺ - സച്ചിൻ സി മറ്റത്തിൽ (ചേർപ്പുങ്കൽ)

തുടങ്ങനാട് റീജിയൺ - അമൽ ജോർജ് (മൂലമറ്റം)

കുറവിലങ്ങാട് റീജിയൺ - ലിജോ ടോമി (കുറവിലങ്ങാട്)

രാമപുരം റീജിയൺ - ഐവാൻ മാത്യു (രാമപുരം)

മുട്ടുചിറ റീജിയൺ - സിജോ സ്കറിയ ( മുട്ടുചിറ)

**രൂപത എക്സിക്യൂട്ടീവ്**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതാസമിതിയുടെ 2025 മെയ് മാസത്തെ എക്സിക്യൂട്ടീവ് യോഗം മെയ് മാസം നാലാം തീയതി ഉച്ചകഴിഞ്ഞ് 3:00 മണിക്ക് ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടന്നു. മിഷൻലീഗ് രൂപത പ്രസിഡന്റ് ശ്രീ ബെന്നി മുത്തനാട്ട് അധ്യക്ഷത വഹിച്ച യോഗത്തിൽ, രൂപത സെക്രട്ടറി ഡോ. ടോം ജോസ് ഒട്ടലാങ്കൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. മിഷൻലീഗ് രൂപത ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ മിഷൻലീഗിന്റെ ഏപ്രിൽ മാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും മെയ് മാസത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ യോഗത്തിൽ വിശദീകരിക്കുകയും ചെയ്തു.

**സംസ്ഥാന മാനേജിംഗ് കമ്മറ്റി**

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാനസമിതിയുടെ നേതൃത്വത്തിൽ ഭരണങ്ങാനം മാതൃഭവനിൽവച്ച് 2025 മെയ് 12 ന് നടന്ന സംസ്ഥാന മാനേജിംഗ് കമ്മിറ്റി യോഗത്തിൽ മിഷൻ ലീഗ് പാലാ രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.

**സംസ്ഥാന ജോയിന്റ് സെക്രട്ടറിയായി തിരഞ്ഞെടുത്തു**

ചെറുപുഷ്പ മിഷൻലീഗ് കേരള സംസ്ഥാനസമിതിയിലെ പുതിയ ജോ. സെക്രട്ടറിയായി പാലാ രൂപതയിലെ രത്നഗിരി ശാഖാംഗമായ ലിഷാ വർഗീസ് ഓലിക്കൽ തിരഞ്ഞെടുക്കപ്പെട്ടു.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**സ്റ്റേറ്റ് ക്യാമ്പ്**

മേയ് 1,2,3 തീയതികളിലായി മഞ്ഞുമ്മൽ കാർമൽ റിട്രീറ്റ് സെന്ററിൽ വച്ചു നടന്ന സ്റ്റേറ്റ് ഇലക്ഷൻ ക്യാമ്പിൽ പാലാ രൂപതയിൽനിന്നും ആറു കുട്ടികൾ പങ്കെടുത്തു.

**തിരഞ്ഞെടുക്കപ്പെട്ടു**

മേയ് 1,2,3 തീയതികളിലായി മഞ്ഞുമ്മൽ കാർമൽ റിട്രീറ്റ് സെന്ററിൽ വച്ചു നടന്ന സ്റ്റേറ്റ് ഇലക്ഷൻ ക്യാമ്പിൽ പങ്കെടുത്ത ആൽഫേജ് ജോസഫ് (സെന്റ് മേരീസ് എച്ച്.എസ്.എസ്, ഭരണങ്ങാനം) എച്ച്.എസ് സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു.

**അവധിക്കാല സീനിയേഴ്സ് ക്യാമ്പ്**

മെയ് 12,13 തീയതികളിലായി പാലാ ചെത്തിമറ്റം ക്രിസ്തുജ്യോതി റിട്രീറ്റ് സെന്ററിൽ വച്ച് കുട്ടികൾക്കായുള്ള അവധിക്കാലക്യാമ്പ് (LAETUS)നടത്തപ്പെട്ടു. എച്ച്.എസ്, എച്ച്.എസ്.എസ് കുട്ടികൾക്കായി നടന്ന ക്യാമ്പിൽ 69 കുട്ടികൾ പങ്കെടുത്തു. പാലാ രൂപത എസ്.എം.വൈ.എം ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. സാബു തോമസ് വല്ലയിൽ കുട്ടികൾക്കായി കാസ്സ് എടുത്തു.

**അവധിക്കാല ജൂനിയേഴ്സ് ക്യാമ്പ്**

യു.പി. വിഭാഗത്തിനായുള്ള അവധിക്കാല ജൂണിയേഴ്സ് ക്യാമ്പ് മെയ് 20, 21 തീയതികളിലായി പാലാ ചെത്തിമറ്റം ക്രിസ്തുജ്യോതി റിട്രീറ്റ് സെന്ററിൽ വച്ച് നടത്തപ്പെട്ടു. 66 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. എയ്സ്വിൻ അഗസ്റ്റിൻ, ജോഗേഷ് തോമസ് എന്നിവർ ക്ലാസ്സ് എടുത്തു.

**ഫാ. ജോർജ് പുല്ലുകാലായിൽ** (ഡയറക്ടർ)
**ഫാ. തോമസ് പുതുപ്പറമ്പിൽ** (അസി. ഡയറക്ടർ)

# എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**സൗജന്യ മെഡിക്കൽ ക്യാമ്പ്**

എസ്.എം.വൈ.എം. പാലാ രൂപതയുടെയും മാർ സ്ലീവാ മെഡിസിറ്റിയുടെയും സഹകരണത്തോടെ എസ്.എം.വൈ.എം. ഏന്തയാർ, പെരിങ്ങുളം, ഭരണങ്ങാനം ഫൊറോന & ഇടമറ്റം, വാരിയാനിക്കാട് എന്നിവിടങ്ങളിൽവച്ച് സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തപ്പെട്ടു.

**ആദരാഞ്ജലികൾ**

പഹൽഗാം സംഭവം തീവ്രവാദപ്രവർത്തനമല്ല, ഭീകരവാദമാണ്. അത് നടത്തിയത് തീവ്രവാദികളല്ല; മറിച്ച്, ഭീകരവാദികളാണ്. ഭീകരവാദികളെ തീവ്രവാദികൾ എന്നു വിളിച്ച് ലഘൂകരിക്കുന്നവർ ഈ രാജ്യത്ത് സമാധാനം ഉണ്ടാകാനുള്ള അവസരങ്ങൾക്കു തുരങ്കം വയ്ക്കുകയാണ് ചെയ്യുന്നത്. പഹൽഗാം ഭീകരാക്രമണ

ത്തിൽ കൊല്ലപ്പെട്ട സഹോദരങ്ങൾക്ക് എസ്.എം.വൈ.എം. പാലാ രൂപതയുടെ ആദരാഞ്ജലികൾ.

**പ്രാർഥനാശംസകൾ**

മേൽപ്പട്ടശുശ്രൂഷയുടെ 21 വർഷങ്ങൾ പൂർത്തിയാക്കുന്ന പാലാ രൂപതയുടെ അധ്യക്ഷൻ ആവൂൻ കല്ലറങ്ങാട്ട് മാർ യൗസേപ്പ് മെത്രാന് രൂപത യുവജനപ്രസ്ഥാനത്തിന്റെ പ്രാർത്ഥനാശംസകൾ നേർന്നു.

**പ്രാർഥനാശംസകൾ**

ആഗോള കത്തോലിക്കാസഭയുടെ വലിയ ഇടയൻ ലെയോ പതിന്നാലാമൻ പാപ്പയ്ക്ക് പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ പ്രാർഥനാശംസകൾ.

**പ്രാർഥനാശംസകൾ**

വൈദികവസ്ത്രം സ്വീകരിച്ച എസ്.എം.വൈ.എം. പാലാ രൂപതയുടെ മുൻ റീജന്റ് ബ്രദേഴ്സായ ബ്രദർ ജോസഫ് തുരുത്തേൽ, ബ്രദർ സെബാസ്റ്റ്യൻ പൊതീട്ടേൽ എന്നിവർക്ക് പ്രാർഥനാശംസകൾ നേർന്നു.

**അഭിനന്ദനങ്ങൾ**

എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ച എല്ലാ സഹോദരങ്ങൾക്കും പാലാ രൂപത യുവജനകുടുംബത്തിന്റെ അഭിനന്ദനങ്ങൾ നേർന്നു.

**എസ്.എം.വൈ.എം. നേതൃത്വപരിശീലന ക്യാമ്പിനു തുടക്കമായി**

പാലാ രൂപത യുവജനപ്രസ്ഥാനം എസ്.എം.വൈ.എം.– കെ.സി.വൈ.എം. പാലാ രൂപതയുടെ നേതൃത്വപരിശീലന ക്യാമ്പ് വൈ.എ.റ്റി.പിക്ക് തുടക്കമായി. ഗ്രേറ്റ് ബ്രിട്ടൺ രൂപത ബിഷപ് മാർ ജോസഫ് സ്രാമ്പിക്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് അൻവിൻ സോണി ഓടച്ചുവട്ടിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ രൂപത ഡയറക്ടർ റവ. ഫാ. മാണി കൊഴുപ്പൻകുറ്റി മുഖ്യപ്രഭാഷണം നടത്തി. വിവിധ സെഷനുകളിലായി നടത്തപ്പെടുന്ന വൈ.എ.റ്റി.പി. പ്രോഗ്രാം ഒരു വർഷം നീണ്ടുനിൽക്കും. യുവജനങ്ങളുടെ ക്രിയാത്മകമായ കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനും അവരെ നേതൃനിരയിലേക്കു വളർത്തിക്കൊണ്ടുവരുന്നതിനും ഉതകുന്ന പ്രവർത്തനങ്ങളാണ് വൈ.എ.റ്റി.പിയിലൂടെ ലക്ഷ്യമാക്കുന്നത്. രൂപത ജനറൽ സെക്രട്ടറി റോബിൻ റ്റി. ജോസ് താന്നിമല, മുൻ രൂപത പ്രസിഡന്റ് എഡ്വിൻ ജോസി, ജോസഫ് തോമസ്, ബെനിസൺ സണ്ണി, ജിസ്മി ഷാജി, നിഖിൽ ഫ്രാൻസിസ്, അലീന കുര്യാക്കോസ്, ടിൻസി ബാബു എന്നിവർ പ്രസംഗിച്ചു.

**ആശംസകൾ**

പാലാ രൂപത പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് പ്രവിത്താനത്തിന്റെ മണ്ണിൽ നടത്തപ്പെട്ട മിഷനറിസംഗമത്തിന് പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ ആശംസകൾ നേർന്നു.

**എസ്.എം.വൈ.എം. പാലാ രൂപത ഫുട്ബോൾ ടൂർണമെന്റിൽ കൂട്ടിക്കൽ ടീം ചാമ്പ്യന്മാരായി**

പാലാ രൂപത യുവജനപ്രസ്ഥാനം എസ്.എം.വൈ.എം. – കെ.സി.വൈ.എം. പാലാ രൂപതയുടെയും ഇലഞ്ഞി ഫൊറോനയുടെയും വടകര യൂണിറ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ നിധീരിക്കൽ മാണിക്കത്തനാർ മെമ്മോറിയൽ 9's

ഫുട്ബോൾ ടൂർണമെന്റ് നടത്തപ്പെട്ടു. വടകര കത്തോലിക്കാ പള്ളി വികാരി ഫാ. ജോൺ പുതിയാമറ്റം ടൂർണമെന്റ് ഉദ്ഘാടനം ചെയ്തു. 37 ടീമുകൾ മാറ്റുരച്ച ടൂർണമെന്റിൽ കൂട്ടിക്കൽ ഫൊറോനയിലെ കൂട്ടിക്കൽ യൂണിറ്റ് ചാമ്പ്യന്മാരായി. പാലാ ഫൊറോനയിലെ കുടക്കച്ചിറ, അരുവിത്തുറ ഫോറോനയിലെ തിടനാട് യൂണിറ്റുകൾ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. എറണാകുളം ഡിവൈഎസ്പി പയസ് പരിയാരത്ത് ട്രോഫികൾ വിതരണം ചെയ്തു. എസ്.എം. വൈ.എം. പാലാ രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, ഇലഞ്ഞി ഫൊറോന ഡയറക്ടർ ഫാ. ജോസഫ് ആലാനിക്കൽ, വടകര യൂണിറ്റ് ഡയറക്ടർ ഫാ. മാത്യു പനങ്ങാട്ട്, എസ്.എം.വൈ.എം. പാലാ രൂപത പ്രസിഡന്റ് അൻവിൻ സോണി ഓടച്ചുവട്ടിൽ, ജനറൽ സെക്രട്ടറി റോബിൻ റ്റി. ജോസ് താന്നിമല എന്നിവർ നേതൃത്വം നൽകി.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

# ജീസസ് യൂത്ത്

**കൗൺസിൽ ആനിമേറ്റർ**

ജീസസ് യൂത്ത് പാലാ സോണൽ കൗൺസിലിന്റെ പുതിയ ആനിമേറ്ററായി സി. മെൽവിൻ FCC യെ നിയമിച്ചു. കണ്ണാടിയുറുമ്പ് മേരി മാതാ സ്കൂൾ അദ്ധ്യാപിക യാണ് സി. മെൽവിൻ.

**ദൈവവിളി**

ജീസസ് യൂത്ത് സജീവപ്രവർത്തകയും പാലാ അൽഫോൻസാ കോളേജ് മുൻ കോർഡിനേറ്ററും ആയിരുന്ന എലിസബത്ത് (സി. എൽസാ റോസ് സിഎംസി) കർത്താവിന്റെ കാരുണ്യത്താൽ മെയ് എട്ടാം തീയതി പാലാ സെന്റ് തോമസ് കത്തീഡ്രൽ ദേവാലയത്തിൽ വച്ച് കർമ്മലീത്ത സന്യാസിനീസമൂഹത്തിൽ വ്രത വാഗ്ദാനം നടത്തി സഭാവസ്ത്രം സ്വീകരിച്ചു.

**മ്യൂസിക് മിനിസ്ട്രി ഗ്യാതറിങ്**

സംഗീതത്തിൽ അഭിരുചിയുള്ള യുവജനങ്ങളെ ഒരുമിച്ചുചേർത്ത് ക്രിസ്തു വിനുവേണ്ടി ആ കഴിവുകളെ ഉപയോഗപ്പെടുത്തുവാൻ സഹായിക്കുന്നതിനായി മെയ് 18 ന് കണ്ണാടിയുറമ്പ് മേരിമാതാ സ്കൂളിൽ വച്ച് സംഗീതക്കൂട്ടായ്മ സംഘ ടിപ്പിച്ചു. ഇരുപതിലധികം യുവജനങ്ങൾ ഈ കൂട്ടായ്മയിൽ പങ്കെടുത്തു.

**IGNITE**

മെയ് 1-4, 5-8, 12-15, 19-22 തീയതികളിലായി കടുത്തുരുത്തി SVD ധ്യാനകേന്ദ്ര ത്തിന്റെയും ജീസസ് യുത്തിന്റെയും നേതൃത്വത്തിൽ അഞ്ചുമുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കുട്ടികൾക്കായി IGNITE ക്രിസ്റ്റീൻ ധ്യാനം നടത്തപ്പെട്ടു.

**ഫോർ മൈഫ്രണ്ട്**

പുതിയ അധ്യയനവർഷത്തിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർഥികളെ സഹായിക്കുവാനായി ഫോർ മൈ ഫ്രണ്ട് എന്ന പേരിൽ ബാഗ്, യൂണിഫോം, കുട, നോട്ടുബുക്ക് നൽകുന്നതിനായി ജീസസ് യൂത്ത് അംഗങ്ങളിൽ നിന്ന് ധനസമാഹരണം നടത്തി.

**ബുധനാഴ്ചക്കൂട്ടായ്മ**

എല്ലാ ബുധനാഴ്ചയും വൈകിട്ട് 5:15 ന്റെ വിശുദ്ധ കുർബാനയ്ക്കുശേഷം ളാലം പള്ളിയിലെ മിനി ഹാളിൽ വച്ച് ബുധനാഴ്ചക്കൂട്ടായ്മ നടന്നുവരുന്നു.

**നൈറ്റ് വിജിൽ**

2025 മെയ് 2, ആദ്യവെള്ളിയാഴ്ച പാലാ ളാലം പുത്തൻ പള്ളിയിൽ വച്ച് വൈകുന്നേരം ഏഴര മുതൽ മെയ് 3 രാവിലെ 6 മണി വരെ സോണൽ നൈറ്റ് വിജിൽ നടത്തപ്പെട്ടു. പാലാ സോണിന്റെ വിവിധ നിയോഗങ്ങൾക്കായി പ്രാർത്ഥിച്ചു.

**തുടരും (ബ്ലൂമിങ് റോസസ് ഫോളോ അപ്പ്)**

ഏപ്രിൽ മാസം നടത്തപ്പെട്ട ബ്ലൂമിങ് റോസസിന്റെ തുടർച്ചയായി പങ്കെടുത്ത കുട്ടികളെ മെയ് 13, 15 തീയതികളിലായി ഫൊറോന അടിസ്ഥാനത്തിൽ ഒരുമിച്ചുകൂട്ടുകയും അനുദിനം ക്രിസ്തുവിൽ ആഴപ്പെടാനുള്ള പ്രചോദനം നൽകുകയും ചെയ്തു. ഈ കൂട്ടായ്മകളിൽ 100 കുട്ടികൾ പങ്കെടുത്തു.

**ഇടവക പ്രോഗ്രാം**

മെയ് 16-ാം തീയതി ചെമ്മലമറ്റം ഇടവകയിലെ യുവജനങ്ങൾക്കായി നടത്തപ്പെട്ട ഏകദിനപ്രോഗ്രാമിൽ നൂറ്റിയിരുപതോളം കുട്ടികൾ പങ്കെടുത്തു. ഉച്ചകഴിഞ്ഞുള്ള പ്രോഗ്രാമിലും ആരാധനയിലും ജീസസ് യൂത്ത് നേതൃത്വം നൽകുകയും പങ്കെടുത്തവരിൽ ഈശോയുടെ സ്നേഹം പങ്കുവയ്ക്കുകയും ചെയ്തു.

**ആരാധന**

എല്ലാ മാസവും ആദ്യതിങ്കളാഴ്ചയും മൂന്നാം തിങ്കളാഴ്ചയും അരുവിത്തുറ സെന്റ് ജോർജ് ഫൊറോന ദൈവാലയത്തിന്റെ ചാപ്പലിൽ വെച്ച് അരുവിത്തുറ ഇടവകയിലെ ജീസസ് യൂത്ത് അംഗങ്ങളുടെ നേതൃത്വത്തിൽ ആരാധന നടത്തി വരുന്നു. അതോടൊപ്പം, പാലാ സോണിന്റെ എല്ലാ നിയോഗങ്ങളും സമർപ്പിച്ചു പ്രാർഥിക്കാനുമായി മെയ് 14 ഉച്ചകഴിഞ്ഞ് 2 മുതൽ 5 മണി വരെ പാലാ SH മീഡിയ ഹൗസിൽ വച്ച് ആരാധന നടത്തപ്പെട്ടു.

**ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ** (ഡയറക്ടർ)

# കുടുംബക്കൂട്ടായ്മ

**1.** 11/5/2025 ഞായറാഴ്ച ഉള്ളനാട് തിരുഹൃദയ ഇടവകയിലെ കുടുംബക്കൂട്ടായ്മാ വാർഷികത്തിൽ രൂപത ഡയറക്ടർ പങ്കെടുക്കുകയും മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു.

**2.** 15/5/2025-ാം തീയതി നരിയങ്ങാനം സെന്റ് മേരി മഗ്ദലിൻ പള്ളിയിൽ ഡയറക്ടർ റവ. ഫാ. ജോസഫ് അരിമറ്റത്തിൽ കുർബാനയർപ്പിച്ചു. കുടുംബക്കൂട്ടായ്മയെ ക്കുറിച്ചു സന്ദേശം നൽകി.

**3.** 17/5/2025 ശനിയാഴ്ച നരിയങ്ങാനം സെന്റ് മേരി മഗ്ദലിൻ പള്ളിയിൽ വികാരി ഫാ. തോമസ് പട്ടേരിയുടെ പ്രാർത്ഥനാശീർവാദത്തോടെ കുടുംബക്കൂട്ടായ്മ രൂപത റിസോഴ്സ് ടീമിന്റെ നേതൃത്വത്തിലുള്ള കൂട്ടായ്മ വാർഡുതലക്ലാസ്സുകൾ നടത്തപ്പെട്ടു.

**4.** 18/5/2025 ഞായറാഴ്ച കുറിച്ചിത്താനം സെന്റ് തോമസ് ഇടവകയിൽ കുടുംബ ക്കൂട്ടായ്മ രൂപത റിസോഴ്സ് ടീമിന്റെ നേതൃത്വത്തിലുള്ള വാർഡുതലക്ലാസുകൾക്ക് വികാരി റവ.ഫാ. ഇഗ്നേഷ്യസ് നടുവിലേക്കുറ്റ് നേതൃത്വം നൽകി.

**5.** 25/5/2025 ഞായറാഴ്ച കുറിച്ചിത്താനം ഇടവകയിലെ പത്തു വാർഡുകളിൽ വാർഡുതലക്ലാസകൾ നടന്നു.

**6.** 27/5/2025 ചൊവ്വാഴ്ച രൂപത കൗൺസിൽ യോഗം രാവിലെ 10.30 ന് ഷലോം പാസ്റ്ററൽ സെന്ററിൽ ചേർന്നു. ഡയറക്ടർ റവ. ഫാ. ജോസഫ് അരിമറ്റത്ത് ഫാ. ആൽബിൻ പുതുപ്പറമ്പിൽ എന്നിവർ സന്ദേശം നൽകി. ഫൊറോനാ കൗൺ സിലുകൾ ശക്തിപ്പെടുത്താനാവശ്യമായ കർമ്മപദ്ധതികൾ തയ്യാറാക്കി.

**ഫാ. ജോസഫ് അരിമറ്റത്ത്**
**ഫാ. തോമസ് പുതുപ്പറമ്പിൽ**
(ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

**A. വിവാഹ ഒരുക്ക ധ്യാനം**

**1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി**

**മെയ് 01-03, 23-25** തീയതികളിലെ വിവാഹ ഒരുക്ക സെമിനാറിൽ 253 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

**ജൂൺ 12-14, 27-29, ജൂലൈ 10-12, 22-24** എന്നീ തീയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

**3. പേരന്റ്സ് മീറ്റ്**

മെയ് മാസത്തിലെ വിവാഹ ഒരുക്കധ്യാനത്തിലെ കുട്ടികളുടെ പേരന്റ്സ് മീറ്റിം ഗിൽ പ്രൊഫ. റ്റി.സി. തങ്കച്ചൻ, റവ. ഡോ. ജോസഫ് കടുപ്പിൽ എന്നിവർ ക്ലാസ്സെ ടുത്തു. 417 മാതാപിതാക്കൾ മീറ്റിങ്ങിൽ പങ്കെടുത്തു.

**4. ഡയറക്ടേഴ്സ് മീറ്റിങ്**

മെയ് 14-ാം തീയതി വയനാട് വച്ചു നടന്ന ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ മാരുടെ മീറ്റിംഗിൽ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ പങ്കെടുത്തു.

**5. യാത്രയയപ്പ്**

മെയ് 22-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക്, ഫാമിലി അപ്പോസ്തലേറ്റിന്റെ ഓഫീസിൽ കഴിഞ്ഞ 6 വർഷക്കാലം ശുശ്രൂഷ ചെയ്ത റവ.സി. ആൻസിലിൻ എസ്.എ.ബി.എസിന് യാത്രയയപ്പ് നൽകി. സമ്മേളനത്തിൽ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ അധ്യക്ഷത വഹിച്ചു. വിവിധ സംഘടനകളുടെ പ്രസി ഡന്റുമാർ സിസ്റ്ററിന് ആശംസകൾ അർപ്പിച്ചു സംസാരിച്ചു. റവ. സി. ആൻസി ലിൻ നന്ദി അർപ്പിച്ചു സംസാരിച്ചു.

**6. സ്വാഗതം**

മെയ് 27-ാം തീയതി ഫാമിലി അപ്പോസ്തലേറ്റിന്റെ ഓഫീസിലേക്ക് സെക്രട്ട റിയായി പുതുതായി ചുമതല ഏൽക്കുന്ന സി. ആൻസി എസ്.എ.ബി.എസിന് സ്വാഗതം ആശംസിച്ചു.

## B. പിതൃവേദി

### 1. മെഡിക്കൽ ക്യാമ്പ്

മെയ് 3,17,18 തീയതികളിൽ യഥാക്രമം വിളക്കുമാടം, മേലുകാവുമറ്റം, കുറവിലങ്ങാട് ഇടവകകളിൽ പിതൃവേദിയുടെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തപ്പെട്ടു.

### 2. രൂപതാസമിതി

മെയ് 20-ാം തീയതി ഉച്ചകഴിഞ്ഞ് 3.30 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് പിതൃവേദി രൂപതാസമിതി കൂടി. ജൂൺ 22 ന് നടക്കാൻ പോകുന്ന കുടുംബ സംഗമപരിപാടികളെക്കുറിച്ചു ചർച്ച നടത്തി.

## C. മാതൃവേദി

### 1. ആദരിക്കൽ

മെയ് 4-ാം തീയതി ഉച്ചകഴിഞ്ഞ് 2.45 ന് കുറവിലങ്ങാട് മേഖല മിഷൻ ലീഗിന്റെ നേതൃത്വത്തിൽ നടത്തിയ വലിയ കുടുംബങ്ങളുടെ സംഗമത്തിൽ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ ആശംസകൾ അർപ്പിച്ചുസംസാരിച്ചു. 13 ഇടവകകളിൽനിന്നായി എത്തിയ 63 കുടുംബങ്ങൾക്ക് മെമന്റോ നൽകി ആദരിച്ചു.

### 2. സന്ന്യസ്തസംഗമം

മെയ് 10-ാം തീയതി പ്ലാറ്റിനം ജൂബിലിയുടെ ഭാഗമായി പ്രവിത്താനത്തു വച്ച് നടത്തിയ സന്ന്യസ്തസംഗമത്തിന് പാലാ രൂപത മാതൃവേദിയിൽനിന്ന് 140 പേർ വോളണ്ടിയേഴ്സായി സേവനം അനുഷ്ഠിച്ചു. അവർക്കുള്ള മെമന്റോ വിതരണവും തദവസരത്തിൽ നടന്നു.

### 3. ജൂബിലിയാഘോഷം

മെയ് 12-ാം തീയതി മാതൃവേദി പാലാ രൂപത ജോയിന്റ് ഡയറക്ടർ ആയിരുന്ന ഡോ. സി. എൽസ റ്റോമിന്റെ സന്ന്യസ്തവ്രതവാഗ്ദാന ജൂബിലി യാഘോഷങ്ങൾ സാന്തോം കോൺവെന്റിൽ വച്ച് നടത്തിയപ്പോൾ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

### 4. സെമിനാർ

മെയ് 18-ാം തീയതി മാർ സ്ലീവ മെഡിസിറ്റിയും പിതൃവേദിയും ചേർന്ന് നടത്തുന്ന പക്ഷാഘാത ബോധവത്കരണ സെമിനാറിന്റെ 25-ാമത്തെ പ്രോഗ്രാം കുറവിലങ്ങാട് ഫൊറോനാപ്പള്ളിയിൽ വച്ചു നടന്നു. നന്ദിപ്രകാശമായി മാർ സ്ലീവാ മെഡിസിറ്റി നൽകിയ മെമന്റോ പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ സ്വീകരിച്ചു.

### 5. രൂപതാസമിതി

മെയ് 20-ാം തീയതി രാവിലെ 10 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് മാതൃവേദി രൂപതാസമിതി നടത്തപ്പെട്ടു.

### 6. മെഡിക്കൽ ക്യാമ്പ്

മെയ് 22-ാം തീയതി രാവിലെ 9.30 ന് പ്ലാറ്റിനം ജൂബിലിയുടെ ഭാഗമായി മാതൃവേദിയും മെഡിസിറ്റിയും ചേർന്ന് ഒരുക്കുന്ന മെഡിക്കൽ ക്യാമ്പുകളുടെ അവസാനക്യാമ്പ് കുറിച്ചിത്താനം പള്ളി ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു.

കുറവിലങ്ങാട് മേഖലയിൽനിന്ന് ഏകദേശം 150 പേർ ക്യാമ്പിൽ പങ്കെടുത്തു. 25 ക്യാമ്പുകളും വിജയപ്രദമായി പൂർത്തിയാക്കിയതിന്റെ ആദരസൂചകമായി മെഡിസിറ്റി നൽകിയ മെമന്റോ പാലാ രൂപത മാതൃവേദി ഡയറക്ടറും പ്രസിഡന്റും ഏറ്റുവാങ്ങി.

**7. കബറിടസന്ദർശനം**

മെയ് 23-ാം തീയതി 3 മണിക്ക് ധന്യൻ കദളിക്കാട്ടിൽ മത്തായിച്ചന്റെ ചരമവാർഷികത്തോടനുബന്ധിച്ച് മാതൃവേദി അംഗങ്ങൾ കബറിടത്തിങ്കൽ ഒരുമിച്ചുകൂടി പ്രാർഥിച്ചു.

## D. പ്രോലൈഫ്

**1. മീറ്റിങ്**

മെയ് 22-ാം തീയതി ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാസമിതി അംഗങ്ങൾ ഒത്തുചേരുകയും ഫാമിലി അപ്പോസ്തലേറ്റ് ഓഫീസ് സെക്രട്ടറി സി. ആൻസിലിൻ എസ്.എ.ബി.എസിന് യാത്രമംഗളങ്ങൾ നേരുകയും ചെയ്തു.

## E. ഹോംമിഷൻ

മെയ് 7, 8 തീയതികളിൽ പാലാ രൂപത പ്ലാറ്റിനം ജൂബിലിയുടെ ഭാഗമായി നടത്തിയ ഹോംമിഷൻ പ്രോഗ്രാമിന്റെ ഇവാലുവേഷൻ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. വിവിധ ഇടവകയിൽനിന്നു ലഭിച്ച റിപ്പോർട്ടുകൾ ക്രോഡീകരിക്കാൻ തിരുഹൃദയസന്ന്യാസിനീസമൂഹത്തിലെ മൂന്നു സന്ന്യാസിനിമാർ നേതൃത്വം നൽകി.

## F. സീറോ മലബാർ പാലാ മാട്രിമണി

**1. ഡേറ്റ സ്വീകരണം**

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ 'സീറോ മലബാർ മാട്രിമണി' സീറോ മലബാർ സഭയിലെ 35 രൂപതകളുടെയും മാട്രിമണികളുമായി ചേർന്നു പ്രവർത്തിക്കുകയാണ്. നമ്മുടെ രൂപതയിലെ വിവാഹാർഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സീറോ മലബാർ മാട്രിമണിയുടെ പാലാ ഓഫീസിലെ **7306915897, 9778199182** എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**2. സ്റ്റാഫ് മീറ്റിംഗ്**

മെയ് 20-ാം തീയതി മാട്രിമണിയുടെ സ്റ്റാഫ് അംഗങ്ങൾക്കായുള്ള ഓൺലൈൻ മീറ്റിങ് നടത്തി കാര്യങ്ങൾ ചർച്ച ചെയ്തു.

**3. ഡയറക്ടേഴ്സ് മീറ്റിംഗ്**

മെയ് 21-ാം തീയതി മാട്രിമണിയുടെ ഡയറക്ടേഴ്സ് മീറ്റിംഗ് പാലായിൽ വച്ചു നടത്തി. ഏഴു രൂപതകളിലെ ഡയറക്ടേഴ്സ് പ്രസ്തുത മീറ്റിംഗിൽ പങ്കെടുത്തു.

## G. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള **മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ അമ്മമാർക്കും കുട്ടികൾക്കുമായി ഹോംസയൻസ് ക്ലാസ്സുകൾ**

**നടത്തപ്പെടുന്നു.** ഉത്തമകുടുംബജീവിതത്തിന് ആവശ്യമായ കുടുംബവിജ്ഞാന പരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽപരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബീഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംബോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കോളാഷ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണ മെന്റ്സ് മേക്കിംഗ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടമായി ബന്ധപ്പെടുക. **വിശദവിവരങ്ങൾക്കു വിളിക്കേണ്ട നമ്പർ – 7306293048**

**H. മംഗല്യനിധി**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതി യായ മംഗല്യനിധിവഴി രത്നഗിരി, രാമപുരം, പെരിങ്ങുളം ഇടവകകളിലെ പെൺകു ട്ടികൾക്ക് വിവാഹസഹായം നൽകി.

**ഫാ. ജോസഫ് നരിതൂക്കിൽ (ഡയറക്ടർ)**

# കത്തോലിക്കാ കോൺഗ്രസ്

**107-ാം ജന്മദിനവും അന്തർദ്ദേശീയസമ്മേളനവും**

കത്തോലിക്കാ കോൺഗ്രസിന്റെ 107-ാം ജന്മദിനാഘോഷവും അന്തർദ്ദേശീയ സമ്മേളനവും 2025 മേയ് 17, 18 തീയതികളിൽ പാലക്കാട് രൂപതയുടെ നേതൃത്വ ത്തിൽ നടത്തി. പതാക, ഛായാചിത്രപ്രയാണങ്ങൾ പതാക ഉയർത്തൽ, വർക്കിങ് കമ്മിറ്റി സിറ്റിംഗ്, കേന്ദ്രപ്രതിനിധിസമ്മേളനം, റാലി, പൊതുസമ്മേളനം തുടങ്ങി യവ നടന്നു. പാലക്കാട് കോട്ടമൈതാനത്തുനിന്നാരംഭിച്ച റാലിയിൽ പതിനായിര ങ്ങൾ പങ്കെടുത്തു. ചക്കത്തറ കത്തീഡ്രൽ സ്ക്വയറിൽ നടന്ന പൊതുസമ്മേളനം തലശ്ശേരി ആർച്ചുബിഷപ് മാർ ജോസഫ് പ്ലാംപാനി ഉദ്ഘാടനം ചെയ്തു. ഗ്ലോബൽ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ അധ്യക്ഷത വഹിച്ചു. മാർ പീറ്റർ കൊച്ചു പുരയ്ക്കൽ, മാർ ജേക്കബ് നെത്തോടത്ത്, ഡോ. ജോസുകുട്ടി ഒഴുകയിൽ തുട ങ്ങിയവർ സംസാരിച്ചു.

കേരളത്തില എല്ലാ രൂപതകളിൽനിന്നും ഇന്ത്യയിലും വിദേശങ്ങളിലുംനിന്നുള്ള പ്രതിനിധികൾ റാലിയിലും സമ്മേളനത്തിലും പങ്കെടുത്തു.

**107-ാം ജന്മദിനാഘോഷം രൂപതാതലം**

107-ാം ജന്മദിനം രൂപതാതലത്തിൽ ആഘോഷിച്ചു. മേയ് 4 ന് കൊഴുവ നാൽപള്ളി ഹാളിൽ വച്ച് കൂടിയ സമ്മേളനം അഭിവന്ദ്യ മാർ ജോസഫ് കല്ലറ ങ്ങാട്ട് ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, റവ. ഫാ. ജോസ് നെല്ലി ക്കത്തെരുവിൽ, ജോസ് വട്ടുകുളം, ഫാ. തോമസ് പരിയത്ത്, ജോയി കണിപറ മ്പിൽ, ജോർജ് മണിയങ്ങാട്ട് തുടങ്ങിയവർ സംസാരിച്ചു.

**പതാകദിനം**

107-ാം ജന്മദിനം പ്രമാണിച്ച് 2025 മേയ് 4-ാം തീയതി പതാകദിനമായി ആചരിച്ചു. അന്നേദിവസം യൂണിറ്റുകളിൽ രാവിലത്തെ വിശുദ്ധ കുർബാനയ്ക്കുശേഷം പതാക ഉയർത്തി. രൂപതാതലത്തിൽ കൊഴുവനാൽ പള്ളിയങ്കണത്തിൽ രൂപതാ പ്രസിഡന്റ് എമ്മാനുവൽ നിധീരി പതാക ഉയർത്തി. രൂപത, മേഖല, യൂണിറ്റ് പ്രതിനിധികൾ സന്നിഹിതരായിരുന്നു.

**കർമ്മസേനയുടെ ഉദ്ഘാടനം**

കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ രൂപീകൃതമായ കർമ്മസേനയുടെ ഉദ്ഘാടനം മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, അഡ്വ. ജോൺസൺ വീട്ടിയാങ്കൽ, ജോയി കണിപറമ്പിൽ തുടങ്ങിയവർ സംസാരിച്ചു.

**ഫൊറോന മീറ്റിംഗുകൾ**

**ഇലഞ്ഞി**

മേയ് 11 ന് ഫൊറോനതല ജന്മദിനാഘോഷം ഡയറക്ടർ റവ.ഫാ. ജോസഫ് ഇടത്തുംപറമ്പിൽ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ബേബി ആലുങ്കൽ അധ്യക്ഷത വഹിച്ചു. റോയി ചുണ്ടൻ തുടങ്ങിയവർ ആശംസകൾ നേർന്നു.

**ഭരണങ്ങാനം**

ഫൊറോന സെക്രട്ടറി അരുൺ പോളിന്റെ അധ്യക്ഷതയിൽ ഫൊറോന കമ്മിറ്റി നടത്തി. പൈക യൂണിറ്റ് ഡയറക്ടർ റവ. ഫാ. മാത്യു വാഴയ്ക്കാപ്പാറ ഉദ്ഘാടനം ചെയ്തു. രൂപതാ വൈസ് പ്രസിഡന്റ് ശ്രീമതി സിന്ധു ജെയ്ബു, ജോണി കുന്നപ്പള്ളിൽ തുടങ്ങിയവർ സംസാരിച്ചു.

**യൂണിറ്റ് വാർത്തകൾ**

**ചേർപ്പുങ്കൽ**

ചേർപ്പുങ്കൽ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കത്തോലിക്കാ കോൺഗ്രസിന്റെ സ്ഥാപകനേതാവായ തച്ചിൽ മാത്തൂത്തരകനെ അനുസ്മരിച്ച് സമ്മേളനം റവ. ഫാ. മാത്യു തെക്കേൽ ഉദ്ഘാടനം ചെയ്തു. ശ്രീ മാർട്ടിൻ കോലടി അധ്യക്ഷത വഹിച്ചു. ഫാ. തോമസ് പരിയാത്ത്, ബെല്ലാ സിബി തുടങ്ങിയവർ സംസാരിച്ചു.

**പൈക**

യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ലഹരിവിരുദ്ധദിനം ആചരിച്ചു. ഡയറക്ടർ ഫാ. മാത്യു വാഴയ്ക്കാപ്പാറ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ജോണി കുന്നപ്പള്ളിൽ അധ്യക്ഷത വഹിച്ചു.

**ഇലഞ്ഞി**

സൺഡേ സ്കൂൾ വിദ്യാർഥികൾക്കായി യൂണിറ്റിന്റെ നേതൃത്വത്തിൽ ലഹരിവിരുദ്ധബോധവത്കരണക്ലാസ് നടത്തി. ഗ്ലോബൽ വൈസ് പ്രസിഡന്റ് ശ്രീമതി ട്രീസാ ലിസ് സെബാസ്റ്റ്യൻ ക്ലാസ് നയിച്ചു. ഡയറക്ടർ ഫാ. ജോസഫ് ആലാനി, റോബിൻസ് മാത്യു തുടങ്ങിയവർ സംസാരിച്ചു.

**സമ്മേളനവും സിമ്പോസിയവും**

പാലാ രൂപത പ്ലാറ്റിനം ജൂബിലി സമ്മേളനവും നിഖ്യാസൂനഹദോസിന്റെ 1700-ാം വാർഷികവും പ്രമാണിച്ച് സിമ്പോസിയവും മെയ് 25 ന് രൂപതക്കമ്മിറ്റിയുടെ നേതൃത്വത്തിൽ പാലാ കത്തീഡ്രൽ ഹാളിൽ നടത്തി. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനകർമ്മം നിർവഹിച്ചു. രൂപത പ്രസിഡന്റ് എമ്മാനുവൽ നിധീരി അധ്യക്ഷത വഹിച്ചു. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, റവ. ഡോ. ജോസ് കാക്കല്ലിൽ, ജോയി കണിപറമ്പിൽ തുടങ്ങിയവർ സംസാരിച്ചു. റവ. ഡോ. ജോൺ കണ്ണന്താനം, ഡോ. പ്രിൻസ്മോൻ മണിയങ്ങാട്ട്, റവ. സി. ഡോ. സ്റ്റെല്ലാ എസ്.എച്ച് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. റവ. ഡോ. ജയിംസ് പുലിയുറുമ്പിൽ മോഡറേറ്ററായിരുന്നു.

**ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**വാർഷികാഘോഷങ്ങൾ**

കുറവിലങ്ങാട് ഫൊറോനയിൽ കാളികാവ് കർഷകഫെഡറേഷന്റെയും മലർവാടി കർഷകദളത്തിന്റെയും വാർഷികം ആഘോഷിച്ചു. പി.എസ്.ഡബ്ല്യു.എസ് ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ വാർഷികാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. കാളികാവ് സെന്റ് സെബാസ്റ്റ്യൻസ് പള്ളി വികാരി ഫാ. ജോസഫ് പാണ്ടിയമ്മാക്കൽ ചടങ്ങിനു അദ്ധ്യക്ഷത വഹിച്ചു. സ്വയംസഹായാംഗങ്ങൾ കർഷകഗ്രൂപ്പ് അംഗങ്ങൾ തുടങ്ങിയവരുടെ കലാപരിപാടികൾ, സെമിനാറുകൾ തുടങ്ങിയവ സംഘടിപ്പിച്ചു.

പറത്താനം സ്വാശ്രയസംഘം വാർഷികാഘോഷത്തോടനുബന്ധിച്ച് അഗ്രിഫെസ്റ്റ് നടത്തി. സ്വദേശ, വിദേശ ഫലവൃക്ഷത്തൈകൾ, പൂച്ചെടികൾ, ചെടിച്ചട്ടികൾ, ചെറുധാന്യങ്ങൾ, വിവിധ കാർഷികോപകരണങ്ങൾ, ജൈവവളങ്ങൾ, ജൈവകീടനാശിനികൾ, പോഷകങ്ങൾ, മൂല്യവർധിത ഉത്പന്നങ്ങൾ തുടങ്ങിയവയുടെ വിപണനവും നടത്തി. ഫെസ്റ്റിന്റെ ഉദ്ഘാടനവും വികാരി റവ. ഫാ. ജോസഫ് കൊച്ചുമുറിയിൽ നടത്തി.

മൂഴൂർ സ്വാശ്രയസംഘം വാർഷികവും പ്രതിഭാസംഗമവും നടത്തി. റവ. ഫാ. സെബാസ്റ്റ്യൻ കണിയാമ്പടി(ഡയറക്ടർ സ്വാശ്രയസംഘം)യുടെ അധ്യക്ഷതയിൽ പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ റവ. ഫാ. തോമസ് കിഴക്കേൽ ഉദ്ഘാടനവും പ്രതിഭകളെ ആദരിക്കലും നടത്തി.

ഉള്ളനാട് സ്വാശ്രയസംഘം വാർഷികം പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ റവ. ഫാ. തോമസ് കിഴക്കേൽ ഉദ്ഘാടനം ചെയ്തു. സംഘാംഗങ്ങളുടെ കലാപരിപാടികളും ബോധവത്കരണക്ലാസ്സുകളും നടത്തി.

ചെമ്മലമറ്റം സ്വാശ്രയസംഘത്തിന്റെ 20-ാമത് വാർഷികാഘോഷവും വനിതാദിനവും സ്വാശ്രയസംഘം പ്രസിഡന്റ് ശ്രീ സോജൻ തോമസിന്റെ അധ്യക്ഷതയിൽ പി.എസ്.ഡബ്ല്യു.എസ് ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ ഉദ്ഘാടനം

നിർവഹിച്ചു. സ്വാശ്രയസംഘം രക്ഷാധികാരി റവ. ഫാ. സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ മീറ്റിങ്ങിൽ സംബന്ധിച്ചു. റവ. ഫാ. ജേക്കബ് കടുതോടിൽ വനിതാദിനസന്ദേശം നല്കി.

തീക്കോയി സോണൽ വാർഷികവും കർഷകസംഗമവും വിവിധ പരിപാടികളോടെ നടത്തപ്പെട്ടു. തീക്കോയി സെന്റ് മേരീസ് പാരീഷ്ഹാളിൽ വച്ച് അസി. വികാരി ഫാ. ടോം വാഴയിലിന്റെ അധ്യക്ഷതയിൽ ഫൊറോന വികാരി റവ. ഫാ. ജോർജ് വെട്ടുകല്ലേൽ ഉദ്ഘാടനം ചെയ്തു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ റവ. ഫാ. തോമസ് കിഴക്കേൽ മുഖ്യപ്രഭാഷണം നടത്തി.

പാലാ മാർസ്ലീവാ മെഡിസിറ്റി ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ. സിസ്റ്റർ ജൂലി എലിസബത്ത് 'മാനസികാരോഗ്യം കുടുംബങ്ങളിൽ' എന്ന വിഷയത്തിൽ ക്ലാസ്സു നയിച്ചു. അഗ്രിമ സെൻട്രൽ നഴ്സറി സ്റ്റാൾ ഉൾപ്പെടെ വിവിധ കർഷകദളങ്ങളുടെ മൂല്യവർധിത ഉത്പന്നങ്ങളുടെ സ്റ്റാളുകൾ ഉണ്ടായിരുന്നു.

ഭരണങ്ങാനം ഫൊറോനയിലെ വിവിധ പള്ളികളിലെ സ്വയംസഹായസംഘങ്ങൾ, കർഷകദളങ്ങൾ എന്നിവയുടെ സംയുക്തവാർഷികാഘോഷം പാരീഷ് ഹാളിൽവച്ച് പി.എസ്.ഡബ്ല്യു.എസ് അസി. ഡയറക്ടർ റവ. ഫാ. ജോസഫ് താഴത്തുവരിക്കയിൽ നിർവഹിച്ചു. സോൺ ഡയറക്ടർ റവ. ഫാ. മാത്യു തയ്യിൽ, റീജണൽ കോർഡിനേറ്റർ സിബി കണിയാംപടി തുടങ്ങിയവർ പങ്കെടുത്തു.

അരുവിത്തുറ സോണൽ വാർഷികവും ബോധവത്കരണക്ലാസ്സും നടത്തി. പരിപാടിയുടെ ഉദ്ഘാടനം ഫൊറോന വികാരി റവ. ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേലിന്റെ അദ്ധ്യക്ഷതയിൽ പി.എസ്.ഡബ്ല്യു.എസ് ഡയറക്ടർ റവ. ഫാ. തോമസ് കിഴക്കേൽ നിർവഹിച്ചു. 'കുടുംബങ്ങൾ ആധുനികലോകത്തിൽ' എന്ന വിഷയത്തെ ആസ്പദമാക്കി പ്രശസ്ത സൈക്കോളജിസ്റ്റും ഫിസിഷ്യനുമായ ഡോ. പി.എം. ചാക്കോ സെമിനാർ നയിച്ചു.

**ലഹരിവിരുദ്ധപ്രവർത്തനങ്ങൾ**

വാലാച്ചിറ സ്വാശ്രയസംഘം 'വിമുക്തി 2025' എന്ന പേരിൽ ലഹരിക്കെതിരേയുള്ള ബോധവത്കരണ ക്ലാസ്സ് നടത്തി. കോട്ടയം ഇന്റലിജൻസ് എസ്.ഐ. കണ്ണദാസൻ ക്ലാസ് നയിച്ചു. വാലാച്ചിറ സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് പാരീഷ് ഹാളിൽ വച്ചുനടത്തിയ പരിപാടി റവ. ഫാ. ജോസഫ് മൈക്കിൾ ഉദ്ഘാടനം ചെയ്തു. സൺഡേസ്കൂൾ അധ്യാപകർ, വിദ്യാർഥികൾ, വിവിധ സംഘടനാംഗങ്ങൾ, കൂടുംബക്കൂട്ടായ്മാഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

പാലാ ഫൊറോനയുടെ കീഴിലുള്ള പള്ളികളിലെ സ്വയംസഹായസംഘങ്ങൾ, കർഷകദളങ്ങൾ എന്നിവയുടെ സംയുക്തസഹകരണത്തോടെ സോണൽ വാർഷികവും ലഹരിവിരുദ്ധയജ്ഞവും സോൺ ഡയറക്ടർ ഫാ. ഐസക് പെരിങ്ങാമൂലയുടെ അധ്യക്ഷതയിൽ പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ റവ. ഫാ. തോമസ് കിഴക്കേൽ നിർവഹിച്ചു. പാലാ അസി. എക്സൈസ് ഇൻസ്പെകടർ ശ്രീ ജെക്സി ജോസഫ് ക്ലാസ്സ് നയിച്ചു. പാലാ മുനിസിപ്പാലിറ്റി ചെയർമാൻ ശ്രീ. തോമസ് പീറ്റർ പരിപാടിയിൽ സന്നിഹിതനായിരുന്നു.

**ചപ്പാത്തിനിർമാണയൂണിറ്റ്**

മൂഴൂർ ഐശ്വര്യ കർഷകദളത്തിന്റെ ഉടമസ്ഥതയിൽ പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് വനിതാ തൊഴിൽപദ്ധതിപ്രകാരം ചപ്പാത്തിനിർമാണ വിപണനകേന്ദ്രം ആരംഭിച്ചു. വിപണനകേന്ദ്രത്തിന്റെ ഉദ്ഘാടനം പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ അദ്ധ്യക്ഷതയിൽ പുതുപ്പള്ളി എം.എൽ.എ. ചാണ്ടി ഉമ്മൻ നിർവഹിച്ചു. പി.എസ്.ഡബ്ല്യു.എസ് ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ ആമുഖ പ്രസംഗം നടത്തി.

**സൺഡേ മാർക്കറ്റ്**

കടുത്തുരുത്തി ഫൊറോനയിലെ തുരുത്തിപ്പള്ളി സ്വാശ്രയസംഘം ആരംഭിച്ച സൺഡേ മാർക്കറ്റ് ഉദ്ഘാടനം പി.എസ്.ഡബ്ല്യു.എസ് ഡയറക്ടർ റവ. ഫാ. തോമസ് കിഴക്കേൽ നിർവഹിച്ചു. വികാരി റവ. ഫാ. അഗസ്റ്റ്യൻ പീടികമലയിൽ ആദ്യവില്പന നിർവഹിച്ചു.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)

# ഡി.സി.എം.എസ്.

**മധ്യവേനലവധിക്കാല ക്യാമ്പുകൾ**

DCMS പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ രൂപതയിലെ ദളിത് കത്തോലിക്കാ കുട്ടികൾക്കായി വിവിധ ക്യാമ്പുകൾ നടത്തുകയുണ്ടായി.

**യുവജനക്യാമ്പ് FLAMES 2K25**

രൂപതയിലെ യുവജനങ്ങൾക്കായി 2025 മെയ് 13 ബുധനാഴ്ച രാവിലെ 8.30 മുതൽ മെയ് 15 വെള്ളിയാഴ്ച വൈകുന്നേരം 4 മണി വരെ FLAMES 2k25 എന്ന പേരിൽ ക്യാമ്പ് നടത്തുകയുണ്ടായി. മെയ് 13 രാവിലെ ആരംഭിച്ച ക്യാമ്പ് രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, ഓർഗനൈസർ ശ്രീ ബേബി ആന്റണി, രൂപത സെക്രട്ടറി ബിന്ദു ആന്റണി എന്നിവർ പങ്കെടുത്തു.

DCMS സംഘടന എന്ന വിഷയത്തിൽ ബിനോയ് ജോൺ, കരിയർ ഗൈഡൻസ് & പേഴ്സണാലിറ്റി എന്ന വിഷയത്തിൽ ശ്രീ റോബിൻ സർ, ശ്രീ ജോസ് രാഗാദ്രി എന്നിവർ ക്ലാസുകളെടുത്തു.

**ജീവിതദർശനക്യാമ്പ്**

രൂപതയിലെ 5,6,7,8,9 ക്ലാസ്സുകളിൽ പഠിക്കുന്ന ദളിത് കത്തോലിക്കാ വിദ്യാർഥികൾക്കായി ജീവിതദർശനക്യാമ്പ് മുണ്ടുപാലം ബ്ലസ്സ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തി. വിവിധ ഇടവകകളിൽനിന്നായി 30 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. മെയ് 15-ാം തീയതി വൈകുന്നേരം ആരംഭിച്ച ക്യാമ്പ് രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ, ഓർഗനൈസർ ശ്രീ ബേബി ആന്റണി, രൂപത സെക്രട്ടറി ബിന്ദു ആന്റണി എന്നിവർ പങ്കെടുത്തു.

കുട്ടികൾക്കായി ശ്രീ ജോ ജോസഫ്, ശ്രീ അനന്ദു വിനോദ്, ഗ്രേസ് മരിയ മാത്യു, മിസ്സ് സാഗര, മിസ്സ് ജൂലിയ, ഫാ. ജോസ് വടക്കേക്കുറ്റ്, ശ്രീ ജോസ് രാഗാദ്രി എന്നിവർ ക്ലാസുകളെടുത്തു. ഏപ്രിൽ 22 ചൊവ്വാഴ്ച വൈകുന്നേരം തുടങ്ങിയ ക്യാമ്പ് 17-ാം തീയതി വൈകുന്നേരം 4 മണിക്ക് അവസാനിച്ചു.

**കരിയർ ഗൈഡൻസ് ക്യാമ്പ്**

രൂപതയിലെ 10, Plus One, Plus Two ക്ലാസ്സുകളിൽ പഠിക്കുന്ന ദളിത് കത്തോലിക്കാ വിദ്യാർഥികൾക്കായി കരിയർ ഗൈഡൻസ് ക്യാമ്പ് മുണ്ടുപാലം ബ്ലസ്സ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തി. വിവിധ ഇടവകകളിൽനിന്നായി 55 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. മെയ് 21-ാം തീയതി വൈകുന്നേരം ആരംഭിച്ച ക്യാമ്പ്. രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ഉദ്ഘാടനം ചെയ്തു. രൂപത സെക്രട്ടറി ബിന്ദു ആന്റണി പങ്കെടുത്തു.

കുട്ടികൾക്കായി ശ്രീ ജോ ജോസഫ്, ഗ്രേസ് മരിയ മാത്യു, മിസ്സ് സാഗര, ഡോ. സെബാസ്റ്റ്യൻ വേത്താനത്ത്, ഫാ. ജോസ് വടക്കേക്കുറ്റ്, ശ്രീ റോബിൻ എന്നിവർ ക്ലാസുകൾ നയിച്ചു. ചൊവ്വാഴ്ച വൈകുന്നേരം തുടങ്ങിയ ക്യാമ്പ് 23-ാം തീയതി വൈകുന്നേരം 4 മണിക്ക് അവസാനിച്ചു.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)
**ഫാ. മാണി കൊഴുപ്പൻകുറ്റി** (അസി. ഡയറക്ടർ)

# കെയർ ഹോംസ്

**1. പ്രിൻസിപ്പൽ മീറ്റിംഗ്**

സ്പെഷ്യൽ സ്കൂൾ പ്രിൻസിപ്പൽമാരുടെ മീറ്റിംഗ് നടത്തി.

**2. സ്പെഷ്യൽ സ്കൂൾ റ്റീച്ചേഴ്സ് ട്രെയിനിംഗ് മീറ്റ് നടത്തി.**

മാർ സ്ലീവാ മെഡിസിറ്റിയും പാലാ രൂപതാ കെയർ ഹോംസും സംയുക്തമായി നടത്തുന്ന സ്പെഷ്യൽ സ്കൂളുകൾക്കായുള്ള പ്രഥമഘട്ടം അധ്യാപകപരിശീലനം മാർ സ്ലീവാ മെഡിസിറ്റിയിൽ വച്ച് നടത്തപ്പെട്ടു. രൂപതയിലെ ഏഴ് സ്പെഷ്യൽ സ്കൂളുകളിൽനിന്നായി 64 അധ്യാപകർ ഈ പരിശീലനപരിപാടിയിൽ പങ്കെടുത്തു. മാർ സ്ലീവാ മെഡിസിറ്റി മാനേജിംഗ് ഡയറക്ടർ മോൺ ഫാ. ജോസഫ് കണിയോടിക്കൽ ഉദ്ഘാടനകർമ്മം നിർവഹിച്ചു. ഭിന്നശേഷി കുട്ടികളുടെ പുനരധിവാസം, ഭിന്നശേഷി കുട്ടികളുടെ വെല്ലുവിളികളും പ്രതിവിധികളും, വ്യക്തിപരമായ സുരക്ഷയും വിദ്യാഭ്യാസവും, ദൈനംദിനപ്രവർത്തനങ്ങളുടെ ഏകോപനം, പ്രത്യേക വിദ്യാഭ്യാസത്തിലെ നൂനതസാധ്യതകൾ തുടങ്ങിയ വിഷയങ്ങളെ ആധാരമാക്കി മാർ സ്ലീവാ മെഡിസിറ്റിയിലെ സീനിയർ സൈക്കോളജിസ്റ്റ് ഡോ. എയ്ഞ്ചൽ തോമസ്, ഫിസിക്കൽ മെഡിസിൻ ആൻഡ് റിഹാബിലിറ്റേഷൻ വിഭാഗം ഡോ. അനിറ്റ് കാതറിൻ ചാൾസ്, സീനിയർ കൺസൾട്ടന്റ് ഡോ. തോമസ് അബ്രാഹം, ഒക്യുപേഷൻ തെറാപ്പിസ്റ്റ് ജേക്കബ് ടോമി, റെമിഡിയൻ തെറാപ്പിസ്റ്റ് ലെയാമോൾ മാത്യു എന്നിവർ ക്ലാസ്സുകൾ നയിച്ചു. അസോസിയേഷൻ ഓഫ് കാത്തലിക് കെയർ ഹോംസ് ഡയറക്ടർ ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം, കെയർ ഹോംസ്

പ്രസിഡന്റ് സി. റീബാ വേത്താനത്ത് എഫ്.സി.സി, സെക്രട്ടറി സി. ജോയേൽ എസ്.ആർ.എ, ജെസ്‌ലിൻ ജോസഫ്, ഡോണാ മരിയ പോൾ, ഡെയ്‌സി ജിബു, പ്രോഗ്രാം കോഡിനേറ്റർ ആൽബിൻ ജോർജ് എന്നിവർ ഈ പരിപാടിക്ക് നേതൃത്വം നൽകി. സർട്ടിഫിക്കറ്റ് വിതരണം റവ. ഫാ. മാത്യു ചേന്നാട്ട് നിർവഹിച്ചു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**1. സംസ്ഥാനതല ലീഡേഴ്സ് ക്യാമ്പ്**

കെ.എൽ.എം. രൂപതാഭാരവാഹികൾക്കുവേണ്ടിയുള്ള സംസ്ഥാനതല ലീഡേഴ്സ് ക്യാമ്പ് മെയ് 10, 11 തീയതികളിൽ എറണാകുളം കച്ചേരിപ്പടിയിലെ ആശീർഭവനിൽ വച്ച് നടത്തപ്പെട്ടു.

**2. അസംഘടിതതൊഴിലാളിസംഗമം ജൂൺ – 29 ന്**

ജൂൺ 29 ന് പാലാ ളാലം പഴയപള്ളിയിൽ ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് നടത്തപ്പെടുന്നു. പാലാ രൂപതയിലെ അസംഘടിതതൊഴിലാളികളുടെ സംഗമത്തിനുള്ള പദ്ധതികൾ ചർച്ച ചെയ്തു.

**3. വിവിധ ക്ഷേമനിധികളിൽ അംഗത്വം തുടർന്നുകൊണ്ടിരിക്കുന്നു.**

1. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
2. അസംഘടിത തൊഴിലാളി ക്ഷേമനിധി
3. കർഷകത്തൊഴിലാളി ക്ഷേമനിധി
4. മോട്ടോർ തൊഴിലാളി ക്ഷേമനിധി
5. തയ്യൽത്തൊഴിലാളി ക്ഷേമനിധി

വിശദവിവരങ്ങൾക്ക് ഷലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം. ഓഫീസിലോ അഥവാ താഴെ കാണുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക. Mob: 8304981275 (O), 9400661492 (P)

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ്**

കെ.സി.ബി.സിയുടെ ആഭിമുഖ്യത്തിൽ രൂപതകളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തുന്ന ബൈബിൾ പഠനവേദിയായ ലോഗോസ് ക്വിസ് മത്സരത്തിന്റെ രജിസ്ട്രേഷൻ 2025 ജൂൺ ഒന്നിന് ആരംഭിക്കും. രജിസ്ട്രേഷൻ അവസാനിക്കുന്നത് ജൂലൈ 31. പരീക്ഷാത്തീയതി : 2025 സെപ്തംബർ 28 2.00 pm മുതൽ 3.30 pm വരെ.

**പഠനഭാഗം :**

ന്യായാധിപന്മാർ 11-21
പ്രഭാഷകൻ 41-50
ലൂക്കാ 17-24
എഫേസൂസ് 1-6

ഈ ബൈബിൾ പഠനവേദിയിലേക്ക് കൂടുതൽ ആളുകളെ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ.

**ലോഗോസ് പഠനസഹായി**

ദീർഘകാലം സംസ്ഥാനതല ലോഗോസ് ക്വിസ്മത്സരം നടത്തി പരിചയസമ്പന്നനായ ബഹു. സൈറസ് വേലംപറമ്പിലച്ചനും മുൻവർഷങ്ങളിലെ ലോഗോസ് പ്രതിഭകളും ചേർന്നു തയ്യാറാക്കിയ ലോഗോസ് പഠനസഹായിയുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**ബൈബിൾ കോഴ്സ് ആരംഭിക്കുന്നു**

ബൈബിൾ അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ അല്മായർക്കായി സംഘടിപ്പിക്കുന്ന ബൈബിൾ കോഴ്സിന്റെ പുതിയ ബാച്ച് 2025 ജൂലൈ 12 ന് ആരംഭിക്കുന്നു. രണ്ടാം ശനിയാഴ്ചകളിൽ അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് രാവിലെ 10.00 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെയാണ് ക്ലാസ്സുകൾ നടക്കുന്നത്. വി. പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളാണ് ഈ വർഷത്തെ പഠനവിഷയം. വിശദവിവരങ്ങൾക്ക് ഷലോമിലുള്ള ഓഫീസുമായി ബന്ധപ്പെടുക.

**ഫാ. തോമസ് പുതുപ്പറമ്പിൽ** (ഡയറക്ടർ)

---

# ഇവാഞ്ചലൈസേഷൻ

---

**1.** മെയ് 7 ന് കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ വെച്ചു നടന്ന ഇവാഞ്ചലൈസേഷൻ മീറ്റിംഗിൽ പാലാ രൂപതയിൽനിന്ന് ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ ഏഴ് അംഗങ്ങൾ പങ്കെടുത്തു. സീറോ മലബാർ സഭ ഇവാഞ്ചലൈസേഷൻ കമ്മീഷൻ ചെയർമാൻ മാർ പ്രിൻസ് പാണേങ്ങാടൻ പിതാവിന്റെ നേതൃത്വത്തിൽ കൂടിയ സമ്മേളനത്തിൽ സീറോ മലബാർ സഭയുടെ മിഷനറിസ്വഭാവത്തെക്കുറിച്ച് ചർച്ച ചെയ്യുകയും മിഷൻപ്രവർത്തനം കൂടുതൽ ഊർജസ്വലമാക്കാനുള്ള കർമ്മപദ്ധതികൾ ആസൂത്രണം ചെയുകയും ചെയ്തു.

2. ഇവാഞ്ചലൈസേഷൻ പാലാ രൂപതയുടെ ഹോസ്പിറ്റൽ മിനിസ്ട്രിയുടെ നേതൃത്വത്തിൽ മൂലമറ്റം ബിഷപ് വയലിൽ മെമ്മോറിയൽ ഹോസ്പിറ്റലിൽ രോഗികളെ സന്ദർശിച്ചു പ്രാർഥിക്കുകയും അവർക്കായി ക്ലാസുകളെടുക്കുകയും ചെയ്തു. ഡയറക്ടറച്ചനും ഹോസ്പിറ്റൽ മിനിസ്ട്രിയുടെ 14 അംഗങ്ങളും ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**ഫാ. ജോസഫ് അരിമറ്റത്ത്**
**ഫാ. തോമസ് പുതുപ്പറമ്പിൽ**
(ഡയറക്ടേഴ്സ്)

---

# കരിസ്മാറ്റിക് വാർത്തകൾ

---

**1.** പാലാ കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് എല്ലാം വെള്ളിയാഴ്ചകളിലും കരിസ്മാറ്റിക് കൂട്ടായ്മയുടെ നേതൃത്വത്തിൽ ബേത്സയ്ഥശുശ്രൂഷ നടത്തുന്നു. രാവിലെ 9 മണി മുതൽ 2 മണിവരെയും കരുണക്കൊന്ത, കുരിശിന്റെ വഴി, സ്തുതി

ആരാധന, വിശുദ്ധ കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യആരാധന എന്നീ ശുശ്രൂഷകൾ നടത്തപ്പെട്ടു. 2025 മെയ് മാസത്തിൽ ബ്രദർ ജോജി തോമസ് തടത്തിൽ, സിസ്റ്റർ ജെയ്സ് തെരേസ് CMC, ഫാ. ജെയിംസ് തെക്കുംചേരിക്കുന്നേൽ MCBS, ഫാ. മാത്യു തെന്നാട്ടിൽ എന്നിവർ ഓരോ ആഴ്ചയിലും വചനപ്രഘോഷണം നടത്തി.

**2. ജൂബിലേവൂസ് 2026**

കേരള കത്തോലിക്ക കരിസ്മാറ്റിക് നവീകരണ സുവർണ്ണജൂബിലി സഹസ്രദിന ഒരുക്കത്തിന്റെ ഭാഗമായി ചെയിൻ ഉപവാസ മധ്യസ്ഥപ്രാർഥനാദിനമായി പാലാ സോണിനു നല്കപ്പെട്ടിരിക്കുന്ന മെയ് 7 ന് ഇലഞ്ഞി വിശുദ്ധ പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ ദൈവാലയത്തിൽവച്ച് ഉപവാസമദ്ധ്യസ്ഥപ്രാർത്ഥന നടത്തുകയുണ്ടായി. റവ. ഫാ ജോസഫ് ഇടത്തുംപറമ്പിൽ (ഇലഞ്ഞി ഫൊറോനാ വികാരി) തിരിതെളിച്ച് ശുശ്രൂഷകൾ ഉദ്ഘാടനം ചെയ്തു. ഫാ. ജോസഫ് കാപ്പിൽ വിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. ശ്രീ ബാബു തൊമ്മനാമറ്റം ജൂബിലി സന്ദേശം നൽകി സോൺ, ഇലഞ്ഞി സബ് സോൺ സർവീസ് ടീം അംഗങ്ങൾ എന്നിവർ ശുശ്രുഷകൾക്കു നേതൃത്വം നൽകി.

**3.** പാലാ കരിസ്മാറ്റിക് സോൺ ക്രിസ്റ്റീൻ മിനിസ്ട്രി പാലാ സെന്റ് ജോർജ് പുത്തൻപള്ളിയിൽ വച്ച് എല്ലാം വെള്ളിയാഴ്ചകളിലും വൈകുന്നേരം 6.30 മുതൽ 8.30 വരെ ക്രിസ്റ്റീൻ ധ്യാനം നടത്തുകയുണ്ടായി.

**4.** മെയ് മാസത്തിലെ എല്ലാം വെള്ളിയാഴ്ചകളിലും രാത്രി 8.30 ന് ഓൺലൈനിൽ കുരിശിന്റെ വഴി നടത്തപ്പെട്ടു.

**5. രാത്രിയാരാധന**

വി. അൽഫോൻസാതീർത്ഥാടനദൈവാലയത്തിൽ വച്ച് മെയ് 31 ശനി രാത്രിയാരാധന നടത്തപ്പെട്ടു. ഫാ. ജോർജ് കാരാംവേലിൽ വചനപ്രഘോഷണവും ആരാധനയും നയിച്ചു. റവ. ഫാ. ജോസഫ് അരിമറ്റത്ത്, റവ.ഫാ. ആൽബിൻ പുതുപ്പറമ്പിൽ, സോണൽ സർവീസ് ടീം അംഗങ്ങൾ തുടങ്ങിയവർ ശുശ്രുഷകൾക്കു നേതൃത്വം നൽകി.

**6. കരിസ്മാറ്റിക് സംഗമം**

മെയ് 17 ശനി ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് കരിസ്മാറ്റിക് സംഗമം നടത്തപ്പെട്ടു. സോൺ, സബ് സോൺ, മിനിസ്ട്രികൾ എന്നിവർ ഒന്നിച്ചുകൂടി ഇതുവരെയുള്ള റിപ്പോർട്ട് അവതരിപ്പിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും പ്രാർത്ഥിക്കുകയും ചെയ്തു. ബിനു ജേക്കബ് വാഴേപ്പറമ്പിൽ (സോണൽ സെക്രട്ടറി) വചനസന്ദേശം നൽകി.

**7.** മെയ് മാസത്തിൽ കരിസ്മാറ്റിക് സോൺ, സബ് സോണിന്റെ നേതൃത്വത്തിൽ 5 ന് രാമപുരം സബ് സോണിൽ കുറിഞ്ഞി സെന്റ് സെബാസ്റ്റ്യൻ ദേവാലയത്തിലും 20 ന് പൂഞ്ഞാർ സെന്റ് മേരീസ് ഫൊറോനാ ദേവാലയത്തിലും 12 മണിക്കൂർ ദിവ്യകാരുണ്യ ആരാധന നടത്തപ്പെട്ടു.

**8.** പാലാ ചെത്തിമറ്റം ക്രിസ്തുജ്യോതി ധ്യാനകേന്ദ്രത്തിൽ വച്ച് മെയ് 17,18,19

തീയതികളിലായി സോൺ യൂത്ത് മിനിസ്ട്രിയുടെ (യൂത്ത് യുണൈറ്റഡ് ഫോർ ക്രൈസ്റ്റ് YU4C) നേതൃത്വത്തിൽ യുവജനധ്യാനം നടത്തപ്പെട്ടു.

**9.** മെയ് 21 ബുധൻ രാവിലെ കപ്പിൾസ് മിനിസ്ട്രിയുടെ സർവീസ് ടീം അംഗങ്ങളുടെ ഒരു മീറ്റിംഗ് ഷലോം പാസ്റ്ററൽ സെന്ററിൽ ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ കൂടി. കപ്പിൾസ് മിനിസ്ട്രിയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനപദ്ധതികൾ ആസൂത്രണം ചെയ്തു.

**10.** മെയ് 21 ബുധൻ ഉച്ചകഴിഞ്ഞ് 2 മുതൽ 4 വരെ ശാലോമിൽ വച്ച് KCSC പാലാ സോൺ പാരീഷ് മിനിസ്ട്രി സർവീസ് ടീം മീറ്റിംഗ് ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ കൂടി. സബ്സോൺ പാരീഷ് മിനിസ്ട്രി കോൺട്രാക്ട് മെമ്പേഴ്സ് പങ്കെടുത്തു. വരുന്ന 2 വർഷ കാലാവധിയിൽ പാരിഷ് മിനിസ്ട്രിയുടെ, LSS ന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി ആസുത്രണം ചെയ്യാനും പ്രവൃത്തിപഥത്തിൽ കൊണ്ടു വരാനും തീരുമാനമെടുത്തു.

**ഫാ. ജോസഫ് അരിമറ്റത്ത്** (ഡയറക്ടർ)
**ഫാ. തോമസ് പുതുപ്പറമ്പിൽ**

## മൗണ്ട് നെബോ ധ്യാനകേന്ദ്രം

**1. യുവജനങ്ങൾക്കായി ദൈവരാജ്യാനുഭവധ്യാനം**

മെയ് 1 മുതൽ 6 വരെ മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം നടത്തി.

**2. ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം**

രണ്ടാം ശനിയാഴ്ചകൾതോറും നടത്തപ്പെടുന്ന ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം - രാവിലെ 9 മണിക്ക് ആരംഭിച്ച്, വിശുദ്ധ കുർബാന, തിരുവചന പ്രഘോഷണം, ആരാധന, വിടുതൽ ശുശ്രൂഷ, അഭിഷേക-കൈവയ്പുശുശ്രൂഷകൾ എന്നിവയോടുകൂടി 3 മണിക്ക് പൂർത്തിയാകുന്ന ധ്യാനം - മെയ് 10 ന് മൗണ്ട് നെബോ ആബാഭവനത്തിൽവച്ചു നടത്തി.

**3. പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം**

മെയ് 11 മുതൽ 17 വരെ മൗണ്ട് നെബോ ആബാഭവനത്തിൽവച്ച് പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം നടത്തി.

**4. സിസ്റ്റേഴ്സിനായി ദൈവരാജ്യാഭിഷേകധ്യാനം**

മെയ് 25 മുതൽ 30 വരെ മൗണ്ട് നെബോ ആബാഭവനത്തിൽവച്ച് പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം നടത്തി.

**5. വൈദികർക്കായി ദൈവരാജ്യാഭിഷേകധ്യാനം: 2025 ജൂൺ 2 തിങ്കൾ, 5 pm – 7 ശനി, 9 am (or, 6 വെള്ളി, 9 pm).**

തിരുസ്സഭ, പ്രത്യേകിച്ച് തിരുസ്സഭയിലെ പൗരോഹിത്യശുശ്രൂഷ, വളരെ ബുദ്ധിമുട്ടേറിയ ഒരു ഘട്ടത്തിലൂടെ കടന്നുപോകുന്ന ഈ നാളുകളിൽ, നമ്മുടെ കർത്താവ് വിശുദ്ധ പത്രോസ് ശ്ലീഹാവഴി തിരുസ്സഭയെ ഭരമേല്പിച്ച ദൈവ രാജ്യശുശ്രൂഷയുടെ വലിയ ദൗത്യത്തെക്കുറിച്ച് ആഴമായ അവബോധമുൾക്കൊ

ള്ളാനും, പുതിയ ഉണർവ്വോടെയും കരുത്തോടെയും തിരുസ്സഭയിലെ പൗരോഹിത്യശുശ്രൂഷ നിർവ്വഹിക്കാൻ വൈദികരെ സഹായിക്കുകയും ചെയ്യുന്ന ധ്യാനമാണിത്. ധ്യാനത്തിൽ, കർദിനാൾ ജോർജ് ആലഞ്ചേരി, മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ആന്റണി വാലുങ്കൽ എന്നിവർ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകുന്നു. ബുക്കിംഗിന്: mountnebo.online

**6. മൗണ്ട് നെബോ ആബാഭവനത്തിൽ അടുത്ത മാസങ്ങളിലെ ശുശ്രൂഷകൾ താഴെപ്പറയുംവിധം ആയിരിക്കും:**

എല്ലാ രണ്ടാം ശനിയാഴ്ചയും 9 am – 3 pm:
ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം

2025 ജൂൺ 2 തിങ്കൾ 5 pm - 7 ശനി, 9 am:
വൈദികർക്കായി ദൈവരാജ്യാഭിഷേകധ്യാനം

2025 ജൂൺ 15 ഞായർ, 5 pm - 21 ശനി, 9 am:
പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

2025 ജൂലൈ 13 ഞായർ, 5 pm - 19 ശനി, 9 am:
പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

2025 ആഗസ്റ്റ് 10 ഞായർ, 5 pm - 16 ശനി, 9 am:
പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

ധ്യാനങ്ങൾക്ക് ബുക്കിംഗിന്: mountnebo.online
അന്വേഷണങ്ങൾക്ക്: 9847472522; 7306371028

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)
**ഫാ. മാത്യു കാടൻകാവിൽ** (അസി. ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. രൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്**

ദീപിക ഫ്രണ്ട്സ് ക്ലബ് രൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി.

**2. ദീപിക – നമ്മുടെ ഭാഷാപദ്ധതി**

സ്കൂൾ തലത്തിൽ ജൂൺ രണ്ടു മുതൽ ആരംഭിക്കേണ്ട ദീപിക – നമ്മുടെ ഭാഷാപദ്ധതിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് രൂപരേഖ തയ്യാറാക്കി.

**3. ദീപിക ഫ്രണ്ട്സ് ക്ലബ് സോണുകളും ഭാരവാഹികളും**

| | |
|---|---|
| പാലാ സോൺ | – ജോയി കുന്നപ്പള്ളി, മുത്തോലി |
| രാമപുരം സോൺ | – ജോർജ് ജോസഫ് മാറാമറ്റം, കടനാട് |
| അരുവിത്തുറ സോൺ | – ജോസ് കിഴവഞ്ചിയിൽ, അരുവിത്തുറ |
| കുറവിലങ്ങാട് സോൺ | – റോയി മലയിൽ, കോതനല്ലൂർ |
| മൂലമറ്റം സോൺ | – കുരുവിള ജോൺ, അറക്കുളം |

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ഇൻഫാം

**ഇൻഫാം പാലാ കാർഷികജില്ലാ എക്സിക്യൂട്ടീവ്**

ഇൻഫാം പാലാ കാർഷികജില്ലാ എക്സി. കമ്മറ്റിയുടെ ഒരു യോഗം 14-05-2025 ൽ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വെച്ച് നടത്തി. കാർഷിക ജില്ലാ പ്രസിഡന്റ് ഡോ. കെ. കെ. ജോസ് കരിപ്പാക്കുടിയിൽ അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. ജോസ് തറപ്പേൽ, ദേശീയ ഡയറക്ടർ ഫാ. ജോസഫ് ചെറുകരക്കുന്നേൽ വൈ. പ്രസിഡന്റ് ഉണ്ണിക്കുഞ്ഞ് ജോർജ് വെള്ളൂക്കുന്നേൽ, പി.സി. ജോസഫ് പന്തിരുപാറയിൽ, സെക്രട്ടറി തോമസ് മറ്റം, ട്രഷറർ ബെന്നി തുളുവനാനിക്കൽ ജോ. സെക്രട്ടറി ജസ്റ്റിൻ ഇടയോടിയിൽ എന്നിവർ പ്രസംഗിച്ചു.

ഇൻഫാമിന്റെ ആരംഭകാലംമുതൽ ലീഗൽ അഡ്വൈസറായിരുന്ന അഡ്വ. പി. എസ്. മൈക്കിൾ പുളിക്കലിന്റെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. ഇൻഫാമിന്റെ ചുമതലയുള്ള മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് യോഗത്തിൽ സന്നിഹിതനാകുകയും ഇൻഫാമിന്റെ ഭാവിപ്രവർത്തനങ്ങളെ സംബന്ധിച്ച് ബഹു. വേത്താനത്തച്ചനുമായി ചർച്ചകൾ നടത്തുകയും ചെയ്തു. ചിങ്ങം 1 നുമുമ്പായി പുതിയ 50 യൂണിറ്റുകൾ തുടങ്ങുന്നതിനും 2025 ലെ എസ്.എസ്. എൽ.സി, പ്ലസ്ടു പരീക്ഷകളിൽ ഉന്നതവിജയം നേടിയ ഇൻഫാം അംഗങ്ങളുടെ മക്കളെ ആദരിക്കുന്നതിനും തീരുമാനിച്ചു. ഇൻഫാമും പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുമായി സഹകരിച്ച് പ്രവർത്തിക്കുന്നതു സംബന്ധിച്ച് ചർച്ച ചെയ്തു. തരിശുഭൂമികൾ കണ്ടെത്തി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിൽരഹിതരായ യുവജനങ്ങളെ കാർഷികവൃത്തിയിലേക്ക് ആകർഷിക്കുന്നതിനും, കാർഷികമേഖല യന്ത്രവത്കരിച്ച് പുതിയ കൃഷിരീതികൾ അവലംബിക്കുന്നതിനും വനിതകളെ സംഘടിപ്പിച്ച് ഓരോ വീടിനും ഓരോ പച്ചക്കറിത്തോട്ടം എന്ന പദ്ധതി നടപ്പിലാക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുക്കുന്നതിനു തീരുമാനിച്ചു. ശ്രീ ജോജോ പ്ലാത്തോട്ടം, ശ്രീ സിബി തോമസ് കോയിപ്പള്ളി എന്നിവരെ എക്സി. കമ്മിറ്റിയിലെ പ്രത്യേക ക്ഷണിതാക്കളായി നിശ്ചയിച്ചു. ഇൻഫാമിന്റെ അംഗത്വഫീസ്, പുതിയ അംഗത്തിന് 100 രൂപ എന്നും പഴയ അംഗത്വം പുതുക്കുന്നതിന് 20 രൂപ എന്നും തീരുമാനിച്ചു. 16.05.2025-ൽ അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് പിതാവിനെ സന്ദർശിക്കുന്നതിനും തീരുമാനിച്ചു.

**അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് പിതാവിനെ സന്ദർശിച്ചു**

16.05.2025 വെള്ളിയാഴ്ച ഇൻഫാം പാലാ കാർഷികജില്ലാ ഭാരവാഹികൾ ബിഷപ്സ് ഹൗസിൽ അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് പിതാവിനെ സന്ദർശിച്ച് ഇൻഫാം പ്രവർത്തനങ്ങൾ വിശദീകരിക്കുകയും, ഇടവകകളിൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനും പി.എസ്.ഡബ്ല്യു.എസുമായി സഹകരിച്ചു പ്രവർത്തിക്കുന്നതിനും വേണ്ട നിർദേശങ്ങൾ അഭിവന്ദ്യ പിതാവ് നല്കണമെന്ന് അഭ്യർത്ഥിക്കുകയും ഇൻഫാമിന്റെ പ്രവർത്തനങ്ങൾക്ക് വേണ്ട എല്ലാ സഹായസഹകരണങ്ങളും പിതാവ് വാഗ്ദാനം ചെയ്തു. ഡയറക്ടർ ഫാ. ജോസ് തറപ്പേൽ, പ്രസിഡന്റ് ഡോ. കെ. കെ. ജോസ് കരിപ്പാക്കുഴിയിൽ സെക്രട്ടറി ശ്രീ തോമസ് മറ്റം, ട്രഷറർ ശ്രീ ബെന്നി തുളുവൻമാക്കൽ എന്നിവർ സംബന്ധിച്ചു.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)



# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

## MAY 2025

| | | |
|---|---|---|
| 1 | 10.30 am | മൂഴൂർ ഇടവകയിൽ PSWS ന്റെ നേതൃത്വത്തിൽ ആരംഭിച്ച ചപ്പാത്തി യൂണിറ്റിന്റെ വെഞ്ചരിപ്പുകർമ്മം നടത്തി. |
| | 12.00 pm | കീഴൂർ ഇടവകയിൽ മനസമ്മതം ആശീർവദിച്ചു. |
| 2 | 9.30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 11.00 am | പെരിയപ്പുറം ഇടവകയിൽ അഭിവന്ദ്യ മാർ ജേക്കബ് അങ്ങാടിയാത്ത് പിതാവിന്റെ സഹോദരന്റെ മൃതസംസ്കാര കർമ്മത്തിൽ ദേവാലയത്തിലെ കർമ്മങ്ങളിൽ പങ്കെടുത്തു. |
| 3 | 11.30 am | കളത്തൂക്കടവ് ഇടവകയിൽ പ്രാരംഭകൂദാശകൾ പരികർമ്മം ചെയ്തു. |
| | 5.30 pm | ളാലം പഴയപള്ളി ഇടവകയിൽ മനസമ്മതം ആശീർവദിച്ചു. |
| 4 | 2.30 pm | കൊഴുവനാൽ പാരിഷ്ഹാളിൽ നടന്ന AKCC യുടെ 107-ാമത് സ്ഥാപകവാർഷികം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. |
| 5 | 9.30 am | അടുക്കം ഇടവകയിൽ ഡീക്കൻ മാത്യു പൊട്ടനാനിക്ക് പൗരോഹിത്യപട്ടം നൽകി. |
| | 3.00 pm | കൊഴുവനാൽ ഇടവകയിൽ അന്നമ്മ പീടികയുടെ മൃത സംസ്കാരകർമത്തിൽ ദേവാലയത്തിലെ കർമ്മങ്ങൾ നടത്തി. |
| 6 | 9.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 11.30 am | മിഷനറി മഹാസംഗമത്തിന്റെ ഭാഗമായി നടന്ന പ്രെസ്സ് മീറ്റിൽ പങ്കെടുത്തു. |
| | 2.15 pm | പാദുവാ ഇടവകയിൽ ജോർജ് പള്ളിപ്പുറത്തിന് ഡീക്കൻ പട്ടം നല്കി |
| 7 | 10.00 am | ളാലം ക്ലാരിസ്റ്റ് പെർപ്പെച്ച്യാൽ അഡോറേഷൻ (മിണ്ടാമഠം) മുൻ മദർ സുപ്പീരിയറിന്റെ ഗോൾഡൻ ജൂബിലിയിൽ പങ്കെടുത്തു. |
| | 6.30 pm | മേജർ സെമിനാരി ഗ്യാതറിങ് (ഗുഡ് ഷെപ്പേർഡ് ഡേ) പങ്കെടുത്തു സന്ദേശം നൽകി. |
| 8 | 9.30 am | കത്തീഡ്രൽ പള്ളിയിൽ CMC സന്ന്യാസിനീസഭാംഗങ്ങളുടെ സഭാവസ്ത്രസ്വീകരണത്തിനു കാർമികത്വം വഹിച്ചു. |

| | | |
|---|---|---|
| | 3.30 pm | മുണ്ടാങ്കൽ ഇടവകയിൽ ഹോം പാലാ പ്രൊജക്റ്റിന്റെ ഭാഗമായി പണിത ഭവനത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. |
| 9 | 6.30 am | കയ്യൂർ ഇടവകയിൽ വി. കുർബാനയർപ്പിച്ചു ഒപ്പീസ് പ്രാർത്ഥന നടത്തി. |
| 10 | 8.45 am | പ്രവിത്താനം ഇടവകയിൽ നടന്ന മിഷൻസംഗമത്തിൽ വി. കുർബാന അർപ്പിച്ചു, സംഗമത്തിൽ അധ്യക്ഷനായി. |
| 11 | 10.30 am | പാദുവ ഇടവകയിൽ T.V. കുര്യാക്കോസ് താന്നിക്കലിന്റെ മൃതദേഹത്തിനു സമീപം ഒപ്പീസ് ചൊല്ലി. |
| | 11.30 am | പാലാ കത്തീഡ്രൽ ഇടവകയിൽ കുടക്കച്ചിറ കുടുംബയോഗം ഉദ്ഘാടനം നടത്തി. |
| | 3.00 pm | നീലൂർ ഇടവക ശതാബ്ദിസമാപനത്തിൽ വി. കുർബാന അർപ്പിച്ചു, യോഗത്തിൽ അദ്ധ്യക്ഷപദവി അലങ്കരിച്ചു. |
| | 6.30pm | ഇളംതോട്ടം ഇടവകയിൽ ഇടവകദിനത്തിൽ സംബന്ധിച്ചു. |
| 12 | 10.00 am | പാലാ SMS ജനറലേറ്റ് ഹൗസിൽ പ്രഥമവ്രതവാഗ്ദാനവും, നിത്യവ്രതവും നടത്തി. |
| 13 | 9:00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 12.15 pm | അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന വൈദികരുടെ on going formation പ്രോഗ്രാമിൽ സന്ദേശം നൽകി. |
| 14 | 5.00 pm | പൈക ഇടവകയിൽ എൽ.പി. സ്കൂളിന്റെ കല്ലിടീൽ കർമ്മം നിർവഹിച്ചു. |
| 15 | 10.00 am | മേലുകാവുമറ്റം ഇടവകയിൽ ഹോം പാലാ പ്രൊജക്റ്റിന്റെ ഭാഗമയി നിർമിച്ച ഭവനത്തിന്റെ വെഞ്ചിരിപ്പുകർമ്മം നിർവഹിച്ചു, 10 വീട് പണിയാനുള്ള സ്ഥലത്തിന്റെ വിതരണം നടത്തി. |
| 16 | 9.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 3.00 pm | അൽഫോൻസിൽ പാസ്റ്ററൽ ഇൻസ്റ്റ്യൂട്ടിൽ നടന്ന അസംപ്ഷൻ സിസ്റ്റേഴ്സിന്റെ ചാപ്റ്ററിൽ മുഖ്യപ്രഭാഷണം നടത്തി. |
| 17 | 10.00 am | ഇലഞ്ഞി ഇടവകയിൽ പാസ്റ്ററർ കൗൺസിൽ ചെയർമാൻ കെ. കെ. ജോസ് സാറിന്റെ അമ്മയുടെ മൃതസംസ്കാരകർമ്മത്തിൽ വീട്ടിലെ കർമ്മങ്ങൾ നടത്തി. |
| | 5.00 pm | തുടങ്ങനാട് ഫൊറോന പള്ളിയിൽ ഇടയനടുത്ത സന്ദർശനത്തിന്റെ ഭാഗമായുള്ള പ്രതിനിധിയോഗത്തിലും ജപമാല പ്രാർത്ഥനയിലും സംബന്ധിച്ചു. |

| | | |
|---|---|---|
| 18 | 8.00 am | തുടങ്ങനാട് ഫൊറോന പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്താനായി എത്തിച്ചേർന്നു. ഇടവകാംഗങ്ങളോടൊത്ത് വിശുദ്ധ കുർബാനയർപ്പിച്ചു വചനസന്ദേശം നൽകി. സെമിത്തേരി സന്ദർശനം നടത്തി. തുടർന്നു നടന്ന പൊതുയോഗത്തിലും സംബന്ധിച്ചു. |
| | 3.00 pm | പാലാ കത്തീഡ്രൽ ഇടവക കൂന്തറയിൽ അന്നക്കുട്ടിയുടെ മൃതസംസ്കാരകർമ്മത്തിന്റെ വീട്ടിലെ കർമ്മങ്ങൾക്കു കാർമികത്വം വഹിച്ചു. |
| 19 | 4.00 pm | ചീങ്കല്ലേൽ റോസ്ഭവൻ നവീകരിച്ച മഠം ചാപ്പൽ വെഞ്ചരിച്ചു. |
| 20 | 9.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു |
| 22 | 10.30 pm | SJCET ഗവേണിംഗ് ബോഡി മീറ്റിങ്ങിൽ സംബന്ധിച്ചു. |
| 23 | 9.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 12.00 | എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ ധന്യൻ കദളികാട്ടിൽ മത്തായി അച്ചന്റെ ചരമവാർഷികദിനത്തിൽ ശ്രാദ്ധം വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. |
| 24 | 10.30 am | കൊഴുവനാൽ ഇടവകയിൽ മനസമ്മതം ആശീർവദിച്ചു. |
| | 12.30 pm | ചൂണ്ടച്ചേരി എൻജിനീയറിങ് കോളേജിൽ നടന്ന ഉഹ്ദാന ക്വിസ് മത്സരത്തിന്റെ വിജയികൾക്ക് സമ്മാനങ്ങൾ നൽകി. |
| 25 | 2.00 pm | കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ നടന്ന രൂപതാ സൺഡേ സ്കൂൾ അധ്യാപകർക്കായി നിഖ്യാ സൂനഹദോസിന്റെ 1700 വാർഷിക സിമ്പോസിയം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. |
| 26 | 6.30 am | രൂപത മൈനർ സെമിനാരിയുടെ പുതിയ അധ്യാനവർഷ ആരംഭത്തിൽ വിശുദ്ധ കുർബാനയർപ്പിച്ച്, സന്ദേശം നൽകി. |
| | 11.00 am | അന്തിനാട് ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 12.00 pm | അരുണാപുരം ഇടവകയിൽ മനസ്സമ്മതം ആശീർവദിച്ചു. |
| 27 | 9.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 4.00 pm | കുറവലങ്ങാട് നിധിയിരിക്കൽ മാണികത്തനാർ ജയന്തി ആഘോഷത്തിന്റെ ഭാഗമായുള്ള നസ്രാണി സമുദായ ഐക്യ സമ്മേളനത്തിൽ സംബന്ധിച്ചു. |
| 29 | 10.00 am | ഭരണങ്ങാനം ഇടവക മൂത്തേടത്ത് ആലാനിക്കൽ തോമാച്ചന്റെ മൃതദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 31 | 6.00 pm | പാലാ കുരിശുപള്ളിയിൽ പുറത്തുനമസ്കാരം നടത്തി. |



പ്ലസ്ടു പരീക്ഷയിൽ 1200/1200 മാർക്ക് നേടിയ അനഘ രാജീവിനെ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് മെമന്റോ നൽകി ആദരിക്കുന്നു.



'വചനം ആഴത്തിൽ കുടുംബങ്ങളിലേക്ക് എങ്ങനെ എത്തിക്കാം' എന്നുള്ള ചർച്ചയിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനൊപ്പം രൂപതയിലെ വിവിധ സംഘടനാഭാരവാഹികൾ



നിധീരിക്കൽ മാണിക്കത്തനാർ ജയന്തി ആഘോഷങ്ങളോട് അനുബന്ധിച്ചു നടന്ന നസ്രാണിസമുദായ ഐക്യസമ്മേളനത്തിൽ സന്ദേശം നൽകുന്ന അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്

# ഹോം പാലാ വീടുവെഞ്ചരിപ്പുകൾ ഏപ്രിൽ – മെയ്



സേവ്യർപുരം



സേവ്യർപുരം



സേവ്യർപുരം



മുണ്ടാങ്കൽ














ശതാബ്ദിയോടനുബന്ധിച്ച് മേലുകാവുമറ്റം ഇടവകയിൽ പുതുതായി നിർമ്മിച്ച ഭവനത്തിന്റെ വെഞ്ചരിപ്പുകർമ്മവും പതിനൊന്ന് വീടുകൾ നിർമ്മിക്കാനുള്ള ഭൂമി ദാനവും അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിച്ചു.

# ആദരാഞ്ജലികൾ



**സി.ജനവീവ് കുന്നേമുറിയിൽ SH**

ഇടവക : മൂലമറ്റം
ജനനം : 29.09.1937
നിത്യവ്രതവാഗ്ദാനം : 21.05.1964
മരണം : 20.05.2025
മൃതസംസ്കാരം : മൂലമറ്റം

***സേവനമണ്ഡലങ്ങൾ:***

ജർമ്മനി, വയലാ, കുളമാവ്, രാമപുരം, ചക്കാമ്പുഴ, മേലുകാവുമറ്റം, വിളക്കുംമരുത്



**സി. ഫ്രാൻസീസ് പാവുള കുറുന്താനം SH**

ഇടവക : രാമപുരം
ജനനം : 22.10.1935
നിത്യവ്രതവാഗ്ദാനം : 21.05.1964
മരണം : 19.05.2025
മൃതസംസ്കാരം : മേലുകാവുമറ്റം

***സേവനമണ്ഡലങ്ങൾ:***

രാമപുരം, വെള്ളിയാമറ്റം, മൂലമറ്റം, പറത്താനം, പൂവത്തോട്, തുരുത്തിപ്പള്ളി, മേലുകാവുമറ്റം



**സി.മേരിഗ്രേയ്സ് ശേഖരത്തിൽ CMC**

ഇടവക : പൂവക്കുളം
ജനനം : 07.03.1952
നിത്യവ്രതവാഗ്ദാനം : 26.05.1975
മരണം : 13.05.2025
മൃതസംസ്കാരം : ജിയോവാലി

***സേവനമണ്ഡലങ്ങൾ:***

ഉജ്ജെയൻ, കരൂർ, ചേർപ്പുങ്കൽ, മൂന്നാനി, രാമപുരം, മുട്ടുചിറ, പച്ചിമാരി, താബോർ



**സി. ലൂയി മരിയ**
**അഞ്ചാനിക്കൽ CMC**

| | | |
|---|---|---|
| ഇടവക | : | മൂലമറ്റം |
| ജനനം | : | 10.10.1940 |
| നിത്യവ്രതവാഗ്ദാനം | : | 31.05.1963 |
| മരണം | : | 21.05.2025 |
| മൃതസംസ്കാരം | : | തുടങ്ങനാട് |

***സേവനമണ്ഡലങ്ങൾ:***
തുടങ്ങനാട്, കാർമ്മൽ ഹോസ്റ്റൽ, പിഴക്, മുത്തോലി, വെള്ളികുളം, പ്രൊവിൻഷ്യൽ ഹൗസ്



**സി. ആനി ജോസഫ് മേൽവെട്ടം SABS**

| | | |
|---|---|---|
| ഇടവക | : | മരങ്ങാട്ടുപള്ളി |
| ജനനം | : | 20.03.1937 |
| നിത്യവ്രതവാഗ്ദാനം | : | 22.05.1961 |
| മരണം | : | 16.05.2025 |
| മൃതസംസ്കാരം | : | കാഞ്ഞിരമറ്റം |

***സേവനമണ്ഡലങ്ങൾ:***
വടകര, കടുത്തുരുത്തി, നെല്ലിയാനി, കുറുമണ്ണ്, കുന്നോന്നി, പൈക, മുട്ടുചിറ, കാക്കൊമ്പ്, കാഞ്ഞിരമറ്റം



**സി. ഡൊമിറ്റില്ല**
**അഞ്ചുകണ്ടത്തിൽ SABS**

| | | |
|---|---|---|
| ഇടവക | : | മേലുകാവുമറ്റം |
| ജനനം | : | 10.03.1939 |
| നിത്യവ്രതവാഗ്ദാനം | : | 08.05.1963 |
| മരണം | : | 28.05.2025 |
| മൃതസംസ്കാരം | : | കടനാട് |

***സേവനമണ്ഡലങ്ങൾ:***
കടനാട്, ബത്തേരി, മണിക്കടവ്, ചിറ്റാരിക്കൽ, മാനന്തവാടി, വടകര, കുന്നോന്നി, കാക്കൂർ, നെല്ലിയാനി, ഉള്ളനാട്, പൈക, മുട്ടുചിറ, കൂടല്ലൂർ, കടുത്തുരുത്തി

# ഇടയനടുത്ത സന്ദർശനം

## തുടങ്ങനാട് ഫൊറോന



2025
JUNE

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN

പ്ലാറ്റിനം ജൂബിലി നിറവിൽ

PLATINUM JUBILEE
EPARCHY OF PALAI
1950 - 2025

പാലാ രൂപത

Printed at St.Thomas Press, Palai and Published by Fr. Sebastian Pendanam